**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച**

<u>ധനപ്രതിസന്ധി</u>

<u>ഡോ. മാത്യു കുഴൽനാടൻ:</u> സർ, നടപടികൾ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ:</u> ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടന് പതിനഞ്ച് മിനിട്ട് സംസാരിക്കാവുന്നതാണ്. ഇന്നത്തെ കാര്യവിവരപട്ടികയിൽ മൂന്ന് ബില്ലുകളുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറുമായി സഹകരിച്ച്, സമയകൃത്യത പാലിക്കണമെന്ന് അഭ്യർഥിക്കുന്നു.

<u>ഡോ. മാത്യു കുഴൽനാടൻ:</u> സർ, സംസ്ഥാനം കടുത്ത ധനപ്രതിസന്ധി നേരിടുന്ന പശ്ചാത്തലത്തിലാണ് ഇന്ന് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ഞങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. ധനപ്രതിസന്ധിമൂലം അഞ്ച് ലക്ഷം രൂപയിൽ കൂടുതലുള്ള ബില്ലുകളിൽ ട്രഷറി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുകയാണ്. ക്ഷേമപ്രവർത്തനങ്ങളും പദ്ധതി പ്രവർത്തനങ്ങളും പ്രതിസന്ധിയിലാണ്. ഭരണാനുമതി നൽകിയ പദ്ധതി പ്രവർത്തനങ്ങൾക്കു പോലും 50 ശതമാനം വെട്ടിക്കുറവാണ് സംസ്ഥാന സർക്കാർ വരുത്തിയിരിക്കുന്നത്.

ഇതുകൂടാതെ ഓരോ വകുപ്പിനോടും തങ്ങളുടേതായ മാർഗ്ഗത്തിൽ നികുതിയേതര വരുമാനം ഉയർത്താൻ നിർദേശം നൽകിയിരിക്കുന്നു. വിവിധ വകുപ്പുകൾ ഇതിനോടകം നിരക്കുകളിൽ വർധന വരുത്തിയിട്ടുണ്ട്. ഐ.ജി.എസ്.ടി. പിരിച്ചെടുക്കുന്നതിലെ പരാജയവും സ്വർണ്ണം, ബാർ എന്നിവിടങ്ങളിൽ നിന്നുള്ള നികുതി ചോർച്ചയും ധനപ്രതിസന്ധിക്ക് ആക്കം കൂട്ടിയിട്ടുണ്ട്. സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ പരാജയംമൂലം ഉണ്ടായിരിക്കുന്ന ഈ ധനകാര്യ പ്രതിസന്ധി കാരണം ട്രഷറി നിയന്ത്രണം ഏർപ്പെടുത്തുകയും പദ്ധതി പ്രവർത്തനമടക്കം പ്രതിസന്ധിയിലായ ഗുരുതര സാഹചര്യത്തിന്റെ പശ്ചാത്തലത്തിലാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നത്.

ഞാൻ ഇവിടെ നേരത്തെ സൂചിപ്പിച്ചത്, കേവലം പറഞ്ഞു പോയതല്ല, ധനകാര്യ വകുപ്പ് 31-08-2024-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ".......(i) 2024-25 സാമ്പത്തിക വർഷം 10 കോടി രൂപയ്ക്ക് മേൽ അടങ്കലുള്ള തുടർ പ്രോജക്ടുകൾ/ പദ്ധതികൾ ഉൾപ്പെടെ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് ചീഫ് സെക്രട്ടറി, ധനകാര്യ സെക്രട്ടറി, ആസൂത്രണ വകുപ്പ് സെക്രട്ടറിമാർ, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി എന്നിവരുടെ സമിതി

പരിശോധിച്ച് പദ്ധതി മാറ്റിവയ്ക്കുകയോ അനിവാര്യത കണക്കിലെടുത്ത് വകുപ്പിന് ഭരണാനുമതി നൽകി ആകെ തുകയുടെ 50 ശതമാനമായി നിജപ്പെടുത്തുകയോ ചെയ്യേണ്ടതാണ്." എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. സമാനമായ രീതിയിൽ 10 കോടി രൂപയ്ക്ക് താഴെയുള്ളതിനും ശിപാർശ നൽകിയിട്ടുണ്ട്. ഇതുകൂടാതെ ഓരോ വകുപ്പുകൾക്കും അനുവദിച്ച് കൊടുത്തിരുന്ന പദ്ധതികളിൽ കാര്യമായ നിരവധി പദ്ധതികൾ മരവിപ്പിച്ച്...... ഇന്ന് ഒരു പക്ഷേ സംസ്ഥാന ഭരണം വികസനം എന്നുപറയുന്ന നിങ്ങൾ എപ്പോഴും അവകാശപ്പെടുന്ന വളരെ വേഗത്തിൽ വികസനം നടക്കുന്നുവെന്ന് പറയുന്ന പദ്ധതികൾ എല്ലാം മരവിപ്പിച്ച് മുന്നോട്ട് പോകുന്ന സ്ഥിതിയാണ്. ഇതുകൂടാതെ 18-09-2024-ൽ ട്രഷറി റഗുലേഷൻസ് 2024-25 എന്ന സബ്ജക്ടിൽ ഒരു ഉത്തരവ് കൂടി ഇറക്കിയിട്ടുണ്ട്. അതിൽ " Please refer to the subject captioned above. ..., The government has decided to modify extent regulations on Treasury payments to the following extent with immediate effect. The existing ways and means limit of 25 lakh is reduced to 5 lakh, including LSGI payments. BDS limit, including

LSGI contractors and suppliers, payments is also reduced to 5 lakhs.” എന്നാണ് പറഞ്ഞിരിക്കുന്നത്. അതായത്, 25 ലക്ഷം രൂപ വരെയുള്ള ട്രഷറി ബില്ലുകൾ മാറുന്നതിന് ഉണ്ടായിരുന്ന നിയന്ത്രണം അഞ്ച് ലക്ഷം രൂപയിലേയ്ക്ക് കുറച്ചതുകാരണം സംസ്ഥാനത്ത് വികസന പ്രക്രിയയിൽ ധനപരമായിട്ടുള്ള വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. എങ്ങനെയാണ് നാം ഇതിലേയ്ക്ക് എത്തിച്ചേർന്നത്? കേരളത്തിന്റെ കഴിഞ്ഞ കാലങ്ങളിലെ ധനകാര്യ മാനേജ്മെന്റിന്റെയും സാമ്പത്തിക നയരൂപീകരണത്തിന്റെയും പരാജയത്തിന്റെ ഭാഗമായിട്ടാണ് നാം ഇതിലേയ്ക്ക് എത്തിപ്പെട്ടത്. ഇതിന്റെ ഭാഗമായി എല്ലാ മേഖലകളിലും മന്ദീഭവിക്കുകയും മരവിപ്പ് നേരിടുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമാണ് ഇന്ന് കേരളത്തിലുണ്ടായിട്ടുള്ളത്. കാർഷിക, വ്യവസായ, വിദ്യാഭ്യാസ, ആരോഗ്യ മേഖലകളുൾപ്പെടെ ഏത് മേഖല പരിശോധിച്ചാലും അവിടെയെല്ലാം അതിന്റെ പ്രയാസം അനുഭവിക്കേണ്ടി വരുന്നത് സാധാരണ ജനങ്ങളാണ്, പാവപ്പെട്ടവരാണ്. യഥാർത്ഥത്തിൽ ഇന്ന് കേരള സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ കിട്ടാത്തവർ, ക്ഷേമനിധി ബോർഡുകളിൽ അംഗത്വമുണ്ടായിട്ടും ക്ഷേമ പെൻഷൻ ലഭിക്കാത്തവർ, ആരോഗ്യ മേഖലയിൽ

സർക്കാരിന്റെ സഹായങ്ങളെ ആശ്രയിക്കുന്നവർ എന്നിങ്ങനെ എല്ലാ നിലയിലും സാധാരണക്കാർ കഷ്ടപ്പെടുന്ന ഒരു പശ്ചാത്തലത്തിലാണ് ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളത്. ഇത് കേരളത്തിന്റെ സാമ്പത്തിക നയരൂപീകരണത്തിലും ധനകാര്യ മാനേജ്മെന്റിലുമുണ്ടായ പരാജയമാണ് എന്ന് പറയാൻ കാരണം; 1991-ൽ രാജ്യത്ത് നടപ്പാക്കിയ പുതിയ സാമ്പത്തിക നയങ്ങളുടെ ഏറ്റവും വലിയ നേട്ടം യഥാർഥത്തിൽ ലഭിച്ചത് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കായിരുന്നു. ആ നയങ്ങൾ നടപ്പാക്കിയപ്പോൾ കോൺഗ്രസ്സിനെ നിങ്ങൾ എല്ലാവരും ചേർന്ന് അതിരൂക്ഷമായി വിമർശിച്ചിരുന്നു. കോൺഗ്രസ്സിന്റെ നയങ്ങൾ തെറ്റാണെന്നും ഉദാരവൽക്കരണം, ആഗോളവൽക്കരണം, സ്വകാര്യവൽക്കരണ നയങ്ങൾ ഈ രാജ്യത്തെ തകർക്കുമെന്നെല്ലാം പറഞ്ഞിരുന്നു. ഈ സഭയിൽ കഴിഞ്ഞ ദിവസം രത്തൻ ടാറ്റയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് പ്രത്യേകമായി ചരമോപചാരം ബഹുമാനപ്പെട്ട സ്പീക്കർ വായിച്ചിരുന്നു. ഇന്ത്യയിലെ വ്യവസായ ലോകത്തെ മാറ്റിമറിച്ച വിപ്ലവകാരിയായിരുന്നു അദ്ദേഹമെന്ന രീതിയിൽ രത്തൻ ടാറ്റയെ ബഹുമാനപ്പെട്ട ചെയർ

അനുസ്മരിച്ചിരുന്നു. 1996 ഓഗസ്റ്റ് 27-ന് മുൻപ്രധാനമന്ത്രി പി. വി. നരസിംഹ റാവുവിന് രത്തൻ ടാറ്റ സ്വന്തം കൈപ്പടയിൽ എഴുതിയ ഒരു കത്താണ് എന്റെ കൈയിലുള്ളത്.

" Dear Mr. Narasimha Rao,

" As I read the recent spate of unkind references to you, I felt compelled to write you to tell you that while others memories may be short, I will always recognize and respect your outstanding achievement in heralding much needed economic reforms in India."

ഞാൻ കൂടുതൽ ഡീറ്റെയിലായി പോകുന്നില്ല. അതിനകത്ത് ഒരു വരി ഞാൻ വായിക്കാനാഗ്രഹിക്കുകയാണ് " Every Indian should owe you a debt of gratitude for the courageous and far sighted opening up of India. I feel personally that your achievements are momentous and outstanding and they should never be forgotten." അതായത്, കോൺഗ്രസ്സ് നടപ്പാക്കിയ നയങ്ങളിൽ ഈ രാജ്യത്ത് എല്ലാ പൗരന്മാരും അങ്ങയോട് കടപ്പെട്ടിരിക്കുന്നുവെന്നും അങ്ങയുടെ ധീരമായ നടപടികൾ ഈ രാജ്യത്തിന്റെ

മുഖച്ഛായ മാറ്റാൻ പോകുന്നുവെന്നും അത് ചരിത്രത്തിൽ ഒരിക്കലും ആർക്കും മായ്ക്കാൻ കഴിയില്ലെന്നും പറഞ്ഞത് രത്തൻ ടാറ്റയാണ്. ആ നയങ്ങളുടെ ഭാഗമായി ഇക്കഴിഞ്ഞ കാലങ്ങളിൽ പൊതുവിലയിരുത്തൽ നടത്തിയപ്പോൾ ഏറ്റവും കൂടുതൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞത് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കാണെന്ന് വ്യക്തമാകും. ആ സമയത്ത് ഇൻഫ്രാസ്ട്രക്ച്ചറിലാണെങ്കിലും മറ്റു മേഖലകളിലാണെങ്കിലും രാജ്യത്ത് മുന്നിൽനിന്നിരുന്നത് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായിരുന്നു. ആ സംസ്ഥാനങ്ങളിൽ തന്നെ ഇന്നും നിങ്ങൾ എപ്പോഴും ആവർത്തിച്ച് ആവർത്തിച്ച് പറയുന്ന നമ്പർ വൺ പൊസിഷൻ ഉണ്ടായിരുന്നത് കേരളത്തിനായിരുന്നു. അത് വിദ്യാഭ്യാസത്തിലാണെങ്കിലും ഇൻഫ്രാസ്ട്രക്ച്ചറിലാണെങ്കിലും മാനവവിഭവ ശേഷിയിലാണെങ്കിലും എല്ലാ നിലയിലും ഞാൻ നേരത്തെ വായിച്ച എക്കണോമിക് പോളിസിയുടെ ഏറ്റവും വലിയ ഗുണഭോക്താവും ഏറ്റവും വലിയ വളർച്ചയ്ക്ക് സാധ്യതയുണ്ടായിരുന്നതും കേരളത്തിലായിരുന്നു. പക്ഷേ അടുത്തകാലത്ത് ആർ.ബി.ഐ.-യുടെ ഒരു പഠനം വന്നു. അതിനകത്തുള്ള ഒരു വരി ഞാൻ വായിക്കാനാഗ്രഹിക്കുകയാണ്

"Kerala is the lone Southern State with a 'losing share' in India's GDP. Others like Karnataka and Telangana have emerged economic powerhouses following economic liberalisation. Kerala's GDP share rose from 3.4% in 1960-61 to a peak of 4.1% in 2000-01, but has since drifted down to 3.8% in 2023-24. " അതായത്, കേരളം രാജ്യത്തിന് നൽകിയിരുന്ന ജി.ഡി.പി.-യിലെ മൊത്തം ഷെയർ 1960 മുതൽ 1961 വരെ 3.4-ൽ നിന്ന് 4.1 വരെ പരമാവധിയായി 2000 ലും 2001 കാലഘട്ടത്തിലും ഉണ്ടായിരുന്നു. അതിനുശേഷം നമ്മുടെ ജി.ഡി.പി.-യുടെ ഷെയർ കുറഞ്ഞ് കുറഞ്ഞുവരികയാണ്. അത് കാണിക്കുന്നത് നമ്മുടെ എക്കണോമിക് ആക്റ്റിവിറ്റിയും എക്കണോമിക് ജനറേഷനും ജി.ഡി.പി.-യുടെ വളർച്ചയും വളരെ താഴെയാണെന്നാണ്. നമ്മുടെ അയൽസംസ്ഥാനമായ കർണാടകയെ പരിശോധിക്കാം, Karnataka' s share in India' s GDP was 5.4% in 1960-61, and it remained almost the same until 1990-91. Post liberalisation, the State saw rapid growth, with its GDP share rising to 6.2% by 2000-01 and reaching 8.2% by 2023-24. അതാണ് ഞാൻ

ഇവിടെ നേരത്തെ സൂചിപ്പിക്കാൻ ശ്രമിച്ചത്. അതായത്, കർണാടക അത്രയും വലിയ സംസ്ഥാനമാണെങ്കിൽക്കൂടിയും 1960-61-ൽ രാജ്യത്തിന്റെ മൊത്തം ജി.ഡി.പി.-യുടെ 5.4 ശതമാനം ഷെയർ ആയിരുന്നു ഉണ്ടായിരുന്നത്. അത് ഏകദേശം 1991 വരെ അതേ നിലയിൽ നിലകൊണ്ടെങ്കിൽ 1991-ലെ പുതിയ സാമ്പത്തിക നയങ്ങൾക്കുശേഷം അത് 6.2 ആകുകയും നിലവിൽ 8.2 ആണ് അവരുടെ ജി.ഡി.പി.-യുടെ ഷെയർ. അവരുടെ ഷെയറിൽ വച്ച് ഏറ്റവും വലിയ വളർച്ച നേടാൻ അവർക്ക് കഴിഞ്ഞു. ഇവിടെ ഞാൻ നേരത്തെ ഇക്കാര്യം സൂചിപ്പിച്ചതാണ്. ഇന്ന് ഇന്ത്യ കൈവരിച്ച ഐ.ടി. മേഖലയിലെ വികസനത്തിന്റെ ഏറ്റവും വലിയ പങ്ക് അവർക്ക് കൊണ്ടുപോകാൻ കഴിഞ്ഞു. നിങ്ങൾ ഇവിടെ സമരം ചെയ്ത് സ്മാർട്ട്സിറ്റി അടക്കമുള്ള കാര്യങ്ങളെ തടഞ്ഞുനിർത്തി കേരളത്തിന് അവസരം നഷ്ടപ്പെടുത്തിയതിനാൽ കേരളത്തിൽ എക്കോണമി വളർച്ചയുണ്ടായില്ല. ഞാൻ ഇതുപറയാൻ കാരണം ഇപ്പോൾ വളർന്ന് വരുന്നൊരു തലമുറ, വിദ്യാർത്ഥികൾ, യുവാക്കൾ നമ്മുടെ നാട്ടുവിട്ട് പോകാനുള്ള പ്രധാന കാരണം നമ്മുടെ എക്കണോമിക് പോളിസിയുടെയും സാമ്പത്തിക വളർച്ചയുടെയും പരാജയമാണ്. സാമ്പത്തിക വളർച്ചയുടെ

പരാജയത്തിൽ ഇവിടത്തെ നയപരമായിട്ടുള്ള കാഴ്ചപാടുകൾക്ക് വലിയ പങ്കുണ്ട്. നമ്മുടെ കാർഷിക മേഖല പരിശോധിച്ചാൽ, കാർഷിക മേഖലയിൽ പോളിസി റീഫോംസിന്റെ കുറവാണ്. അതായത്, രാജ്യത്തെ 100 കണക്കിന് ഏക്കർ റബ്ബർത്തോട്ടങ്ങളാണ് ആരുംതന്നെ ടാപ്പിങ് ചെയ്യാതെ വെറുതെ കിടക്കുന്നത്. കാരണം റബ്ബറിന്റെ കാലാവധി കഴിഞ്ഞു. അതൊരു ആകർഷകമായ ക്രോപ്പല്ലാതെയായി മാറി. ആ ക്രോപ്പ് മാറ്റി മറ്റൊരു ഫ്രൂട്ട് ക്രോപ്പിലേയ്ക്ക് പോകണമെന്നുപറഞ്ഞാൽ നിങ്ങളുടെ പോളിസി അനുവദിക്കുന്നില്ല. നിങ്ങളുടെ നയങ്ങളും പിടിവാശിയും കാരണം അത് കാർഷിക ഭൂമിയായിത്തന്നെ നിലനിർത്തി, കർഷകനെക്കൊണ്ടുതന്നെ കൃഷി ചെയ്യിപ്പിക്കാൻ ശ്രമിച്ചാലും നിങ്ങൾ അതിന് അനുവദിക്കില്ല. അങ്ങനെ പോളിസി റീഫോംസില്ലാത്തതുകൊണ്ട് ഈ കാർഷിക മേഖല ഊർധശ്വാസം വലിക്കുകയാണ്. അതിന്റെയിടയിലാണ്...., ഉള്ള ആളുകൾക്ക് കാർഷികവൃത്തി മുമ്പോട്ടുകൊണ്ടുപോകാൻ കഴിയാതിരിക്കുന്ന സാഹചര്യത്തിലാണ് 'എല്ലാവരും കൃഷിയിലേയ്ക്ക്' എന്ന പുതിയൊരു മുദ്രാവാക്യവുമായി കൃഷി വകുപ്പ് വരുന്നത്. ആരാണ് ഇവിടെ കൃഷി ചെയ്യുന്നത്; ഒറ്റപ്പൈസയ്ക്ക് മാർഗമില്ലാത്ത ആരെങ്കിലും

കൃഷി ചെയ്യാൻ പോകുന്നുണ്ടോ? എല്ലാവരെക്കൊണ്ടും കൃഷി ചെയ്യിക്കുകയല്ല, മറിച്ച് കൃഷി ചെയ്യുന്ന കർഷകനെ നിലനിർത്തുന്നതിനാണ് കൃഷി വകുപ്പ് ശ്രമിക്കേണ്ടത്. ഇനി വിദ്യാഭ്യാസ മേഖല പരിശോധിക്കാം. എത്രയോ വർഷങ്ങളായി വിദ്യാഭ്യാസ മേഖലയിൽ നിങ്ങളുടെ കുടുംപിടുത്തമാണ്. ഒരു കാലത്ത് ഇവിടെ ധാരാളം എഞ്ചിനീയറിങ് സീറ്റുകൾക്ക് ആവശ്യക്കാരുണ്ടായിരുന്നു. ആ സമയത്ത് കോളേജ് ആരംഭിക്കാൻ സമ്മതിക്കാതെ..., പതിനായിരക്കണക്കിന് കുട്ടികൾ കർണാടകയിൽ പോയി വിദ്യാഭ്യാസം നേടി. ആ പൈസ മുഴുവൻ കർണാടകയിൽ കൊടുത്ത് അതിന്റെ കാലഘട്ടം കഴിഞ്ഞപ്പോൾ കേരളത്തിൽ പതിനായിരക്കണക്കിന് സീറ്റുകൾ സൃഷ്ടിച്ച് അവയെല്ലാം ഇപ്പോൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇപ്പോൾ കേരളത്തിൽനിന്നും പോകുന്ന പണം എവിടേയ്ക്കാണെന്ന് അറിയാമോ? കേരളത്തിൽ ഇത്തവണ നഴ്സിങിനായി അപേക്ഷിച്ചത് 66,354 കുട്ടികളാണ്. കേരളത്തിൽ ഇതിനായി അനുവദിച്ചിട്ടുള്ള മൊത്തം സീറ്റുകളുടെ എണ്ണം 9160 ആണ്. കേരളത്തിന്റെ പേരും പെരുമയും ഡെസ്റ്റിനിയും മാറ്റിയവരാണ് നഴ്സുമാർ. ആ മേഖലയിലേക്ക് നമ്മുടെ കുട്ടികൾ പ്രവേശിച്ച് പഠനം നടത്തി ജോലി

വാങ്ങാൻ ശ്രമിക്കുമ്പോൾ 9160 സീറ്റിൽ ഒരു സീറ്റിന്റെ എണ്ണം വർധിപ്പിക്കാൻപോലും നിങ്ങൾ അനുവദിക്കില്ല. ദേശീയതലത്തിൽ അല്ലെങ്കിൽ നഴ്സിങ് കൗൺസിലിനുള്ള പാരാമീറ്റേഴ്സ് മീറ്റ് ചെയ്താലും നിങ്ങൾ ഇവിടെ സീറ്റിന്റെ എണ്ണം വർധിപ്പിക്കില്ല. ഇവിടെ പതിനായിരക്കണക്കിന് കുട്ടികൾ നഴ്സിംഗ് പഠനത്തിനായി കർണാടകയിലേയ്ക്ക് പോകുകയാണ്. കഴിഞ്ഞ വർഷം മാത്രം പൊതുമേഖലാ ബാങ്കുകളിൽനിന്നും വിദ്യാഭ്യാസ വായ്പയായി എടുത്തിട്ടുള്ളത് 4,500 കോടി രൂപയാണ്. 4,500 കോടി രൂപയിൽ 4,000 കോടി രൂപയിലധികവും കേരളത്തിന് പുറത്തേയ്ക്ക് പോയിട്ടുണ്ടെന്ന കാര്യത്തിൽ സംശയംവേണ്ട. ഒരു കാലത്ത് കേരളത്തിന് പുറത്തുനിന്നുള്ള റെമിറ്റൻസ് കേരളത്തിന്റെ വലിയൊരു സാധ്യതയായിരുന്നുവെങ്കിൽ ഇന്ന് ആ റെമിറ്റൻസിന്റെ സാധ്യത കുറഞ്ഞുവരികയും കേരളത്തിന് പുറത്തേയ്ക്ക് പണം വ്യാപകമായി ഒഴുകുകയുമാണ് ചെയ്യുന്നത്. ഇതിന്റെ ഇടയിലാണ് നികുതി വകുപ്പിന്റെ പരാജയം. നികുതി വകുപ്പിന്റെ പരാജയമെന്ന് പറയുന്നത്, ജി.എസ്.ടി. വന്നതിനുശേഷം....നിങ്ങൾ ആകെ പറയുന്ന ഒരു കാര്യമെന്താണ്? ഞാൻ ബി.ജെ.പി.-ക്കുവേണ്ടി പറയുന്ന കാര്യമില്ല. അതായിരിക്കും അടുത്ത

പ്രചരണം. ഒരു വാചകം ഇവിടെ പറഞ്ഞാൽ ഇതെല്ലാം വെറുതെ പറഞ്ഞ് തോൽപ്പിക്കാൻവേണ്ടി പറയുന്നതെന്ന് പറയും. എന്നാൽ അങ്ങനെയല്ല, നിങ്ങൾ കണക്കുകൾ മനസ്സിലാക്കണം. ഇന്ത്യയിൽ കമ്പയറബിൾ സ്റ്റേറ്റുകളുണ്ട്. ഏകദേശം കേരളത്തിന്റെ അത്രയും വലുപ്പവും ജനസംഖ്യയുമെല്ലാം ഉള്ള നിൽക്കുന്ന സംസ്ഥാനങ്ങളെയാണ് അങ്ങനെ പറയുന്നത്. ആ സംസ്ഥാനങ്ങൾക്ക് ലഭിച്ച ജി.എസ്.ടി. നഷ്ടപരിഹാരം പരിശോധിച്ചാൽ, ഒരുപക്ഷെ ഗുജറാത്ത് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പണം ജി.എസ്.ടി. കോമ്പൻസേഷനായി ലഭിച്ചത് കേരളത്തിനാണെന്ന് പറഞ്ഞാൽ ധനമന്ത്രിക്ക് നിഷേധിക്കാൻ കഴിയുമോയെന്നാണ് ഞാൻ ചോദിക്കുന്നത്. ആ കണക്കുവേണമെങ്കിൽ ഞാൻ ഇവിടെ വ്യക്തമാക്കാം. ബീഹാറിന് 15,441 കോടി രൂപ, മധ്യപ്രദേശിന് 21,416 കോടി രൂപ, രാജസ്ഥാന് 19,556 കോടി രൂപ, തെലുങ്കാനയ്ക്ക് 7,837 കോടി രൂപ, പശ്ചിമ ബംഗാളിന് 24,842 കോടി രൂപയുമാണ് ലഭിച്ചത്. എന്നാൽ ജി.എസ്.ടി. കോമ്പൻസേഷനായി കേരളത്തിന് ലഭിച്ചത് 26,501 കോടി രൂപയാണ്. ഈ തുക കിട്ടിയില്ലെന്ന് പറയാൻ കഴിയില്ല. കാരണം ജി.എസ്.ടി. പ്രകാരം കിട്ടുമെന്ന് പറഞ്ഞ തുക

കിട്ടി. ബാക്കി പണം കടമെടുത്ത് നിങ്ങൾക്ക് കാര്യങ്ങൾ ചെയ്യാമായിരുന്നു. ഇവിടെനിന്നും പിരിക്കേണ്ട സ്വർണത്തിന്റെയും മദ്യത്തിന്റെയും നികുതിപ്പണം പിരിച്ചെടുക്കാതെ ജി.എസ്.ടി. വകുപ്പിലെ ഉദ്യോഗസ്ഥരും തലപ്പത്തുള്ളവരും തമ്മിലടിച്ച് രണ്ടായിപ്പിരിഞ്ഞുനിന്നത് ഇവിടുത്തെ ജി.എസ്.ടി. വകുപ്പിന്റെ വൻ പരാജയത്തിന് കാരണമായി. അതുമാത്രമല്ല നിങ്ങൾ ഒരുകാര്യം മനസ്സിലാക്കേണ്ടത് കേരളത്തിലെ എക്കണോമിക് ആക്റ്റിവിറ്റിയുടെ അവസ്ഥ എവിടെയാണെന്ന് മനസ്സിലാക്കണമെങ്കിൽ........, മുവാറ്റുപുഴയിൽ ടൗണിൽ റോഡ് വർക്ക് നടന്ന സമയത്ത് ഞാൻ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിച്ചപ്പോൾ ആ വർക്കിന് ഉപയോഗിക്കുന്ന ക്വാറി മെറ്റൽ വരുന്നത് തമിഴ്നാട്ടിൽനിന്നുമാണെന്നാണ് അറിയാൻ കഴിഞ്ഞത്. നമ്മൾ ഉപയോഗിക്കുന്ന പാൽ, പച്ചക്കറി, തുടങ്ങി എല്ലാ സാധനങ്ങളും വരുന്നത് തമിഴ്നാട്ടിൽനിന്നും കർണാടകയിൽനിന്നുമാണ്. വേറൊരു ഉദാഹരണം പറയാം. കേരള സർക്കാർ പെട്രോളിന് രണ്ടുരൂപയുടെ സെസ്സ് വർധിപ്പിച്ചു. ആ രണ്ടു രൂപയുടെ സെസ്സ് വർദ്ധിപ്പിച്ചതിന്റെപേരിൽ മാത്രം ഒരു ലിറ്ററിന് 38 രൂപയോളം ലഭിക്കുമായിരുന്ന പതിനായിരക്കണക്കിന് ലിറ്റർ പെട്രോളിന്റെ വിൽപ്പന

കേരളത്തിന് പുറത്തേയ്ക്കുപോയി. നിങ്ങൾ മദ്യത്തിന് അടിക്കടി വില വർധിപ്പിച്ചുകൊണ്ടിരുന്നു. ഇതുകൊണ്ട് മദ്യത്തിന്റെ വിൽപ്പന മാഹിയിലേയ്ക്കും പുറം സംസ്ഥാനങ്ങളിലേയ്ക്കും പോയതുകാരണം എത്ര രൂപയുടെ നഷ്ടമാണ് കേരളത്തിനുണ്ടായത്? അതുകൊണ്ട് നിങ്ങളുടെ കാഴ്ചപ്പാട് തെറ്റാണെന്നാണ് എനിക്ക് പറയാനുള്ളത്. You should understand that economic activity അതിനെ ഫോക്കസ് ചെയ്യണം. പൊതുമേഖലാ സ്ഥാപനങ്ങൾ തെറ്റാണെന്ന് പറഞ്ഞു. പക്ഷെ പൊതുമേഖലാ സ്ഥാപനങ്ങൾ bleeding like anything. ഏറ്റവും ഒടുവിലെ കണക്ക് പരിശോധിച്ചാൽ.... ഇപ്പോൾ നിങ്ങൾ പൊതുമേഖലയെ പ്രോത്സാഹിപ്പിച്ച് നഷ്ടം വരുത്തുകയാണ്. ഇപ്പോൾ ഏറ്റവും പ്രയാസകരമായ കാര്യം, സാധാരണക്കാരന് നിങ്ങൾ നൽകിയിരുന്ന KASP (Karunya Arogya Suraksha Padhathi) കാർഡുമായി ആർ.സി.സി.-യിലോ മറ്റ് ആശുപത്രികളിലോ ചികിത്സയ്ക്കായി സമീപിക്കുമ്പോൾ ആ കാർഡ് എടുക്കില്ലെന്ന് പറഞ്ഞ് അവരെ മടക്കി അയയ്ക്കുകയാണ്. അതുകാരണം അവരുടെ ചികിത്സ മുടങ്ങുകയാണ്. എന്റെ കൈയിൽ സഭയിൽനിന്നും ലഭ്യമായ മറുപടിയുണ്ട്. 350 കോടി രൂപ ആശുപത്രികൾക്ക്

കൊടുക്കാനുള്ളതുകൊണ്ട് സാധാരണക്കാരനും പാവപ്പെട്ടവനും ക്യാൻസർ തുടങ്ങിയ രോഗങ്ങൾ ബാധിച്ച് ആശുപത്രികളിൽ ചെല്ലുമ്പോൾ അവരെ മടക്കി അയയ്ക്കുകയാണ്. ആ പണംപോലും സർക്കാരിന് കൊടുക്കാൻ കഴിയുന്നില്ല. ആ സമയത്ത് ശ്രീ. സി. ആർ. മഹേഷിന്റെ ചോദ്യത്തിനുള്ള മറുപടിയായി നിങ്ങൾ നൽകിയത് റബ്കോയ്ക്കുവേണ്ടി സർക്കാർ കൊടുത്തത് 282 കോടി രൂപയാണെന്നാണ്...

മി. സ്പീക്കർ: പ്ലീസ്.... അങ്ങയുടെ സമയം കഴിഞ്ഞു അങ്ങ് കൺക്ലൂഡ് ചെയ്യണം....... ശ്രീ. ടി. ഐ. മധുസൂദനൻ....

ഡോ. മാത്യു കുഴൽനാടൻ: സർ, ഒരു പോയിന്റുകൂടി പറഞ്ഞുകൊണ്ട് എന്നെ കൺക്ലൂഡ് ചെയ്യാൻ അനുവദിക്കൂ....

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ....

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാനൊരു ഉപക്ഷേപാവതാരകനല്ലേ....എന്നെ കൺക്ലൂഡ് ചെയ്യാൻ അനുവദിക്കൂ....

മി. സ്പീക്കർ: അത് ശരിയാണ്.... സമയകൃത്യത പാലിച്ച് സംസാരിക്കണം....അങ്ങ് പതിനഞ്ച് മിനിട്ടെടുത്തു.

ഡോ. മാത്യു കുഴൽനാടൻ: സർ, പ്ലീസ്.... ഞാൻ പറയുന്നത് നിങ്ങളുടെ പ്രയോറിറ്റീസ് മാറ്റിവച്ച് സാധാരണക്കാരനും പാവപ്പെട്ടവനും അവകാശപ്പെട്ടത് നൽകാനുള്ള നടപടി സ്വീകരിച്ച് ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ഉറപ്പാക്കുന്ന നയങ്ങളും പരിപാടികളുമായി മുന്നോട്ടുപോകണം. നികുതി പിരിവ് ഊർജിതമാക്കി സാമ്പത്തിക പ്രതിസന്ധി മറികടക്കണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഒരു കേസും വിശ്വസിച്ചേൽപ്പിക്കാൻ കഴിയാത്ത വക്കീലന്മാരുടെ വാദങ്ങളാണ് യു.ഡി.എഫ്.-നുവേണ്ടി സഭയിൽ കേട്ടുകൊണ്ടിരിക്കുന്നത്. കേരളം നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നമ്മുടെ മാധ്യമങ്ങളിൽ വന്ന വാർത്തകളും കാര്യങ്ങളുമെല്ലാം യു.ഡി.എഫ്-ന്റെ പ്രതിനിധികൾ കണ്ടിട്ടുണ്ടോ? 'കേന്ദ്ര പൊതുകടം വർധനാനിരക്ക് കേരളത്തിന്റെ ഇരട്ടി' , യു.ഡി.എഫ്-ന്റെ പ്രതിനിധികൾക്ക് എന്തെങ്കിലും അഭിപ്രായമുണ്ടോ? 'കേരളത്തിന് കേന്ദ്ര പ്രഹരം, തദ്ദേശ ഗ്രാന്റ് വെട്ടിക്കുറച്ചു' , ഇതിലും എന്തെങ്കിലും അഭിപ്രായമുണ്ടോ? 'ഗ്രാന്റുകളെല്ലാം വെട്ടി, കെണിയിലാക്കാൻ കേന്ദ്രം' , 'വരുമാനമുയർത്തി കേരളം' , എന്താണ്

നിങ്ങളുടെ അഭിപ്രായം? ഇതിനെക്കുറിച്ച് പറയാൻ കേരളത്തിലെ മാധ്യമങ്ങൾക്ക് നാക്കില്ല. ഇതെല്ലാം മാധ്യമങ്ങളിൽ വന്നിട്ടുള്ള വാർത്തകളാണ്. ഞാൻ അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലേക്കും പോകുന്നില്ല. ഇവിടെ പറയേണ്ട ഒരു കാര്യം, ഹിമാചൽപ്രദേശിൽനിന്നും മലയാള മനോരമയുടെ ഓൺലൈൻ പ്രസിദ്ധീകരണത്തിൽ വന്ന വാർത്തയുണ്ട്, ആ വാർത്ത ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. 'കടം കയറി സംസ്ഥാനം മുടിഞ്ഞു, ശമ്പളം കിട്ടാതെ ഉദ്യോഗസ്ഥർ, രക്ഷാമാർഗ്ഗം കാട്ടിലെ തടിയും കഞ്ചാവും' ഈ വാർത്ത മലയാള മനോരമയുടെ ഓൺലൈൻ പ്രസിദ്ധീകരണത്തിൽ വന്നിട്ടുള്ള ഒരു ഉദ്യോഗസ്ഥന്റെ ചിത്രത്തോടെയുള്ള വാർത്തയാണ്. കേരളത്തിൽ ഏതെങ്കിലും ഒരു ജീവനക്കാരന് കൃത്യമായി ശമ്പളം ലഭിക്കാത്ത അവസ്ഥയുണ്ടായിട്ടുണ്ടെന്ന് പറയാൻ സാധിക്കുമോ? ശമ്പളം ലഭിക്കാതെ, കാട്ടിൽ പോയി തടി വെട്ടുകയും കഞ്ചാവ് കച്ചവടം നടത്തേണ്ടിവരികയും ചെയ്യുന്ന അവസ്ഥ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനത്തുണ്ടെങ്കിൽ അഭിമാനത്തോടുകൂടി നമുക്ക് പറയാം, കഴിഞ്ഞ എട്ടുവർഷം കേരളം എല്ലാ വെല്ലുവിളികളേയും അതിജീവിച്ച് തലയുയർത്തി മുന്നോട്ടുപോകുകയാണെന്നുള്ളത് വ്യക്തമാക്കുന്നതാണ്

കേരളത്തിന്റെ സാമ്പത്തിക സ്ഥിതി. കേരളം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ആ ബുദ്ധിമുട്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ മാത്രം ബുദ്ധിമുട്ടാകരുത്. അത് കേരളത്തിലെ മൊത്തം ജനങ്ങളുടെ പ്രയാസമായി മാറിത്തീരണം. ഈ കാഴ്ചപ്പാട് യു.ഡി.എഫ്.-നുണ്ടോയെന്നാണ് അറിയേണ്ടത്. നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ഇവിടെ വരുമ്പോൾ .......ഞങ്ങൾക്ക് വലിയ സന്തോഷമാണ്, കാരണം ഈ വിഷയം തുറന്ന ചർച്ചയ്ക്ക് വിധേയമാക്കാൻ സാധിക്കും. ജനങ്ങൾ കാര്യങ്ങൾ അറിയുകയും യു.ഡി.എഫ്.-ന്റെ നിലപാട് ജനങ്ങൾ മനസ്സിലാക്കുകയും ചെയ്യട്ടെ. ഞങ്ങൾക്ക് നിലപാടുണ്ട്, ഇക്കാര്യത്തിൽ നിങ്ങളുടെ നിലപാടെന്താണ്? കേരളത്തിന്റെ ധനപ്രതിസന്ധിക്ക് കാരണം കേന്ദ്രത്തിന്റെ ഉപരോധ സമാനമായിട്ടുള്ള നയങ്ങൾകൊണ്ടാണെന്നതിൽ യു.ഡി.എഫ്.-ന്റെ നിലപാടെന്താണ്? ജി.എസ്.ടി. ഏർപ്പെടുത്തിയപ്പോൾ സംസ്ഥാനത്തിന്റെ നികുതി പിരിക്കുന്നതിൽ വലിയ അധികാര നഷ്ടമുണ്ടായി. കാരണം  മുമ്പ് നമുക്ക് സ്വന്തമായി നികുതി പിരിക്കുന്നതിനുള്ള സംവിധാനമുണ്ടായിരുന്നു, ഇപ്പോൾ അത്തരമൊരു സംവിധാനം ഇല്ലാതായതോടെ ഏകീകൃത നികുതി

സംവിധാനമാണുള്ളത്. അർഹതപ്പെട്ട വായ്പാനുമതി വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് സമീപകാലത്ത് സ്വീകരിച്ച നടപടികളുടെ ഭാഗമായിട്ടാണ് വായ്പാനുമതിയിൽ 19,000 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ടെന്ന കാര്യം നമ്മുടെ മുന്നിലുണ്ട്. റവന്യൂ കമ്മി ഗ്രാന്റിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 8400 കോടി രൂപ കുറഞ്ഞു. യു.ഡി.എഫ്. ഇക്കാര്യത്തിൽ എന്തുനിലപാടാണ് സ്വീകരിക്കുന്നത്; ജി.എസ്.ടി.-യുടെ നഷ്ടപരിഹാരമായി.... പിരിവിലെല്ലാം വളരെ മോശമാണെന്ന് ഇവിടെ പറഞ്ഞല്ലോ; വൻതോതിൽ ജി.എസ്.ടി. കിട്ടിക്കൊണ്ടിരിക്കുന്നുവെന്നാണ് നേരത്തെ ഡോ. മാത്യു കുഴൽനാടൻ സൂചിപ്പിച്ചത്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നേരത്തെ പറഞ്ഞതെന്താണ്; പിരിവിലെല്ലാം കേരളം വളരെ മോശമാണ്, നികുതി പിരിക്കുന്നതിൽ കേരളം പിറകോട്ട് പോകുന്നുവെന്നാണ്. വൈരുധ്യം എങ്ങനെയൊക്കെയാണ് നിൽക്കുന്നതെന്ന് നമ്മൾ കാണുകയല്ലേ; ഇതാണ് പരാജയപ്പെട്ട വക്കീലാണെന്ന് ഞങ്ങൾ പറയുന്നത്, വെറുതെ പറയുന്നതല്ല. ജി.എസ്.ടി. നഷ്ടപരിഹാരമായി കേന്ദ്ര സർക്കാർ നൽകേണ്ട 12000 കോടിയോളം രൂപ ഇത്തവണ നൽകുന്നില്ല, അത്

വെട്ടിക്കുറച്ചു. കിഫ്ബി, പെൻഷൻ കമ്പനി എന്നിവയെല്ലാം ബജറ്റിന് വെളിയിൽ കേരളത്തിന്റെ വികസനത്തിനുവേണ്ടി, അടിസ്ഥാനവികസനം ഉറപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടപ്പിലാക്കിയ കാര്യമാണ്. ഇതിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടെന്താണ്; നമ്മൾ കിഫ്ബിയിൽ ധനസമാഹരണം നടത്തിയത്, സാധാരണ മനുഷ്യന് പെൻഷൻ ഉറപ്പുവരുത്തുന്നതിനുവേണ്ടി നടപടി സ്വീകരിക്കാൻ കമ്പനി രൂപീകരിച്ചത് എന്നിവയെല്ലാം നമ്മുടെ വായ്പയെടുക്കുന്ന പരിധി വെട്ടിക്കുറയ്ക്കുന്നതിന് ഉപയോഗപ്പെടുത്തുന്ന രീതിയിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടുകൾ നമുക്ക് കാണാതിരിക്കാൻ സാധിക്കുമോ; ഇക്കാര്യത്തിൽ യു.ഡി.എഫ്.-ന് നിലപാടുണ്ടോ; എല്ലാ മണ്ഡലത്തിലും (140 മണ്ഡലങ്ങളിലും) വികസനകാര്യങ്ങൾ നടന്നിട്ടില്ലേ; ഓരോ എം.എൽ.എ.-യും.... ശ്രീ. പി. കെ. ബഷീർ എം.എൽ.എ. ഇവിടെയുണ്ടോയെന്ന് എനിക്കറിയില്ല. ശ്രീ. ടി. വി. ഇബ്രാഹിം എം.എൽ.എ. ഇവിടെയുണ്ട്. ഇവരെല്ലാവരും ലൈവായി കൊടുക്കുന്നു, 'എന്റെ മണ്ഡലത്തിൽ 38 കോടി രൂപയുടെ കെട്ടിടം, എന്റെ മണ്ഡലത്തിൽ സ്കൂളുകളുടെ കെട്ടിടം, എന്റെ മണ്ഡലത്തിലെ റോഡിന്റെ ചിത്രം,

എന്റെ മണ്ഡലത്തിലെ പാലം....' അതെല്ലാം കിഫ്ബി വഴി വന്നതല്ലേ; കിഫ്ബി വഴിയുണ്ടായിട്ടുള്ള വികസനങ്ങൾ വരിഞ്ഞുകെട്ടുന്നതിന്, കേരളത്തിന്റെ വരുമാന സ്രോതസ്സ് വെട്ടിക്കുറയ്ക്കുന്നതിനുള്ള നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുമ്പോൾ ഇതിന്റെ ഗുണഭോക്താക്കളായിട്ടുള്ള നമ്മൾ കേന്ദ്ര ഗവൺമെന്റിന്റെ ഈ നയത്തിനെതിരായി പ്രതികരിക്കേണ്ടതല്ലേ എന്നുള്ളത് സാമാന്യം എല്ലാവരും അംഗീകരിക്കേണ്ടൊരു ചോദ്യമാണ്; ഇക്കാര്യത്തിൽ യു.ഡി.എഫ്.-ന്റെ നിലപാടെന്താണ്? നികുതി വിഹിതം 3.58 ശതമാനത്തിൽനിന്നും 1.9 ശതമാനമായി കുറച്ചതിലൂടെ പതിനെണ്ണായിരത്തോളം കോടി രൂപയാണ് നമുക്ക് നഷ്ടം വരുന്നത്. നേരത്തെതന്നെ സംസ്ഥാന ഗവൺമെന്റ് പറഞ്ഞു, കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിന്റെ ഭാഗമായി 57,400 കോടി രൂപയുടെ ധനനഷ്ടം കേരളം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ ധനനഷ്ടം പരിഹരിക്കുന്നതിന് എന്താണ് വഴി; അതാണ് കേരളം ആലോചിച്ചത്. അതിനുവേണ്ടിയുള്ള പല മാർഗങ്ങളും കേരളം സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പോയി. എന്താണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്; 'ഇതാ കേരളം തോറ്റ്

തൊപ്പിയിട്ട് വരാൻ പോകുന്ന' എന്നാണ്. ബഹു. സുപ്രീംകോടതി ഇക്കാര്യത്തിൽ എന്തുനിലപാട് സ്വീകരിച്ചു; കേരളത്തിന്റെ ഈ പ്രശ്നങ്ങൾ ഭരണഘടനാപരമായി നിൽക്കുന്നതാണെന്നല്ലേ കോടതി പറഞ്ഞത്; അപ്പോൾ കേരളം ഉയർത്തിപ്പിടിക്കുന്ന കാര്യങ്ങൾ ശരിയല്ലേ? ഇന്ത്യയിലെ പ്രധാനപ്പെട്ട രാഷ്ട്രീയപാർട്ടി നേതൃത്വങ്ങളെയെല്ലാം അണിനിരത്തിക്കൊണ്ട് ഇന്ത്യയുടെ സമീപകാല ചരിത്രത്തിൽ ആദ്യമായി കേന്ദ്രം സ്വീകരിക്കുന്ന അവഗണനാപരമായ നിലപാടിനെതിരെ നമ്മുടെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ നടന്നൊരു സമരമുണ്ട്. നിങ്ങൾ പറയുന്നുണ്ടല്ലോ, ഡീൽ ആണെന്ന്. ബി.ജെ.പി.-യുമായി എന്തോ ഡീലുണ്ടെന്ന്. നിങ്ങളുടെ ഡീലും ഞങ്ങളുടെ നിലപാടും തമ്മിൽ താരതമ്യം ചെയ്യുന്നതിന്..... പിന്നാലെ വരുന്ന മറ്റ് അംഗങ്ങൾ അവരുടെ പ്രസംഗത്തിൽ കാര്യങ്ങൾ പറയും.... ഡീൽ എന്നുപറയുന്നത്, കേരളത്തിന്റെ പ്രശ്നങ്ങളോട് വിട്ടുവീഴ്ച ചെയ്യുന്ന നിലപാട് കേന്ദ്രം സ്വീകരിക്കാത്ത അല്ലെങ്കിൽ അനുകൂലമായ നിലപാട് കേന്ദ്രം സ്വീകരിക്കാതിരിക്കുമ്പോൾ അവർക്ക് അനുകൂലമായി നിങ്ങൾ ഡീൽ ആയി ബന്ധം വയ്ക്കുന്നുണ്ട്. ഞങ്ങൾ അതിനോട് പൊരുതിനിൽക്കുകയാണ്. ഒരു

വിട്ടുവീഴ്ചയുമില്ലാതെ കേന്ദ്രത്തിന് മുന്നിൽ വിരൽ ചൂണ്ടിയിട്ട് കേരളത്തിന്റെ അവകാശങ്ങൾ ചോദിക്കുന്നതിന് കേരളം നടത്തിയ സമരമുണ്ട്. നിങ്ങൾക്കത് ചുരുക്കി കാണിക്കാൻ സാധിക്കുമോ?

കേരളത്തിന്റെ ഓരോ പ്രശ്നങ്ങളിലും, കേന്ദ്രാവിഷ്കൃത പദ്ധതികൾ..... നിങ്ങൾ ആലോചിച്ചുനോക്കണം. യു.ജി.സി.-യുടെ ശമ്പളപരിഷ്കരണ കുടിശ്ശിക 750 കോടി രൂപ നമുക്ക് കിട്ടാനുണ്ട്. നഗര വികസന ഗ്രാന്റ് 143 കോടി രൂപ കിട്ടാനുണ്ട്. നെല്ല് സംഭരണം 842 കോടി രൂപ കിട്ടാനുണ്ട്. ഇവിടെ Capital Investment Special Assistance 3000 കോടി രൂപയിൽ നമുക്ക് നൽകേണ്ട തുക നൽകിയിട്ടില്ല. കേന്ദ്ര ഗവൺമെന്റ് കേരളത്തോട് അവഗണനാപരമായ നിലപാട് സ്വീകരിക്കുന്നു. ഈ വർഷം കിട്ടേണ്ട 1500 കോടി രൂപയുടെ പ്രൊപ്പോസൽ നൽകിയെങ്കിലും ഒരു പരിഗണനയും കേന്ദ്ര ഗവൺമെന്റ് നൽകുന്നില്ല. നാഷണൽ ഹെൽത്ത് മിഷൻ വഴിയുള്ള 650 കോടി രൂപ നൽകുന്നില്ല. ആരോഗ്യരംഗത്ത് ഗുണപരമായ മാറ്റമുണ്ടാക്കുന്നതിന് പണം അനിവാര്യമാണ്, കേന്ദ്രം അത് നൽകുന്നില്ല. എന്താണ് നിലപാട്; ഇവിടെ ഓരോ കാര്യങ്ങളിലും, ഹെൽത്ത് ഗ്രാന്റ് 411.36

കോടി രൂപ കേന്ദ്രം നൽകാനുണ്ട്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഈ ഉപക്ഷേപം അവതരിപ്പിക്കുമ്പോൾ യു.ഡി.എഫ്.-ന്റെ നിലപാടെന്താണ്; ആർ.ബി.ഐ. 2023-ൽ പുറത്തിറക്കിയിട്ടുള്ള ' State Finances: A Study of Budgets' എന്ന റിപ്പോർട്ടിൽ വിശദമായി കാര്യങ്ങൾ പറയുന്നുണ്ട്. സംസ്ഥാനങ്ങൾക്ക് കേന്ദ്രം നൽകിയ നികുതി വിഹിതത്തിന്റെയും മറ്റ് തുകകളുടെയും കണക്കുകളുണ്ട്. അതിൽ ഏറ്റവും വലിയ കുറവ് നേരിട്ടിട്ടുള്ളത് കേരളമാണ്. അതിൽ സമാനമായ കുറവ് കർണാടകത്തിനും നേരിട്ടിട്ടുണ്ട്. നിങ്ങളുടെ നിലപാടെന്താണ്; കർണാടകത്തിനും കേന്ദ്രം കൊടുക്കേണ്ടത് കൊടുക്കുന്നില്ല. കേരളത്തിനും നൽകുന്നില്ല, കേരളം, കർണാടകംപോലുള്ള സംസ്ഥാനങ്ങളോട് ഏറ്റവും അവഗണനാപരമായി, സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്ര നയങ്ങളോട് നിങ്ങളുടെ സമീപനമെന്താണെന്ന് നിങ്ങൾ പറയണം.

കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമന് നൽകിയ നിവേദനത്തിൽ പറഞ്ഞു, നിങ്ങൾ ഞങ്ങളെ ഞെരുക്കാൻ ശ്രമിക്കുന്നുണ്ട്. ഞങ്ങളെ സാമ്പത്തികമായി ശ്വാസം മുട്ടിക്കുകയാണ്. ഞങ്ങൾക്ക്

ജനാധിപത്യപരമായി കിട്ടേണ്ട അവകാശങ്ങൾ നിഷേധിക്കുന്ന നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നു. പക്ഷെ, ഞങ്ങൾ നന്നായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ നികുതി വരുമാനം 47,660 കോടി രൂപയിൽനിന്നും 74,250 കോടി രൂപയായി വർധിച്ചിട്ടുണ്ട്. 2020-21-ലെ സ്ഥിതിയിൽനിന്ന് 2023-24-ൽ എത്തുമ്പോൾ 55.8 ശതമാനത്തിന്റെ വളർച്ചാനിരക്ക് നികുതി വരുമാനത്തിൽ കേരളത്തിന് ആർജിക്കാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെയാണ് കേരളം പിടിച്ചുനിൽക്കുന്നത്. അങ്ങനെയാണ് ഇവിടത്തെ വികസനപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി കേരളം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്.

ട്രഷറിയിൽ എന്തോ വലിയ അപകടം വന്നിരിക്കുന്നുവെന്ന് നിങ്ങൾ ഇവിടെ പറയുന്നുണ്ടല്ലൊ; 5 ലക്ഷത്തിന് മുകളിലുള്ള ബില്ലുകൾ അംഗീകരിക്കുന്നില്ല, അതല്ലെങ്കിൽ അതിന് മുകളിലുള്ള കാര്യങ്ങളൊന്നും നടക്കുന്നില്ല. യു.ഡി.എഫ്. ഭരിച്ചിരുന്ന കാലത്ത് ട്രഷറിയുടെ സ്ഥിതി എന്തായിരുന്നു; അത് മര്യാദയ്ക്ക് തുറന്നുവയ്ക്കുന്ന നിലയുണ്ടായിരുന്നോ; അമ്പതിനായിരവും ഒരു ലക്ഷവും രൂപയ്ക്കുവേണ്ടി എത്രപ്രാവശ്യം ട്രഷറിയുടെ

പടിവരെ ആളുകൾക്ക് പോകേണ്ടി വന്നിട്ടുണ്ട്; ട്രഷറിയിൽ ഒരു നിയന്ത്രണമുണ്ടാക്കി. സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും കാര്യങ്ങൾ ബുദ്ധിമുട്ടില്ലാതെ പോകുന്നതിന് ചില ക്രമീകരണങ്ങൾ കേരളത്തിലെ ഗവൺമെന്റ് സ്വീകരിക്കുമ്പോൾ അതിനെ തെറ്റായ രീതിയിൽ വ്യാഖ്യാനിച്ച് കേരളത്തിലെ ജനങ്ങളെ ആശങ്കയിലാഴ്ത്തുന്നതിനുള്ള നടപടികൾ നിങ്ങൾ സ്വീകരിക്കുമ്പോൾ അതൊന്നും കേരളം അംഗീകരിക്കാൻ പോകുന്നില്ല. നിങ്ങൾ പലരീതിയിലും പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. ഞങ്ങൾ ഈ സമീപകാലത്ത് ഒരു വലിയ ശ്രമം നടത്തി. കർണാടക, തമിഴ്നാട്, തെലുങ്കാന, പഞ്ചാബ് എന്നീ 4 സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാർ ഒരു കോൺക്ലേവിൽ പങ്കെടുക്കാൻ കേരളത്തിൽ വന്നു. കർണാടകയും തെലുങ്കാനയും ഭരിക്കുന്നത് കോൺഗ്രസാണ്. സംസ്ഥാനങ്ങൾ നേരിടുന്ന ധനകാര്യ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ് അവർ വന്നത്. കേരളമടക്കം ഇന്ത്യയിലെ 5 സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാർ ചർച്ച ചെയ്ത് അതിശക്തമായ നിലപാട് സ്വീകരിച്ചു. കേരളം സ്വീകരിക്കുന്നതിന് സമാനമായ നിലപാട് സ്വീകരിച്ച് ഞങ്ങൾ മുന്നോട്ടുപോകുമെന്ന് പറഞ്ഞത് കർണാടകയിലെ

ധനകാര്യ വകുപ്പുമന്ത്രിയാണ്. എന്താണ് യു.ഡി.എഫ്.-ന്റെ അഭിപ്രായമെന്ന് നിങ്ങൾ ആലോചിക്കണം. കേന്ദ്രത്തിന്റെ കേരള വിരുദ്ധ പോരാട്ടത്തിന്റെ നായകനായി നിൽക്കുന്നത് കേരളത്തിന്റെ മുഖ്യമന്ത്രിയാണ്, കേരളത്തിലെ സർക്കാരാണ്. ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള കേരളത്തിലെ മന്ത്രിസഭാംഗങ്ങൾ, കേരളത്തിലെ നിയമസഭയാകെ ഈ തെറ്റായ നിലയിലുള്ള അവഗണനയ്ക്കെതിരായ സമരവുമായി മുന്നോട്ടുപോകുകയാണ്. ഈ പോരാട്ടം കൂടുതൽ ശക്തിപ്പെടുത്തി പോകേണ്ടൊരു കാലത്ത് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ചർച്ച ഗുണപരമാണ്. കേരളത്തിന്റെ യഥാർഥ സ്ഥിതി ജനങ്ങൾക്ക് മനസ്സിലാക്കാനും കേരളത്തെ അവഗണിക്കുന്ന നിലപാടിനെതിരായി ജനങ്ങൾക്ക് കുറേക്കൂടി സംഘടിതമായി മുന്നോട്ടുപോകാനും അത് വഴിയൊരുക്കും എന്നുതന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നു, കേരളത്തിന് ചെറിയ തോതിൽ സാമ്പത്തിക പ്രതിസന്ധിയുണ്ട്, പക്ഷേ കേരളത്തിലെ വികസന പ്രവർത്തനത്തെയും ക്ഷേമ പ്രവർത്തനത്തെയും

ജനജീവിതത്തെയും അത് ബാധിച്ചിട്ടില്ലെന്ന്. എനിക്ക് മന്ത്രിയോട് ചോദിക്കാനുള്ളത്, എങ്ങനെയാണ് ആ ധനകാര്യ മാനേജ്മെന്റ് എന്നാണ്; സാമ്പത്തിക പ്രതിസന്ധി എന്നുപറയുന്നത് എന്താണ്; നമുക്ക് സോഴ്സ്, ഇൻകം, റവന്യൂ.... അത് ടാക്സിൽനിന്നാകട്ടെ, മറ്റേതു വിഭാഗത്തിൽനിന്നായാലും. ഗ്രാന്റ് ആകട്ടെ, സെൻട്രൽ അസിസ്റ്റൻസാകട്ടെ. ഇതൊക്കെ കുറവാണെന്നുള്ള കാര്യം അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നു. പണം കുറവാണ്, സാമ്പത്തിക പ്രതിസന്ധിയുണ്ട്. എന്നാൽ ജനങ്ങളുടെ ജീവിതത്തെ ബാധിച്ചിട്ടില്ല. അത് എന്ത് മാജിക്കാണ്; ഏത് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളവും ഡെവലപ്മെന്റിന് ആവശ്യമായ തുക കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെങ്കിൽ അത് ജനങ്ങളുടെ ജീവിതത്തെ ബാധിക്കുമെന്ന് അറിയാത്തവരാണോ നമ്മളൊക്കെ. അങ്ങയുടെ മാജിക്ക് എന്താണെന്ന് ഞങ്ങൾക്കറിയാം. അതാണ് ഇവിടെ പറഞ്ഞത്. 50% വരെ വർക്കുകൾക്ക് കട്ട് ഏർപ്പെടുത്തുകയാണ്. നിങ്ങൾ മന്ത്രിമാരെ സംബന്ധിച്ചിടത്തോളം നിങ്ങൾക്കത് ബാധകമായിരിക്കില്ല. പക്ഷേ ഈ ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റിന്റെ പരാജയംമൂലം കേരളത്തിലെ

സാധാരണ ജനങ്ങളുടെ ജീവിതം ഇന്ന് വഴിമുട്ടി നിൽക്കുന്ന സാഹചര്യമാണ്. അങ്ങത് മനസ്സിലാക്കണം.

കേരളത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ജനസമൂഹമാണ് എസ്.സി./എസ്.ടി. വിഭാഗങ്ങൾ. എന്റെ സമയപരിമിതികൊണ്ട് ഞാൻ അവരുടെ കാര്യം മാത്രം സൂചിപ്പിക്കാം. ഇന്നലെ ഞാൻ സബ്മിഷൻ കൊണ്ടുവന്നു. ഇ-ഗ്രാന്റ്സ് വകയിൽ 104 കോടി രൂപയാണ് ഇന്ന് കുടിശ്ശിക കൊടുക്കാനുള്ളത്. ഇ-ഗ്രാന്റ്സ് പദ്ധതിയിൽ എസ്.സി., എസ്.ടി., ഒ.ഇ.സി., പിന്നാക്ക വിഭാഗങ്ങൾ എല്ലാവർക്കും ഇന്ന് കുടിശ്ശികയാണ്. പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 295 കോടി രൂപയാണ് അങ്ങ് കുടിശ്ശികയായി വച്ചിട്ടുള്ളത്. ഒ.ബി.സി., ഒ.ബി.എച്ച്., ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് 410 കോടി രൂപയുടെ ആനുകൂല്യങ്ങൾ ഈ ഗവൺമെന്റ് നൽകാനുണ്ട്. പിന്നാക്ക വിഭാഗ നിയമ വിദ്യാർത്ഥികൾക്ക് എൻറോൾ ചെയ്തതിനുശേഷം 3 വർഷത്തേയ്ക്ക് 12000/- രൂപ വീതം നൽകുന്നൊരു സ്കീമുണ്ട്. ആ സ്കീമുപോലും ഇന്ന് എവിടെയാണെന്ന് അറിയാത്ത സാഹചര്യമാണ്. അതുപോലെ ഓരോ കാര്യവുമെടുത്ത് പരിശോധിച്ചാൽ കേരളത്തിലെ

സാധാരണക്കാരനെയും പാവപ്പെട്ടവനെയും സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് നൽകേണ്ട ആനുകൂല്യങ്ങളൊന്നുംതന്നെ നൽകുന്നില്ല എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇവിടെ യാതൊരു പ്രയാസവുമില്ലെന്ന് എനിക്കുമുമ്പ് സംസാരിച്ച അംഗം പറഞ്ഞു. നമ്മളൊക്കെ എം.എൽ.എ.-മാർ അല്ലേ; നമ്മൾ കൊടുത്ത ഫണ്ട്, 5 ലക്ഷം 10 ലക്ഷം രൂപ അനുവദിച്ച വർക്കുകൾപോലും കോൺട്രാക്ടർമാർക്ക് പണം കിട്ടാത്ത സാഹചര്യത്തിൽ പാതിവഴിയിലാണ്. ഇന്ന് കോൺട്രാക്ടർമാർ വർക്ക് ഏറ്റെടുക്കാൻ വരാത്ത സാഹചര്യമാണ്. എവിടേയ്ക്കാണ് നമ്മുടെ സംസ്ഥാനം പോകുന്നത്? എന്നിട്ടും ഇവിടെ യാതൊരു പ്രതിസന്ധിയുമില്ലെന്നാണ് അങ്ങ് പറയുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ മിസ് മാനേജ്മെന്റാണ്, ടാക്സ് പിരിക്കുന്നതിലുള്ള പരാജയമാണ് യഥാർത്ഥ കാരണമെന്നും ടാക്സ് പിരിവിന്റെ രംഗത്ത് എൽ.ഡി.എഫ് ഗവൺമെന്റ് അത്ഭുതം സൃഷ്ടിക്കുമെന്നും ഡോ. ടി. എം. തോമസ് ഐസക് മുമ്പ് സൂചിപ്പിച്ചിരുന്നു. എട്ടുവർഷം കഴിഞ്ഞിട്ടും നികുതി പിരിവിന്റെ കാര്യത്തിൽ നിങ്ങൾ സമ്പൂർണ്ണ പരാജയമായി മാറിയില്ലേ? ഞാൻ ഓർക്കുകയാണ്,

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒറ്റത്തവണയാണ് വെള്ളക്കരം കൂട്ടിയത്. അന്ന് ഡോ. തോമസ് ഐസക് സി.പി.ഐ(എം) നേതാവും എം.എൽ.എ.-യുമായിരുന്നു. അദ്ദേഹം പറഞ്ഞത്, ഞങ്ങൾ ഇതാ ബഹിഷ്കരിക്കാൻ പോകുകയാണാണെന്നാണ്. നികുതി ബഹിഷ്കരണം എന്ന് പ്രഖ്യാപിച്ചവരാണ് നിങ്ങൾ. ഇന്നത്തെ സ്ഥിതിയെന്താണ്? നിങ്ങൾ അധികാരത്തിൽ വന്നശേഷം വെള്ളക്കരം, വൈദ്യുതി ചാർജ്, ഭൂനികുതി, കെട്ടിട നികുതി, രജിസ്ട്രേഷൻ ഫീസ് എന്നിവയെല്ലാം വർധിപ്പിച്ചു. ജനങ്ങളിൽനിന്നും ഏതെല്ലാം രീതിയിൽ പണം പിഴിഞ്ഞെടുക്കാൻ കഴിയുമോ അതെല്ലാം നിങ്ങൾ പിഴിഞ്ഞെടുത്തുകൊണ്ടിരിക്കുകയാണ്. ആ പണം നിങ്ങൾ എന്താണ് ചെയ്യുന്നത്? ഈ നാട്ടിലെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി പണം ചെലവഴിക്കുന്ന കാര്യത്തിൽ നിങ്ങൾ സമ്പൂർണ്ണ പരാജയമായി മാറിക്കഴിഞ്ഞില്ലേ; ഇന്ന് പി.ഡബ്ല്യൂ.ഡി ഓഫീസിൽ ചെന്നാൽ എന്താണ് സ്ഥിതി; കഴിഞ്ഞകാലങ്ങളിൽ വർക്കുകൾകൊണ്ട് പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥർക്ക് (ഓവർസീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ) നിന്നുതിരിയാൻ

കഴിയുമായിരുന്നോ; ഇന്ന് പി.ഡബ്ല്യൂ.ഡി.-ക്ക് നിങ്ങളുടെ അലോക്കേഷൻ എന്താണ്; എത്ര വർക്കുകളാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്? നാമമാത്രമായ വർക്കുകളല്ലേ നടക്കുന്നുള്ളൂ. എസ്.സി/എസ്.ടി. വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളി വിഭാഗങ്ങൾ, സമൂഹത്തിലെ പിന്നാക്ക ജനവിഭാഗങ്ങൾ എന്നിവരെ സംബന്ധിച്ചിടത്തോളം ഞെട്ടിപ്പോകുന്ന രീതിയിൽ...... ഏറ്റവും പാവപ്പെട്ടവർക്ക് നൽകുന്ന ചികിത്സാ ധനസഹായം എത്ര കോടി രൂപയാണ് പെൻഡിംഗുള്ളത്; നിങ്ങളുടെ പ്രയോറിറ്റി എന്താണ്; ഞാൻ അതുസംബന്ധിച്ച് കൂടുതൽ പറയുന്നില്ല, എന്റെ ചോദ്യത്തിന് ഉത്തരമായി പറഞ്ഞു...... എന്റെ നിയോജകമണ്ഡലത്തിൽ ഞാൻ അഞ്ച് ബസ്സുകൾ നൽകി. 7 മാസമായിട്ടും പണം ലഭിച്ചിട്ടില്ലാത്തതിനാൽ ഞങ്ങൾ ആ ബസുകൾ തിരിച്ചുപിടിച്ചുകൊണ്ടുപോകുകയാണെന്നാണ് ഇപ്പോൾ ബസ് കമ്പനിക്കാർ പറയുന്നത്. അവർക്ക് കൊടുക്കാനുള്ളത് വെറും 92 ലക്ഷം രൂപയാണ്. എന്റെയൊരു ചോദ്യത്തിന് നിങ്ങൾ മറുപടി പറഞ്ഞു, ഹെലികോപ്റ്റർ വാങ്ങുന്നത് നമ്മുടെ നാടിന് ആവശ്യമാണ്, ആകട്ടെ..... ഏഴുമാസംകൊണ്ട് ഒമ്പത് കോടി രൂപ ഹെലികോപ്റ്ററിന് വാടക കൊടുക്കുമ്പോഴാണ് അഞ്ച്

ബസ് വാങ്ങിയതിന്റെ 92 ലക്ഷം രൂപ കൊടുക്കാൻ കഴിയാതിരിക്കുന്നത്. ഞാൻ നിരന്തരം ബഹുമാനപ്പെട്ട മന്ത്രിയെയും ഉദ്യോഗസ്ഥൻമാരെയും വിളിച്ച് ഇക്കാര്യം സംസാരിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. പാവപ്പെട്ടവൻ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ, കൺസ്ട്രക്ഷൻ വർക്കുകൾ നടക്കാതിരുന്നാൽ എന്താണ് സ്ഥിതി? നാട്ടിൽ ജോലിയുണ്ടാകില്ല. സാധാരണക്കാരന് ജോലി ലഭിക്കാതിരുന്നാൽ നാടിന്റെ സാമ്പത്തിക സ്ഥിതി പൂർണ്ണമായും തകരും. ഞാൻ ഒറ്റക്കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം.... ഇന്ന് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും എത്ര കടകളാണ് ഓരോ ദിവസവും പൂട്ടുന്നത്. നൂറുകണക്കിന് കടകൾ പൂട്ടിക്കൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണ്? നമ്മുടെ കേരളത്തിലെ ജനങ്ങളുടെ പർച്ചേസിങ് കപ്പാസിറ്റി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പർച്ചേസിംഗ് കപ്പാസിറ്റി കുറയുന്നത് എന്തുകൊണ്ടാണ്? മണി ഫ്ലോ ഇല്ല, സാധാരണക്കാരന് പണം കിട്ടാനുള്ള മാർഗങ്ങളില്ലാത്തതുകൊണ്ട് അവർക്ക് കടയിൽ ചെന്ന് സാധനങ്ങൾ വാങ്ങാൻ കഴിയുന്നില്ല. അത്തരം ഒരു സർക്കിൾ വന്നുകഴിഞ്ഞാൽ

സാധാരണക്കാരനെ സംബന്ധിച്ചിടത്തോളമുണ്ടാകുന്ന ബുദ്ധിമുട്ട് എത്ര വലുതാണ്? ഇതെല്ലാമുണ്ടായിട്ടും അങ്ങ് പറയുന്നത്, ഇവിടെ യാതൊരു പ്രയാസവുമില്ലെന്നാണ്. അങ്ങ് കേരളത്തിലെ ജനങ്ങളെ വഞ്ചിക്കുകയാണ്. എല്ലാരംഗത്തും സമ്പൂർണ്ണ പരാജയമായി അങ്ങും അങ്ങയുടെ ഗവൺമെന്റും മാറിക്കഴിഞ്ഞു. ധനകാര്യ മാനേജ്മെന്റിൽ ഇതുപോലെ പിടിപ്പുകേടുണ്ടായ ഒരു സാഹചര്യം കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടില്ല.

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.....

ശ്രീ. എ. പി. അനിൽ കുമാർ: സർ, അതുകൊണ്ട് എല്ലാ അർത്ഥത്തിലും സമ്പൂർണ്ണ പരാജയമായി മാറിയ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം, ഒരു ഇഞ്ചുപോലും മുന്നോട്ടുപോകാനുള്ള ധാർമികാവകാശംപോലും ഈ സർക്കാരിനില്ലെന്ന് പറയാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഉപക്ഷേപം അവതരിപ്പിച്ച അവതാരകൻ കൺക്ലൂഡ് ചെയ്തത്, ഈ ഗവൺമെന്റ് സാധാരണക്കാരെയും പാവപ്പെട്ടവനെയും സംരക്ഷിക്കുന്ന നയങ്ങളുമായി മുന്നോട്ടു പോകണമെന്നാണ്. ഇത് ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലുള്ള തർക്കത്തിന്റെ വേദിയാക്കി

മാറ്റേണ്ടതില്ല. എൽ.ഡി.എഫ്. നയം അതിന് അനുകൂലമാണോയെന്ന് ആദ്യം പരിശോധിക്കുക. കേരളത്തിന്റെ പൊതുസ്ഥിതി പരിശോധിക്കുമ്പോൾ, ആർ.ബി.ഐ. ഹാൻഡ്ബുക്കിൽ മനുഷ്യവിഭവശേഷിയെ സംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ട്, കേരളം ഒന്നാം റാങ്കിലാണ്. പാവപ്പെട്ടവനെ സംരക്ഷിക്കുന്ന നയം ഇല്ലെങ്കിൽ എങ്ങനെയാണ് മാനുഷിക വിഭവശേഷി വർധിപ്പിക്കുന്നത്; കേന്ദ്ര ഏജൻസികളും അന്തർദേശീയ ഏജൻസികളുമെല്ലാം കേരളത്തെക്കുറിച്ച് പറയുമ്പോൾ കേരളം ഒന്നാമതാകുന്നതെങ്ങനെയാണ്; അത് ഇടതുപക്ഷ നയത്തിന്റെ ഭാഗമാണെന്ന് അംഗീകരിക്കാനുള്ള ബുദ്ധിമുട്ടെന്താണ്? സംസ്ഥാനം ധാരാളം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെങ്കിലും ഈ നാട്ടിലെ പാവപ്പെട്ട മനുഷ്യരുടെ ജീവിതം സംരക്ഷിക്കാൻ ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ നമ്മുടെ നാട് അനുഭവിക്കുന്നതല്ലേ; ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധങ്ങളായ സാമൂഹ്യക്ഷേമ പദ്ധതികളിലൊന്നാണ് ലൈഫ് മിഷൻ പദ്ധതി. ഞാൻ പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുന്നില്ല. ഈ പദ്ധതിപ്രകാരം ഈ രാജ്യത്ത് പാവപ്പെട്ടവരായ 517199 പേർക്ക് വീടുകൊടുത്തു. അതിൽ 416648 വീടുകൾ

പൂർത്തിയായി. അതിൽ പി.എം.എ.വൈ (പ്രധാൻമന്ത്രി ആവാസ് യോജന) പദ്ധതിപ്രകാരമുള്ളത് വെറും 117000 വീടുകൾ മാത്രമാണ്. ഒരു ഗ്രാമപ്രദേശത്ത് വീടുവയ്ക്കാൻ കേന്ദ്രം നൽകുന്ന വിഹിതം 72,000/- രൂപയാണ്. സംസ്ഥാന സർക്കാർ 4 ലക്ഷം രൂപയാണ് നൽകുന്നത്. അർബൻ മേഖലയിൽ കേന്ദ്രം നൽകുന്നത് ഒന്നര ലക്ഷം രൂപ മാത്രമാണ്. എന്നാൽ സംസ്ഥാനം നൽകുന്നത് നാല് ലക്ഷം രൂപയാണ്. പാവപ്പെട്ടവരെ സഹായിക്കാനല്ലേ അത് ചെയ്യുന്നത്. മൊത്തം ചെലവ് കണക്കാക്കുമ്പോൾ, 18,000 കോടി രൂപ സംസ്ഥാന ഗവൺമെന്റ് ചെലവാക്കിയപ്പോൾ കേന്ദ്രത്തിന്റെ വിഹിതം 2071 കോടി രൂപ മാത്രമാണ്. ബാക്കി 16000 കോടി രൂപയും സംസ്ഥാന ഗവൺമെന്റ് പാവപ്പെട്ടവർക്കായി ലൈഫ് മിഷൻ പദ്ധതിയിൽ ചെലവഴിച്ചിട്ടുണ്ട്.

<u>ശ്രീ. എം. വിൻസെന്റ്</u>: (മൈക്ക് ഓഫ്)......

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, വഴങ്ങാൻ സമയമില്ല; സ്റ്റേറ്റ് ഗവൺമെന്റ് കൊടുക്കുന്ന ഫണ്ടുതന്നെയാണ് തദ്ദേശസ്വയംഭരണ വിഹിതമായി വരുന്നത്. അത് അങ്ങേയ്ക്ക് അറിയില്ലേ?.....പെൻഷനുമായി ബന്ധപ്പെട്ട് പരിശോധിക്കൂ, ഈ നാട്ടിലെ പാവപ്പെട്ട 62 ലക്ഷം പേർക്ക് പെൻഷൻ

കൊടുക്കുന്ന ഗവൺമെന്റാണിത്. പ്രതിമാസം 850 കോടി രൂപ ഗവൺമെന്റ് പെൻഷൻ കൊടുക്കുമ്പോൾ കേന്ദ്രം നൽകുന്നത് വെറും 22 കോടി രൂപ മാത്രമാണ്. അതിനാൽ റവന്യൂ ചെലവ് കൂടും. മനുഷ്യന്റെ ജീവിതശേഷിവികസനം വർധിപ്പിക്കാൻ ഗവൺമെന്റ് ശ്രമിക്കുമ്പോൾ ഗവൺമെന്റിന്റെ റവന്യൂ ചെലവ് കൂടും. ഞാൻ അതിന്റെ വിശദാംശങ്ങൾ പറയുന്നില്ല.

ആരോഗ്യ ഇൻഷ്വറൻസിനെ സംബന്ധിച്ച് പറഞ്ഞില്ലേ; കേരളത്തിലെ 42 ലക്ഷം കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് കൊടുക്കുന്നുണ്ട്. അതിൽ 1300 മുതൽ 1500 കോടി രൂപവരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് ചെലവഴിക്കുമ്പോൾ, കേന്ദ്രം നൽകുന്നത് വെറും 151 കോടി രൂപമാത്രമാണ്. ജൽ ജീവൻ മിഷന്റെ മാനദണ്ഡം എന്താണ്? 25 ശതമാനം സംസ്ഥാന സർക്കാരും 15 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 10 ശതമാനം ഗുണഭോക്താവും നൽകുമ്പോൾ ബാക്കി 50 ശതമാനം മാത്രമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. കേരളത്തിൽ അങ്ങനെയാണ് നടക്കുന്നത്. തദ്ദേശസ്വയംഭരണ

സ്ഥാപനത്തിന്റെ വിഹിതവും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെയുള്ള 50 ശതമാനവും സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ട് ഏതാണ്ട് 4475 കോടി രൂപയുടെ പ്രോജക്ട് ഇന്ന് കേരളത്തിൽ നടക്കുന്നത്. കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ച് കേന്ദ്ര വിഹിതം കുറയ്ക്കുമ്പോൾ അത്തരം ബാധ്യതകളെല്ലാം ഈ ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട് മുന്നോട്ടു പോകുന്നതിന്റെ ഭാഗമായി കുറച്ച് സാമ്പത്തിക ബുദ്ധിമുട്ടെല്ലാം വരും. വിദ്യാഭ്യാസ മേഖലയിൽ വന്ന മാറ്റമെന്താണ്? പാവപ്പെട്ട ലക്ഷക്കണക്കിന് ആളുകളല്ലേ വിദ്യാർഥികളെ പഠിപ്പിക്കുന്ന കടബാധ്യതയിൽനിന്നും രക്ഷപ്പെട്ടത്. അങ്ങനെയാണ് സാമൂഹ്യ മാനവശേഷി വികസനത്തിൽ കേരളം മുന്നോട്ടു വരുന്നത്. ദരിദ്രരുടെ പട്ടികയിൽ, അതിദരിദ്രരുടെ എണ്ണം കേരളത്തിൽ അര ശതമാനത്തിൽ താഴെയാണ്. അതായത്, 0.44 ശതമാനം മാത്രമാണ്. ഉത്തർപ്രദേശിൽ 22.93 ശതമാനവും മധ്യപ്രദേശിൽ 20.63 ശതമാനവുമാണ്. അതാണ് കേരളത്തിന്റെ പ്രത്യേകത. ഇടതുപക്ഷ നയത്തിന്റെ ഭാഗമാണിത്. ധനകാര്യ പ്രതിസന്ധിയെ മറികടക്കാൻവേണ്ടിയുള്ള യോജിച്ചുള്ള പോരാട്ടം നടത്തുന്നതിനുപകരം,

പരസ്പരം മാറിനിന്ന് ഗവൺമെന്റിനെ പ്രതിസ്ഥാനത്തുനിർത്തി വിചാരണ ചെയ്യുകയാണോ വേണ്ടത്; ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റിനെക്കുറിച്ച് ഇവിടെ പറഞ്ഞു; ഞാൻ എല്ലാ കാര്യങ്ങളും പറയുന്നില്ല. യു.ഡി.എഫ്.-ന്റെ കാലത്തെ ഒരു കണക്ക് എന്റെ കൈയിലുണ്ട്. 2011-ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്ത് കേരളത്തിന്റെ നികുതി വരുമാനത്തിന്റെ വളർച്ചാ നിരക്ക് 23.24 ശതമാനമായിരുന്നു. 2011-ൽ ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽവന്നപ്പോൾ നികുതി വരുമാനത്തിന്റെ തോത് 10.8 ശതമാനമായി കുറഞ്ഞു. അവർ അധികാരമൊഴിയുമ്പോൾ 5.6 ശതമാനമായി അധഃപതിച്ചു. എന്നാൽ തനതുവരുമാനം വർധിപ്പിക്കുന്ന കേരളത്തിൽ 2021-22-ൽ 22.41 ശതമാനം വർധനവുണ്ടായി. 2022-23-ൽ 23.36 ശതമാനം വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ദേശീയ ശരാശരി നോക്കുമ്പോൾ, 2021-22 മുതൽ 2022-23 വരെയുള്ള സംസ്ഥാനങ്ങളുടെ തനത് നികുതി വരുമാനവും ആകെ നികുതി വരുമാനവും തമ്മിലുള്ള അനുപാതം ദേശീയതലത്തിൽ 65.4 ശതമാനമായിരിക്കുമ്പോൾ കേരളത്തിന്റേത് 78.7 ശതമാനമാണ്. മികച്ച ധനകാര്യ മാനേജ്മെന്റാണ് കേരളം

നിർവഹിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ ആകെയുള്ള വരുമാനത്തിന്റെ 79 ശതമാനം തനത് നികുതി വരുമാനമാണ്. 21 ശതമാനം മാത്രമാണ് കേന്ദ്ര വിഹിതമായി കിട്ടുന്നത്. കേരളത്തിന്റെ ധനദൃഢീകരണം സുസ്ഥിരമാണ്. ധനക്കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന ധനക്കമ്മിയും ജി.എസ്.ഡി.പി.യും തമ്മിലുള്ള അനുപാതം 3.5 ശതമാനമാണ്. പക്ഷെ കേരളത്തിന്റേത് 2.81 ശതമാനം മാത്രമാണ്. കടബാധ്യതയും ജി.എസ്.ഡി.പി.-യും തമ്മിലുള്ള അനുപാതം ധനക്കമ്മീഷൻ പറഞ്ഞിരിക്കുന്നത് 33.7 ശതമാനമാണെന്നാണ്. എന്നാൽ കേരളം 33.09 ശതമാനത്തിലാണ്. മികച്ച ധനകാര്യ മാനേജ്മെന്റാണിത്. സംസ്ഥാനം കടത്തിലാണെന്നും ഇവിടെ നികുതി പിരിക്കുന്നില്ലെന്നുമൊക്കെ പറഞ്ഞ് ജനങ്ങളിൽ തെറ്റായ ധാരണയുണ്ടാക്കി മുന്നോട്ട് പോകുകയാണ്. കേന്ദ്ര നയത്തിന്റെ ഭാഗമായി നമുക്കുണ്ടാകുന്ന സാമ്പത്തിക ദുരിതങ്ങൾ നമ്മൾ ചർച്ച ചെയ്യണ്ടേ? കേരളത്തിന് കേന്ദ്ര സർക്കാരിൽനിന്നും വിവിധ ഇനങ്ങളിലായി 2021-22-ൽ കിട്ടിയത് 47,837 കോടി രൂപയാണ്. എന്നാൽ 2022-23-ൽ അത് 45,639 കോടി രൂപയായി കുറഞ്ഞു. കഴിഞ്ഞവർഷം അത് 33,811 കോടി

രൂപയായി കുറഞ്ഞു. 2021-22-നെ അപേക്ഷിച്ച് 26 ശതമാനത്തിന്റെ അതായത്, 14,026 കോടി രൂപയുടെ കുറവാണ് കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ട വിവിധ ഇനങ്ങളിലെ വരുമാനവുമായി ബന്ധപ്പെട്ട് കുറഞ്ഞത്. 2021-22-ൽ സംസ്ഥാന ജി.എസ്.ഡി.പി.-യുടെ 5.12 ശതമാനമായിരുന്ന കേന്ദ്ര സഹായം 2023-24 വർഷമെത്തുമ്പോൾ 2.88 ശതമാനമായി കുറഞ്ഞു. പലകാരണങ്ങൾ പറഞ്ഞ് കടമെടുപ്പ് പരിധി കുറച്ചതിനാൽ 6 വർഷംകൊണ്ട് ഒരു ലക്ഷം കോടി രൂപയിലധികം വരുമാന നഷ്ടമുണ്ടായിയെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ വിഷയത്തിൽ കേന്ദ്രത്തിന്റെ നയം എന്താണ്? സംസ്ഥാനം കടമെടുക്കാൻ പാടില്ല, എന്നാൽ കേന്ദ്രത്തിന്റെ പൊതുകടം വർധിക്കുകയുമാണ്. മുൻവർഷമുണ്ടായിരുന്ന 141 ലക്ഷം കോടി രൂപയിൽനിന്നും 176 ലക്ഷം കോടി രൂപയായി കേന്ദ്രത്തിന്റെ പൊതുകടം വർധിച്ചു, വർധന നിരക്ക് 25 ശതമാനം. എന്നാൽ കേരളത്തിന്റെ പൊതുകടം 2023-24-ലെ 4.02 ലക്ഷം കോടി രൂപ എന്നത് നിലവിൽ 4.48 ലക്ഷം കോടി രൂപയായി മാറി, കേന്ദ്രത്തിന്റെ പൊതുകടം 25 ശതമാനം വർധിച്ചപ്പോൾ മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ കേരളം അത് 11.23 ശതമാനമായി

നിജപ്പെടുത്തി. അതാണ് ഇവിടത്തെ ധനകാര്യ മാനേജ്മെന്റ്. വായ്പാ തിരിച്ചടവിന് കേന്ദ്രം റവന്യൂ വരുമാനത്തിന്റെ മൂന്നിൽ ഒരുഭാഗം ചെലവഴിക്കുമ്പോൾ കേരളം റവന്യൂ വരുമാനത്തിന്റെ അഞ്ചിൽ ഒരുഭാഗം മാത്രമാണ് ഈയിനത്തിൽ ചെലവഴിക്കുന്നത്. കേരളത്തിൽ മികച്ച ധനകാര്യ മാനേജ്മെന്റാണ്. സാമ്പത്തിക ഫെഡറൽ സംവിധാനത്തിലെ അസമത്വമല്ലേ ഇവിടെ ചർച്ച ചെയ്യേണ്ടത്; ഫെഡറൽ സംവിധാനത്തിലെ അസമത്വം ചർച്ചയാവണ്ടേ? രാജ്യത്തിന്റെ പൊതുചെലവുകളുടെ 65 ശതമാനവും നിർവ്വഹിക്കുന്നത് സംസ്ഥാന സർക്കാരുകളാണെന്നാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിരീക്ഷിക്കുന്നത്. എന്നാൽ മൊത്തം വരുമാനത്തിന്റെ 37 ശതമാനം മാത്രമാണ് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നത്. Divisible pool, സംസ്ഥാനങ്ങൾക്ക് ലഭ്യമാകേണ്ട ഡിവിസിബിൾ പൂളിൽനിന്നും 41 ശതമാനം സംസ്ഥാനങ്ങൾക്ക് അവകാശപ്പെട്ടതാണെങ്കിലും യഥാർത്ഥത്തിൽ കേന്ദ്രത്തിൽനിന്നും സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നത് 30 ശതമാനം മാത്രമാണ്. കേന്ദ്രത്തിന്റെ റവന്യൂ നികുതിയുടെ 28 ശതമാനവും സർചാർജ്ജും സെസ്സുകളുമായി മാറുകയാണ്. ഇതിനെതിരായല്ലേ ജനാധിപത്യ ബോധമുള്ള

പൗരന്മാർ ഒന്നിക്കേണ്ടത്. ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷമായി ഭിന്നിച്ചുനിന്നതുകൊണ്ട് കാര്യമുണ്ടോ? തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇവിടെയുണ്ടല്ലോ, തദ്ദേശസ്വയംഭരണ ഗ്രാന്റുകൾ മൃഗീയമായി വെട്ടിക്കുറച്ചില്ലേ; ഗ്രാന്റുകൾ പകുതിയായി വെട്ടിക്കുറച്ചതിനെതിരെ പ്രതികരിക്കേണ്ടത് ആരാണ്; പഞ്ചായത്തുകളിൽ എൽ.ഡി.എഫ്./ യു.ഡി.എഫ്. എന്നുണ്ടോ; അവിടെ നടക്കുന്നത് പ്രാദേശിക വികസനമല്ലേ? 12-ാം ധനകാര്യ കമ്മീഷന്റെ കാലത്ത് 4.54 ശതമാനം ലഭിച്ചിരുന്നത് 14-ാം ധനകാര്യ കമ്മീഷന്റെ കാലത്ത് 2.67 ശതമാനവും 15-ാം ധനകാര്യ കമ്മീഷന്റെ കാലത്ത് 2.68 ശതമാനവുമായി മാറിയെന്നത് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. ഉത്തർപ്രദേശ് 16.05%, മഹാരാഷ്ട്ര 9.59%, രാജസ്ഥാൻ 6.36%, ബീഹാർ 8.26%, ഈ കണക്കുകൾ കണ്ടാൽ വിവേചനം മനസ്സിലാകും. കേന്ദ്ര മാനദണ്ഡങ്ങൾ കേരള വിരുദ്ധമാണ്. അതിനെതിരായ പോരാട്ടമല്ലേ സംഘടിപ്പിക്കേണ്ടത്? ഈ നാടിനെ സംരക്ഷിക്കാനായി ഒരുമിച്ചുനിന്ന് ഇത്തരം നയങ്ങൾക്കെതിരെ പോരാടുന്നതിനുപകരം ഭരണപക്ഷ-പ്രതിപക്ഷ ഭാഗങ്ങളായി നിന്ന് കേരളത്തെ

പിന്നോട്ടടിക്കുകയല്ല ചെയ്യേണ്ടത്, എന്നാൽ നിങ്ങൾ അതാണ് ഇപ്പോൾ ചെയ്യുന്നത്. ഇത്തരത്തിൽ സാധാരണക്കാർക്കും സമൂഹത്തിലെ ദുർബലവിഭാഗങ്ങൾക്കും അർഹമായ സംരക്ഷണം ഉറപ്പുവരുത്താനായി നവകേരളം സൃഷ്ടിക്കുന്ന നയങ്ങളുമായി എൽ.ഡി.എഫ്. മുമ്പോട്ടുപോകും, അതിൽ യാതൊരു സംശയവുമില്ല, അതിന് ഈ നാടിന്റെ പിന്തുണയുമുണ്ടെന്ന് ഞങ്ങൾ അറിയിക്കുകയാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട ജി. എസ്. ജയലാൽ അദ്ദേഹത്തിന്റെ പ്രസംഗത്തിലുടനീളം പറഞ്ഞത്, കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങൾമൂലം കേരളത്തിൽ കാര്യങ്ങൾ നടക്കുന്നില്ല എന്നാണ്. ഇക്കാര്യത്തിൽ യോജിച്ചുനിന്ന് പ്രക്ഷോഭം നടത്തുന്നതിനെക്കുറിച്ച് പ്രതിപക്ഷനേതാവടക്കം കേരളത്തിലെ യു.ഡി.എഫ്. നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്രസർക്കാർ കേരളത്തോട് കാണിക്കുന്ന സാമ്പത്തിക വിവേചനം അവസാനിപ്പിക്കണമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല, ഞങ്ങൾ ആ കാര്യത്തിൽ ഒറ്റക്കെട്ടായി കൂടെയുണ്ട്. ഈ വിഷയത്തിൽ ഞങ്ങൾ നിരന്തരമായി സമരം ചെയ്യുകയല്ലേ, അക്കാര്യത്തിൽ നിങ്ങളേക്കാൾ കൂടുതൽ സമരം ചെയ്യുന്നത് ഞങ്ങളാണ്. ഈ

വിഷയങ്ങൾ നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നു എന്നല്ലാതെ കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ യഥാർത്ഥത്തിൽ ചെയ്യുന്നുണ്ടോ എന്നതാണ് ഞങ്ങൾ ഉന്നയിക്കുന്ന പ്രശ്നം, നിങ്ങൾ യാതൊന്നും ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കണം..

ശ്രീ. മോൻസ് ജോസഫ്: സർ, അങ്ങനെ ചെയ്യാം. ഇവിടെ ധാരാളം കാര്യങ്ങൾ ശ്രീ. ജി. എസ്. ജയലാൽ പറഞ്ഞു, കേരളത്തിന്റെ വാർഷിക പദ്ധതി 50 ശതമാനം വെട്ടിക്കുറച്ചു, ഇത് സംസ്ഥാന ഗവൺമെന്റ് ചെയ്ത പരിപാടിയാണ്, 50 ശതമാനം വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചത് മന്ത്രിസഭാ യോഗമാണ്. എന്നുപറഞ്ഞാൽ ബജറ്റിലൂടെ പ്രഖ്യാപിച്ച വികസന പദ്ധതികളിൽ പകുതിയും കേരളത്തിൽ നടപ്പാക്കുന്നില്ല, പകുതി പദ്ധതിയും ഉപേക്ഷിച്ചുവെന്നാണ് മനസ്സിലാകുന്നത്. എം.എൽ.എ. ഫണ്ടിന്റെ കാര്യംമാത്രം പരിശോധിക്കാം, ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നൽകുന്ന ഈ ഫണ്ടിൽനിന്നുള്ള വർക്ക് ഏറ്റെടുത്ത് നടത്തിക്കഴിഞ്ഞാൽ അതിന്റെ പണം

നൽകുന്നതിന് ഈ സർക്കാരിന് കഴിയുന്നുണ്ടോ? അതുപോലും കിട്ടുന്നില്ല. സംസ്ഥാനത്ത് നിർമ്മാണ മേഖല പരിപൂർണ്ണമായും സ്തംഭനാവസ്ഥയിലേയ്ക്ക് വന്നിരിക്കുകയാണ്. കാർഷിക മേഖലയുടെ അവസ്ഥ എന്താണ്; നമ്മുടെ മന്ത്രിമാരുടെ ഓരോരുത്തരുടെയും വകുപ്പിൽ കേന്ദ്രം നൽകാൻ തയ്യാറുള്ള പണം വാങ്ങിച്ചെടുക്കാൻ കഴിയാത്ത പ്രശ്നം ഗൗരവമായി കാണേണ്ടതല്ലേ? സംസ്ഥാന ഗവൺമെന്റ് മാച്ചിംഗ് ഗ്രാന്റ് നൽകാത്തതുകൊണ്ട്, ധനകാര്യ വകുപ്പ് പണം വിട്ടുനൽകാത്തതുകൊണ്ട് കേന്ദ്രത്തിൽനിന്നും അനുവദിച്ച പണം വാങ്ങിക്കാൻ കഴിയാതെ, കേരളത്തിലെ എത്രവകുപ്പുകളിലാണ് പദ്ധതി സ്തംഭിച്ചിരിക്കുന്നത്. സമയപരിമിതിമൂലം എല്ലാംപറയാൻ കഴിയാതെ എനിക്ക് നിർത്തേണ്ടി വരികയാണ്. ഇത്തരം വിഷയങ്ങളെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി കാണണം. ലൈഫ് പദ്ധതിയിൽ ഉൾപ്പെടെയുള്ളതിൽ, പാവങ്ങളോട് നീതിപുലർത്താൻ കഴിയാതെ, കൃഷിക്കാരോട് നീതിപുലർത്താൻ കഴിയാതെ പ്രതിസന്ധിയിലാകുന്ന സാഹചര്യങ്ങൾ കേരളത്തിൽ സൃഷ്ടിച്ചത് ധനമാനേജ്മെന്റിന്റെ പരാജയംതന്നെയാണ്. അതുകൊണ്ട് ഗവൺമെന്റ് തെറ്റായ സമീപനം തിരുത്താൻ തയ്യാറാകണം, ധനമാനേജ്മെന്റ്

കാര്യക്ഷമമായി പോകുന്നതിനുള്ള നിർദ്ദേശം മുമ്പോട്ടുവച്ചാൽ പ്രതിപക്ഷം അതിനോട് സഹകരിക്കാൻ തയ്യാറായിരിക്കും, അല്ലെങ്കിൽ അതിശക്തമായി കേന്ദ്രത്തെ എതിർക്കുന്നതുപോലെ എൽ.ഡി.എഫ്.-ന്റെ നയങ്ങളെയും ശക്തമായി എതിർത്തുകൊണ്ട് ഞങ്ങൾ മുമ്പോട്ടുപോകുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഡോ. മാത്യു കുഴൽനാടന്റെ ഉപക്ഷേപം സംഘ്പരിവാറിനെ സുഖിപ്പിക്കാനുള്ളതായിരുന്നു, അല്ലെങ്കിൽ ബി.ജെ.പി. ഗവൺമെന്റിനെ തലോടാനുള്ളതായിരുന്നു, അതിൽ ഒരു വരിയെങ്കിലും, സത്യത്തിന്റെ ഒരു കണികയെങ്കിലും കേന്ദ്ര അവഗണനയുമായി ബന്ധപ്പെട്ട് പറയാൻ തയ്യാറായോ? ഇവിടെ ശ്രീ. മോൻസ് ജോസഫ് സമരം ചെയ്യാമെന്ന് പറഞ്ഞു, കേരള കോൺഗ്രസ് സ്ഥിരമായി അങ്ങനെ പറയുന്നവരാണ്, അത് നല്ലകാര്യംതന്നെ. കേരളത്തെ ശ്വാസംമുട്ടിച്ച് തകർക്കാൻ കേന്ദ്ര സർക്കാർ ശ്രമിച്ച ഓരോഘട്ടത്തിലും പ്രതിപക്ഷം ആരോടൊപ്പമാണ് നിന്നത്; കേന്ദ്രം, കേരളത്തോട് കാണിച്ചുകൊണ്ടിരിക്കുന്നത് ഉപരോധസമാനമായ ഒരു സാമ്പത്തിക വിവേചനമല്ലേ; കേരളത്തെ സാമ്പത്തിക ബുദ്ധിമുട്ടുകളിലേയ്ക്ക്

എത്തിക്കുന്നത് നരേന്ദ്ര മോദി സർക്കാരിന്റെ പകപോക്കൽ നയങ്ങളല്ലേ? എന്നാൽ കേന്ദ്ര അവഗണനകൊണ്ടൊന്നുമല്ല, പകരം ക്ലിഫ് ഹൗസിന്റെ ചുറ്റും മതിൽ നിർമ്മിച്ചതിന് 20 ലക്ഷം രൂപ ചെലവഴിച്ചതുകൊണ്ടാണ് കേരളത്തിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടാകുന്നതെന്ന തരത്തിലേയ്ക്കുള്ള പ്രചാരവേലയല്ലേ പ്രതിപക്ഷം, പ്രത്യേകിച്ച് കോൺഗ്രസ് പാർട്ടി നടത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീമതി നിർമ്മല സീതാരാമന്റെ വക്കാലത്ത് ഏറ്റെടുത്തിട്ടുള്ളത് ആരാണെന്ന് കാണുകയാണ്. പണ്ട് ഡോ. മാത്യു കുഴൽനാടൻ കിഫ്ബിക്കെതിരായി സംഘ്പരിവാർ സംഘടനകൾ നൽകിയ കേസിന്റെ വക്കാലത്ത് ഏറ്റെടുത്തത് നമുക്ക് ഓർമയുണ്ടല്ലോ; അന്ന് കിഫ്ബിക്കെതിരായി കോടതിയിൽ വീറോടെ വാദിച്ച നമ്മുടെ ഡോ. മാത്യു കുഴൽനാടൻ പിറ്റേദിവസം യാതൊരു ഉളുപ്പുമില്ലാതെ തന്റെ മൂവാറ്റുപുഴ മണ്ഡലത്തിലാകെ, കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട് തന്റെ മണ്ഡലത്തിലുണ്ടായ വികസനത്തെ സംബന്ധിച്ച് വലിയ ഫ്ലക്സ് ബോർഡുകൾ പ്രദർശിപ്പിച്ചത് ഇപ്പോഴും നമുക്ക് അദ്ദേഹത്തിന്റെ ഫേസ്ബുക്ക് പരിശോധിച്ചാൽ കാണാൻ കഴിയും എന്നത് അദ്ദേഹം

മറക്കരുത്. കേരളത്തിലെ പ്രതിസന്ധിയുടെ പൂർണ്ണ ഉത്തരവാദികളായ ബി.ജെ.പി.യെ, അവരുടെ നയത്തിന്റെ ഫലമായിട്ടുണ്ടായതാണെന്ന കാര്യം മറച്ചുവയ്ക്കുവാൻ പ്രതിപക്ഷനേതാവ് ശ്രമിക്കുകയല്ലേ? അതിന് ഞാൻ അദ്ദേഹത്തെ കുറ്റം പറയില്ല. കാരണം, അദ്ദേഹത്തിന് പറവൂരിലെ മനക്കപ്പടി സ്കൂളിലെ സംഘപരിവാർ വേദിയിൽ പോയി സവർക്കറുടെ ഫോട്ടോയ്ക്കുമുന്നിൽ അദ്ദേഹം ദീപം തെളിയിച്ചത് ഓർമ്മയുണ്ടല്ലോ. അതുകൊണ്ടുതന്നെ ശ്രീ. വി. ഡി. സതീശനെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാരിനെ വെള്ളപൂശുകയെന്നത് അദ്ദേഹത്തിന്റെ ഉത്തരവാദിത്വമാണെന്ന് ഞങ്ങൾക്ക് നന്നായറിയാം. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക ഉപരോധങ്ങൾക്കെതിരെ ചരിത്രപ്രസിദ്ധമായൊരു സമരമല്ലേ ഡൽഹിയിൽ നടന്നത്. ആ സമരത്തെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ പ്രതിപക്ഷനേതാവിന്റെ നിലപാടെന്തായിരുന്നു? നിഷേധാത്മകമായ നിലപാടല്ലേ അദ്ദേഹം സ്വീകരിച്ചത്. കേരളത്തിന്റെ പൊതുവായ ആവശ്യങ്ങളോട് മുഖം തിരിഞ്ഞുനിൽക്കുകയാണോ ഒരു പ്രതിപക്ഷനേതാവ് ചെയ്യേണ്ടത്. കേരളത്തിന്റെ ധനഞെരുക്കത്തിന് കാരണം കേന്ദ്രസർക്കാരല്ലെന്ന് നാഴികക്ക്

നാൽപത് വട്ടം അദ്ദേഹം പറയുന്നത് ആരെ സംരക്ഷിക്കാനാണ്. കേരളത്തിലെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയും എം.എൽ.എ.മാരും കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെ ഡൽഹിയിൽ സമരം നടത്തിയ കഥ ഈ നാടാകെ ആവേശത്തോടെ ഏറ്റെടുത്തതല്ലേ. അന്ന് ആ സമരത്തെ പരിഹസിക്കാനല്ലേ പ്രതിപക്ഷനേതാവ് തയ്യാറായത്. ഇത് സമരമല്ല പ്രഹസനമാണെന്നുപറഞ്ഞ് വല്ലാത്ത ആവേശത്തോടെയല്ലേ അദ്ദേഹം അന്ന് വാർത്താസമ്മേളനം നടത്തിയത്. എന്തൊരു ആക്രമണമാണ് ഞങ്ങൾക്കെതിരായി അന്ന് അഴിച്ചുവിട്ടത്. ധനപ്രതിസന്ധിയുടെ കാരണത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞത് ഐ.ജി.എസ്.ടി. പിരിച്ചെടുക്കാത്തതുകൊണ്ടാണ് കേരളത്തിന് ഈ സാമ്പത്തിക പ്രതിസന്ധിയുണ്ടാതെന്നാണ്. മറ്റാരും പറയാത്ത വിചിത്രമായ വാദമാണ് അദ്ദേഹം പറഞ്ഞത്. സാമ്പത്തികശാസ്ത്രത്തിന്റെ ബാലപാഠം പോലുമറിയുന്നവർ യഥാർഥത്തിൽ പുച്ഛിച്ചുതള്ളുന്ന നിലയിലേയ്ക്കുള്ള സംരക്ഷണകവചമാണ് അദ്ദേഹം ബി.ജെ.പി.-ക്കുവേണ്ടി സൃഷ്ടിക്കാൻ ശ്രമിച്ചത്.

കർണ്ണാടകയിലെ കോൺഗ്രസ്സുകാർ നടത്തിയ സമരം യഥാർത്ഥത്തിൽ കേരളത്തിലെ പ്രതിപക്ഷത്തിന്റെ മുഖത്തടിച്ച സമരമല്ലേ? ശ്രീ. സിദ്ധരാമയ്യ ഞങ്ങളെ ചതിച്ചെന്നല്ലേ കേരളത്തിലെ യൂത്ത് കോൺഗ്രസ്സുകാർക്കടക്കം പറയേണ്ടി വന്നത്. കേരളം സമരം ചെയ്യാൻ തീരുമാനിച്ചതിന് തലേന്നുതന്നെ കർണ്ണാടക സമരം ചെയ്തില്ലേ? 45000 കോടി രൂപ നമ്മുടെ സംസ്ഥാനത്തിന് നഷ്ടപ്പെട്ടെന്നാണ് ശ്രീ. കെ. സിദ്ധരാമയ്യയും ശ്രീ. ഡി. കെ. ശിവകുമാറും പറയുന്നത്. അതിന്റെ ഭാഗമായി അവർ ഡൽഹിയിൽ സമരം നടത്തി. ആ സമരത്തിന് പോകുന്നതിന്റെ തലേന്ന് പ്രതിപക്ഷനേതാവ് ഡൽഹിയിൽ പോകാൻ നിശ്ചയിച്ചിരുന്നുവെങ്കിലും അദ്ദേഹം യാത്ര റദ്ദുചെയ്തു. കാരണം അവിടെയെത്തിയാൽ സർക്കാർ നടത്തുന്ന സമരത്തിൽ പങ്കെടുക്കേണ്ടിവന്നാലോ; അങ്ങനെ സമരത്തിന് പോകേണ്ടി വന്നാൽ ബി.ജെ.പി.-ക്കും സംഘപരിവാറിനും ഇഷ്ടപ്പെടില്ലല്ലോ. എങ്കിൽപിന്നെ അങ്ങനെയൊരു തെറ്റായ കാര്യം ചെയ്യാമോ. അതുകൊണ്ട് അദ്ദേഹം ഡൽഹിയിൽ പോയില്ല. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെതിരായും കേന്ദ്ര ഗവൺമെന്റിനെ ന്യായീകരിച്ചും

സംസാരിക്കുമ്പോൾ ഞാൻ ഒരുകാര്യം ചോദിക്കട്ടെ, കേന്ദ്രത്തിലെ കോൺഗ്രസ്സിന്റെ നയമെന്താണ്? പ്രതിപക്ഷ ഗവൺമെന്റുകളോട് സാമ്പത്തിക ഉപരോധമടക്കം ഏർപ്പെടുത്തി അവരെ ധനപ്രതിസന്ധിയിലാക്കി സാമ്പത്തികമായി ഞെരുക്കുകയാണെന്ന് കർണ്ണാടക മുഖ്യമന്ത്രിയായ ശ്രീ. കെ. സിദ്ധരാമയ്യ മാത്രമല്ലല്ലോ പറയുന്നത്. കോൺഗ്രസ്സ് അധ്യക്ഷനായ മല്ലികാർജ്ജുൻ ഖർഗെയുടെ നിലപാടും അതല്ലേ? പാർലമെന്റ് തിരഞ്ഞെടുപ്പിനുമുമ്പ് ബി.ജെ.പി. ഒരു വൈറ്റ് പേപ്പർ അവതരിപ്പിച്ചപ്പോൾ അതിന് ബദലായി കോൺഗ്രസ്സ് ഒരു ബ്ലാക്ക് പേപ്പർ കൊണ്ടുവന്നല്ലോ. ആ ബ്ലാക്ക് പേപ്പറിൽ കേരളമടക്കമുള്ള സംസ്ഥാനങ്ങളോട് ബി.ജെ.പി. ഗവൺമെന്റ് സ്വീകരിക്കുന്ന സാമ്പത്തിക ഉപരോധമടക്കം പറഞ്ഞിട്ടില്ലേ? അതല്ലേ സത്യം. കർണ്ണാടകത്തിന്റെ സമരം അവസാനിപ്പിക്കാനും അവർ ഡൽഹിയിൽ സമരത്തിന് പോകാതിരിക്കാനും പലരും ശ്രമിച്ചു. അതിനുവേണ്ടി AICC ജനറൽ സെക്രട്ടറി ശ്രീ. കെ. സി. വേണുഗോപാലിനെ ഇടനിലക്കാരനായി ഉപയോഗിച്ചുവെന്നാണ് പിന്നീട് പുറത്തുവന്ന വാർത്തകളിലൂടെ വ്യക്തമാകുന്നത്. കാരണം, അദ്ദേഹം പറഞ്ഞാൽ

കർണ്ണാടകക്കാർ സമരത്തിന് പോകാതിരിക്കണം. പക്ഷേ, ശ്രീ. കെ. സി. വേണുഗോപാൽ അതിന് വഴങ്ങിയില്ല. കാരണം, ശ്രീ. സുനിൽ കനുഗോലുവിന്റെ പണം കൊടുക്കണമല്ലോ. അത് കർണ്ണാടകത്തിൽനിന്നും കിട്ടിയില്ലെങ്കിൽ പിന്നെ എങ്ങനെയാണ് ശ്രീ. സുനിൽ കനുഗോലുവിന് പണം കൊടുക്കുന്നത്. അദ്ദേഹത്തിന് പണം കൊടുക്കേണ്ടത് കോൺഗ്രസ്സിന്റെ ആവശ്യമായതുകൊണ്ടുതന്നെ ആ സമരം ഒഴിവായില്ലെന്ന് മാത്രമല്ല, ശ്രീ. കെ. സി. വേണുഗോപാൽ സമരത്തെ എതിർത്തതുമില്ല; സമരം നടന്നു. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന തെറ്റായ നിലപാടുകൾക്കെതിരെ പ്രതികരിക്കാൻ കോൺഗ്രസ് എന്തുകൊണ്ടാണ് തയ്യാറാകാത്തത്?

ഇന്നലെ വയനാടുമായി ബന്ധപ്പെട്ട വിഷയത്തിന്മേലുള്ള ചർച്ചയിൽ നമുക്കൊരുമിച്ച് നിൽക്കാമെന്ന് പ്രതിപക്ഷം പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. എന്നാൽ കേരളത്തിനെതിരെ തുടർച്ചയായി സാമ്പത്തിക ഉപരോധം സൃഷ്ടിക്കുന്ന കേന്ദ്ര നയങ്ങൾക്കെതിരായി നമ്മൾ ശബ്ദിക്കണ്ടേ? 'ഭാരതമെന്നു കേട്ടാൽ അഭിമാനപൂരിതമാവണം അന്തരംഗം; കേരളമെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ' എന്നാണല്ലോ മഹാകവി

പാടിയിട്ടുള്ളത്. എന്നാൽ, ഇപ്പോൾ കേരളമെന്ന് കേട്ടാൽ ഇവിടെ ആർക്കാണ് അഭിമാനം തോന്നുന്നത്. ഇവിടെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചപ്പോൾ സംഘപരിവാറിനെക്കുറിച്ചോ ബി.ജെ.പി.-യെക്കുറിച്ചോ അവരുടെ നയങ്ങളെക്കുറിച്ചോ ഒരു വാക്കെങ്കിലും പറയാൻ പ്രതിപക്ഷാംഗങ്ങൾ തയ്യാറായോ? ഇക്കാര്യത്തിൽ കേരളത്തിലെ കോൺഗ്രസ്സിന്റെ നിലപാട് എന്താണെന്നത് ഓരോ ദിവസവും നാം കണ്ടുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം അവരുടെ സങ്കുചിത രാഷ്ട്രീയതാല്പര്യത്തിനും സംഘപരിവാറിനെ സംരക്ഷിക്കാനും വേണ്ടിയാണ്. ഇതിനെല്ലാം ഇവിടെ ഇടനിലക്കാരുമുണ്ട്. കൊല്ലത്തുനിന്നുള്ള യു.ഡി.എഫ്. എം.പി.യായ ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ശ്രീ. നരേന്ദ്ര മോദിയുമായി ഉച്ചയൂണ് കഴിക്കാൻ പോയതും പത്തുവർഷങ്ങൾക്കുമുമ്പ് ഉമ്മൻചാണ്ടി ഗവൺമെന്റിലെ മന്ത്രിയായിരുന്ന ശ്രീ. ഷിബു ബേബി ജോൺ ശ്രീ. നരേന്ദ്ര മോദിയെക്കാണാൻ ഗുജറാത്തിൽ പോയതുമെല്ലാം ചേർത്ത് വായിക്കുമ്പോൾ ഒരു കാര്യം വളരെ വ്യക്തമാണ്. യു.ഡി.എഫ്.-ആർ.എസ്.എസ്. ബന്ധത്തിന് ഇടനിലക്കാരായി ശ്രീ. എൻ. കെ. പ്രേമചന്ദ്രനെപ്പോലെയുള്ള നേതാക്കന്മാർ പ്രവർത്തിക്കുന്നുണ്ടെന്നതിൽ

അതിൽ ഞങ്ങൾക്ക് യാതൊരു തർക്കവുമില്ല. പക്ഷേ, കേരളത്തെ സംബന്ധിച്ചിടത്തോളം ഇതൊക്കെ ഇവിടത്തെ ജനങ്ങൾ തിരിച്ചറിയും. ഈ നാടിനെ ഒറ്റികൊടുക്കുന്ന നിലപാട് തിരിച്ചറിയും. അതുകൊണ്ടുതന്നെയാണ് കേരളത്തിലെ ഗവൺമെന്റ് തനതുവരുമാനം വർധിപ്പിച്ചുകൊണ്ട് കേന്ദ്രത്തിന്റെ ഈ ഉപരോധത്തെയെല്ലാം അവഗണിച്ചുകൊണ്ട് മുന്നോട്ടുപോകാൻ തയ്യാറായിട്ടുള്ളത്.

<u>ചെയർപേഴ്സൺ</u>: അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഓണക്കാലത്ത് ഇവിടത്തെ പ്രതിപക്ഷാംഗങ്ങൾ ആഗ്രഹിച്ചതെന്താണ്? കേരളത്തിൽ ഓണത്തോടനുബന്ധിച്ച് യാതൊന്നും നടക്കില്ലെന്നല്ലേ ഇവർ കരുതിയത്? ഇവിടത്തെ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് കൊടുക്കാനുള്ള എല്ലാ ആനുകൂല്യങ്ങളും സഹായങ്ങളും ഈ ഓണക്കാലത്തും കൃത്യമായി കൊടുക്കാൻ കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് തയ്യാറായി. 2024-ൽ കേരളത്തിൽ ഓണമില്ലെന്നല്ലേ ഈ സഭയിൽ ഇവർ പറഞ്ഞത്. എന്നാൽ സംതൃപ്തിയോടുകൂടി കേരളത്തിലെ

ജനങ്ങൾക്ക് ഓണം ആഘോഷിക്കാനുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തിയ ഗവൺമെന്റാണിത്. കേരളത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ വളരെ മികച്ച നിലയിൽ മുന്നോട്ടുകൊണ്ടുപോയി ഈ ഗവൺമെന്റിനെ സംരക്ഷിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കാൻ കൂടി ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അതുകൊണ്ട് നടപടികൾ നിർത്തിവയ്ക്കാനുള്ള ഈ ഉപക്ഷേപത്തെ എതിർക്കുകയാണ്.

ശ്രീ. മാണി സി. കാപ്പൻ: സർ, സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്കും കർഷകന്റെ സാമ്പത്തിക പ്രതിസന്ധിക്കും ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ സാധിക്കുന്ന ഒന്നുരണ്ട് നിർദ്ദേശങ്ങൾ സഭയുടെ മുമ്പാകെ സമർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഓരോ നിയോജകമണ്ഡലത്തിലും 10000 ടൺ കാർഷികോല്പന്നങ്ങൾ സൂക്ഷിച്ചുവയ്ക്കാനുള്ള ഒരു കോൾഡ് സ്റ്റോറേജും ഫുഡ് പാർക്കും സ്ഥാപിച്ചാൽ പെട്ടെന്ന് നശിച്ചുപോകാവുന്ന കാർഷികവിളകൾ കേടുപാടുകൂടാതെ സൂക്ഷിക്കാൻ സാധിക്കും. 10000 ടണ്ണിന്റെ കോൾഡ് സ്റ്റോറേജിന് 10 കോടി രൂപയാണ് ചെലവ് വരുമെങ്കിലും അതിന്റെ 50 ശതമാനം തുകയ്ക്ക് കേന്ദ്രത്തിൽനിന്നും സബ്സിഡി ലഭിക്കുന്നതാണ്.

പെട്ടെന്ന് നശിച്ചുപോകാവുന്ന കാർഷികവിളകൾ ഇത്തരം കോൾഡ് സ്റ്റോറേജുകളിൽ സൂക്ഷിക്കാൻ സാധിച്ചാൽ വാല്യൂ ആഡഡ് പ്രോഡക്ടുണ്ടാക്കാനുള്ള അസംസ്കൃതവസ്തുക്കൾ യഥാസമയം ലഭ്യമാവുകയും അതിലൂടെ കൃഷിക്കാരുടെ വരുമാനം വർധിക്കുകയും ചെയ്യും. ഉദാഹരണത്തിന്, ഒരു കിലോ ഏത്തക്കായ്ക്ക് ചില സന്ദർഭങ്ങളിൽ 25 രൂപയും മറ്റ് ചിലപ്പോൾ 90 രൂപയായും വില വർധിക്കാറുണ്ട്. എന്നാൽ, ഇത്തരം കാർഷിക വിളകൾ കോൾഡ് സ്റ്റോറേജുകളിൽ സൂക്ഷിക്കാൻ സാധിച്ചാൽ കർഷകന് ഒരു കിലോ ഏത്തക്കായയക്ക് ആവറേജ് 60 രൂപ വരെ വില ലഭിക്കുമെന്ന് മാത്രമല്ല, ഉപഭോക്താവിന് അത് ഗുണകരമാവുകയും ചെയ്യും. ഏത്തയ്ക്കായുടെ തൊണ്ടും പയറും ഏത്തക്കുലയുടെ ചുണ്ടും പയറും വാഴപ്പിണ്ടിയും പയറും എന്നിവ പാചകം ചെയ്ത് ടെട്രാപാക്കിലാക്കി കയറ്റി അയയ്ക്കാൻ കഴിഞ്ഞാൽ അതിലൂടെ കർഷകന് ഏകദേശം ഇരുപത് രൂപയോളം അധികമായി ലഭിക്കുകയും ചെയ്യും. ഏത്തക്കായ ഓർഗാനിക്കായി കൃഷി ചെയ്ത് ഹൈജീനിക്കായി പ്രോസസ്സ് ചെയ്ത് പൊടിയാക്കിയാൽ ഒരു കിലോയ്ക്ക് 1200 രൂപ വരെ ലഭിക്കും. വയർ സംബന്ധമായ അസുഖങ്ങൾ മാറ്റുമെന്നതിനാൽ ഒരു വയസ്സിന് താഴെയുള്ള

കുട്ടികൾക്ക് ബേബി ഫുഡായി ആരോറൂട്ട് പൗഡറോ ഏത്തക്കായ പൊടിയോ ഇവയിൽ ഏതെങ്കിലുമൊന്ന് നിർബന്ധമായി ഉപയോഗിക്കണമെന്ന് യു.എസ്., യൂറോപ്പ്, കാനഡ എന്നീ മൂന്ന് രാജ്യങ്ങളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെ നമ്മുടെ സംസ്ഥാനത്ത് ലക്ഷക്കണക്കിന് ഏക്കർ സ്ഥലം ഉപയോഗശ്ശൂന്യമായി കിടക്കുകയാണ്. റബർ വെട്ടിയാൽ കർഷകന് മുതലാകുന്നില്ല. 100 ഏക്കർ സ്ഥലം വീതമുള്ള കർഷകരെ സംഘടിപ്പിച്ച് അവിടെനിന്നും സോളാർ പവർ ഉല്പാദിപ്പിക്കാനുള്ള ഗ്രിഡ്ഡും ബാങ്കിംഗ് സംവിധാനവും ഒരുക്കിക്കൊടുക്കാൻ സർക്കാരിന് സാധിച്ചാൽ ഇങ്ങനെ ഉല്പാദിപ്പിക്കുന്ന വൈദ്യുതി യൂണിറ്റിന് 8 രൂപ നിരക്കിൽ പീക്ക് ടൈമിൽ കൊടുക്കാൻ സാധിക്കും. അതിന്റെ ജി.എസ്.ടി. ഗവൺമെന്റിന് ലഭിക്കുകയും ചെയ്യും. ഇത്തരം പ്രവർത്തനങ്ങളിലൂടെ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും അതിനുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഒരുക്കിക്കൊടുക്കാനും ഗവൺമെന്റ് തയ്യാറാണെങ്കിൽ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുന്നതോടൊപ്പം ഗവൺമെന്റിന് സാമ്പത്തിക നേട്ടവുമുണ്ടാവുകയും ചെയ്യും.

ശ്രീ. ജോബ് മൈക്കിൾ: സർ, ബഹുമാന്യനായ ഡോ. മാത്യു കുഴൽനാടൻ ഇവിടെ അവതരിപ്പിച്ച നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം സഭയിൽ ചർച്ചയ്ക്കെടുത്തു. എന്നാൽ, അദ്ദേഹം ഉപക്ഷേപം അവതരിപ്പിച്ച് സംസാരിക്കുന്നത് കേട്ടപ്പോൾ കുരുടൻ ആനയെ കണ്ടതുപോലെയാണ് എനിക്ക് തോന്നിയത്. ആ ഉപക്ഷേപത്തിൽ പ്രത്യേകമായി ഒന്നുംതന്നെ കാണാൻ സാധിച്ചില്ല. എന്താണതിന് കാരണം? നാം പല അടിയന്തരാവസ്ഥകളും കണ്ടിട്ടുണ്ട്. കഴിഞ്ഞ എട്ട് വർഷമായി കേരളത്തിലെ ഗവൺമെന്റിനെ സാമ്പത്തികമായി ഞെരുക്കിക്കൊണ്ടുള്ള പല അടിയന്തരാവസ്ഥകളും നാം കണ്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ പുതിയൊരു അടിയന്തരാവസ്ഥ വന്നിരിക്കുകയാണ്. എന്താണ് അത്? സാമ്പത്തിക അടിയന്തരാവസ്ഥ. സാമ്പത്തിക അടിയന്തരാവസ്ഥ ഏർപ്പെടുത്തി ഒരു സംസ്ഥാന സർക്കാരിനെ എങ്ങനെ മോശമാക്കാൻ കഴിയുമെന്നതിനെക്കുറിച്ചാണ് കേന്ദ്ര ഗവൺമെന്റ് ഗവേഷണം നടത്തുന്നത്. ജി.എസ്.ടി. വിഹിതം ലഭിച്ചുവെന്ന് ഡോ. മാത്യു കുഴൽനാടൻ ഇവിടെ പറയുകയുണ്ടായി. പ്രളയബാധിത സംസ്ഥാനങ്ങൾക്ക് സഹായധനം

അനുവദിച്ചത് സംബന്ധിച്ച് 02-10-2024-ലെ മാതൃഭൂമി ദിനപ്പത്രത്തിൽ പറയുന്നുണ്ട്. മഹാപ്രളയത്തെത്തുടർന്ന് സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരമായി വെറും 145.60 കോടി രൂപയാണ് അനുവദിച്ചത്. അതേസമയം മഹാരാഷ്ട്രയ്ക്ക് 1492 കോടി രൂപയും ആന്ധ്രയ്ക്ക് 1036 കോടി രൂപയും അസമിന് 716 കോടി രൂപയും ബീഹാറിന് 655.6 കോടി രൂപയും തെലങ്കാനയ്ക്ക് 416.8 കോടി രൂപയും ബംഗാളിന് 468 കോടി രൂപയും അനുവദിച്ചു. സംസ്ഥാനത്ത് ഏകദേശം അഞ്ഞൂറോളം ആളുകൾ മരണപ്പെട്ട മഹാപ്രളയമുണ്ടായിട്ടും അഞ്ചു പൈസപോലും അനുവദിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായില്ല. ഡോ. മാത്യു കുഴൽനാടൻ ഇക്കാര്യം കാണാതെ പോകാൻ പാടില്ലായിരുന്നുവെന്ന് മാത്രമല്ല, അദ്ദേഹത്തിന്റെ ഉപക്ഷേപത്തിൽ ഇതിനെക്കുറിച്ച് എന്തെങ്കിലും പറയേണ്ടതായിരുന്നു. കഴിഞ്ഞ നിയമസഭാ സമ്മേളനവേളകളിലൊക്കെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് 'ഈ സർക്കാരിന്റെ പ്രയോറിറ്റി എന്താണെന്ന്' നിരന്തരം ചോദിക്കുമായിരുന്നു. നിങ്ങൾ നടപടികൾ നിർത്തിവയ്ക്കാനുള്ള എത്ര ഉപക്ഷേപങ്ങൾ സഭയിൽ കൊണ്ടുവന്നു? പാവപ്പെട്ട ആളുകളുടെ പെൻഷൻ കൊടുക്കണം; പെൻഷൻ

കൊടുക്കാതെ നിങ്ങളിവിടെ സുഖിച്ച് കഴിയാൻ പാടില്ലെന്നൊക്കെ പറഞ്ഞു. ഇത്തവണത്തെ നിയമസഭാ സമ്മേളനത്തിൽ ഇതുസംബന്ധിച്ച് പ്രതിപക്ഷാംഗങ്ങൾ ആരുംതന്നെ ഒരു വാക്കുപോലും പറഞ്ഞില്ല. ഇവിടെ അറുപത്തിരണ്ട് ലക്ഷം കുടുംബങ്ങൾക്ക് കുടുംബക്ഷേമ പെൻഷൻ കൃത്യമായി കൊടുക്കുന്നുവെന്ന കാര്യം പറയാൻ നിങ്ങൾ മറന്നുപോയി. അതാണ് ഞങ്ങളുടെ പ്രയോറിറ്റി; ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രയോരിറ്റി പാവപ്പെട്ടവർക്ക് ആഹാരമെത്തിക്കുക, അവർക്ക് അർഹതപ്പെട്ട ക്ഷേമപെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുക എന്നിവയാണ്. അക്കാര്യത്തിൽ ശ്രീ. കെ. എൻ. ബാലഗോപാലിനെ ഞാൻ അഭിനന്ദിക്കുകയാണ്. എന്റെ നിയോജക മണ്ഡലമായ ചങ്ങനാശ്ശേരിയിൽ കെ. സി. ബ്രിഡ്ജിനുവേണ്ടി നാൽപ്പത്തിമൂന്ന് കോടി രൂപയും ആശുപത്രി നിർമ്മാണത്തിന് കിഫ്ബി മുഖാന്തരം എൺപത് കോടി രൂപയും ഫ്ലൈ ഓവർ പണിയാൻ 96 കോടി രൂപയും ലഭിച്ചു. മാത്രമല്ല, അവിടത്തെ വിവിധ സ്കൂളുകളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ടും ബി.എം.&ബി.സി. നിലവാരത്തിലുള്ള ഒട്ടേറെ റോഡ് നിർമ്മാണ പ്രവൃത്തികൾ

പുരോഗമിക്കുകയുമാണ്. ഇതെല്ലാം കണ്ടിട്ടും കേരളത്തിൽ വികസന മുരടിപ്പാണെന്ന് പ്രതിപക്ഷം പറയുമ്പോൾ, ഇവിടെ നടക്കുന്ന വികസന പ്രവർത്തനങ്ങളൊന്നും അവർ അംഗീകരിക്കുന്നില്ലെന്നാണ് മനസിലാക്കേണ്ടത്.

റബ്ബറിന്റെ വിലയെപ്പറ്റി ഇവിടെ പറഞ്ഞു. കഴിഞ്ഞ നിയമസഭയിൽ അതുസംബന്ധിച്ച് പലരും പറഞ്ഞല്ലോ; റബ്ബറിന്റെ ഇപ്പോഴത്തെ വിലയെത്രയാണ്? ഇന്ന് റബ്ബറിന്റെ വില 200-273 രൂപയിലെത്തി നിൽക്കുകയാണ്. അതുസംബന്ധിച്ച് പറയാൻ ഈ നിയമസഭയിൽ ഒരാൾപോലുമില്ല. ഈ ഗവൺമെന്റ് കൃഷിക്കാരേയും സാധാരണക്കാരേയും സമൂഹത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്നവരേയും സഹായിക്കുന്നതിനായി കൃത്യമായ ഇടപെടലുകൾ നടത്തുമ്പോൾ, അതിനെ അഭിനന്ദിക്കാതെ കേന്ദ്ര ഗവൺമെന്റിന്റെ വെറും വാലാട്ടികളായി, കേന്ദ്ര ഗവൺമെന്റിനെ സപ്പോർട്ട് ചെയ്യുന്നവരായി, അവരെ എല്ലാ രീതിയിലും രാഷ്ട്രീയപരമായി നിലനിർത്താൻ ആഗ്രഹിക്കുന്ന നിങ്ങൾ സ്വന്തം ശവക്കുഴിതന്നെയാണ് തോണ്ടുന്നത്. ഒരുകാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു, ആങ്ങള ചത്താലും നാത്തൂന്റെ കണ്ണുനീർ കണ്ടാൽ മതിയെന്നുള്ള നിങ്ങളുടെ ആഗ്രഹം ഈ കേരളത്തിലെ

ജനങ്ങൾ വച്ചുപൊറുപ്പിക്കില്ല, അവരത് അംഗീകരിക്കില്ലെന്ന് പറഞ്ഞുകൊണ്ട് നടപടികൾ നിർത്തിവയ്ക്കാനുള്ള ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ച ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗമോ പ്രതിപക്ഷനിരയിൽ നിന്ന് സംസാരിച്ച ബഹുമാനപ്പെട്ട വണ്ടൂർ അംഗമോ കേന്ദ്രം/കേന്ദ്ര ഗവൺമെന്റ് എന്നൊരു വാക്ക് ഉച്ചരിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചുവെന്നത് നാം കണ്ടതാണ്. കേന്ദ്രം ഇന്ന് ഭരിക്കുന്നത് ബി.ജെ.പി.-യാണ്. ഫെഡറലിസത്തിൽ യാതൊരു വിശ്വാസവുമില്ലാത്ത രാഷ്ട്രീയ ശക്തികളാണ് ഇന്ന് കേന്ദ്രം ഭരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഫെഡറൽ വ്യവസ്ഥയുടെ അടിസ്ഥാനവും നട്ടെല്ലുമായ ധനകാര്യ ഫെഡറലിസത്തിലും അവർക്ക് യാതൊരു വിശ്വാസവുമില്ല. കേന്ദ്രത്തിൽ മുഖ്യപ്രതിപക്ഷമെന്ന് അവകാശപ്പെടുന്ന കോൺഗ്രസ് എതിർക്കുന്നുവെന്ന് വീമ്പിളക്കുന്ന കേന്ദ്ര സർക്കാരിന്റെ വികൃതമായ നയങ്ങളുടെയും നിലപാടുകളുടെയും ദോഷഫലങ്ങളെ ആഘോഷിക്കുകയും ആസ്വദിക്കുകയും ചെയ്യുന്ന മാനസികാവസ്ഥയിലാണ് എന്നാണ് ഇന്നത്തെ ചർച്ചകളിൽനിന്ന്

കാണുന്നത്. വില്ലനെ എതിർക്കാതിരിക്കുകയും ഇരയെ അക്രമിക്കുകയും ചെയ്യുന്ന സൂപ്പർ വില്ലന്മാരുടെ റോളിലാണ് കേരളത്തിലെ കോൺഗ്രസെന്ന് പറയാതിരിക്കാൻ നിർവാഹമില്ല. ഇവിടെ യഥാർഥ പ്രശ്നമെന്താണ്? കേന്ദ്ര ഗവൺമെന്റ് നയങ്ങളിൽ വരുത്തിയിരിക്കുന്ന വ്യതിയാനം ഏതെല്ലാം തരത്തിൽ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്നുവെന്ന് വിലയിരുത്താതെ ഈ ചർച്ച പൂർണ്ണമാകില്ലെന്നാണ് എന്റെ പൂർണ്ണമായ വിശ്വാസം. കേന്ദ്ര നികുതി വിഹിതത്തിലും ഗ്രാന്റുകളിലും വന്നിരിക്കുന്ന കുറവ് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചതിനാൽ അത്തരം കണക്കുകളൊന്നും ഞാൻ ആവർത്തിക്കുന്നില്ല. 2021-22-ൽ 56,318 കോടി രൂപ ലഭിച്ചിരുന്നുവെങ്കിൽ 2023-24 ആയപ്പോൾ 38,204 കോടി രൂപയായി കുറഞ്ഞു. ഇവിടെ 18,114 കോടി രൂപയുടെ കുറവ് വന്നിരിക്കുകയാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അനുസരിച്ചതും സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ടതുമായ റവന്യൂ കമ്മി ഗ്രാന്റ് അവർ നൽകേണ്ട ഔദാര്യമൊന്നുമല്ല. കേന്ദ്ര ഗവൺമെന്റിന്റെ ധനനയങ്ങളിലെ വ്യതിയാനംമൂലം നമ്മുടെ നികുതി സമ്പ്രദായത്തിൽ വന്ന മാറ്റം, നികുതി പിരിവ് അധികാരത്തിൽ വന്ന മാറ്റം എന്നിവയ്ക്ക് റവന്യൂ കമ്മീഷൻ ഗ്രാന്റായി 53000

കോടി രൂപയാണ് നൽകിയത്. ~~കേന്ദ്ര ഗവൺമെന്റിന്റെ ധനനയങ്ങളിലെ വ്യതിയാനമൂലം നമ്മുടെ നികുതി സമ്പ്രദായത്തിൽ മാറ്റം വന്നതുകൊണ്ടുണ്ടായ നികുതി പിരിവ് അധികാരത്തിലെ മാറ്റംമൂലം റവന്യൂ കമ്മി ഉണ്ടാകുകയും യഥാർഥത്തിൽ ലഭിക്കേണ്ട റവന്യൂ കമ്മി ഗ്രാന്റിന് പകരം ലഭ്യമായത് 53,000 കോടി രൂപയാണ്.~~ യഥാർഥത്തിൽ അത് സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക നഷ്ടത്തിന്റെ പകുതിയാണ്. ആകെ 95,900 കോടി രൂപയുടെ സാമ്പത്തിക നഷ്ടമുണ്ടായപ്പോൾ അതിന്റെ പകുതി മാത്രമാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചത്. അടുത്ത സാമ്പത്തികവർഷം മുതൽ ഈ റവന്യൂ കമ്മി ഗ്രാന്റില്ല. വിവിധ കേന്ദ്ര പദ്ധതികളിന്മേൽ തടഞ്ഞുവച്ചിരിക്കുന്ന തുക, യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക, നഗര വികസന ഗ്രാന്റ്, ഗ്രാമവികസന ഗ്രാന്റ്, നെല്ല് സംഭരണം, ദുരിതാശ്വാസ ഗ്രാന്റ്, സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട്, ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ്സ് സ്പെഷ്യൽ അസസ്മെന്റ്, ജി.എസ്.ടി. നഷ്ടപരിഹാരം എന്നിവയടക്കം 5,800-ഓളം കോടി രൂപ തടഞ്ഞുവച്ചിരിക്കുകയാണ്. ധനകാര്യ കമ്മീഷനുകൾ നൽകുന്ന വിഹിതം/ഗ്രാന്റുകളെ സംബന്ധിച്ച് പത്താം ധനകാര്യ കമ്മീഷൻ

3.875 ശതമാനമാണ് കേരളത്തിന് നൽകിയതെങ്കിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ 9.925 ശതമാനം മാത്രമാണ് നൽകിയത്. ഇവിടെ സാമ്പത്തിക പ്രതിസന്ധി ഇല്ലെന്നൊന്നും പറയുന്നില്ല, എന്നാൽ, അത്തരം സാമ്പത്തിക പ്രയാസങ്ങളെ അതിജീവിക്കാൻ ധീരമായ നടപടികളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുമെന്ന് പ്രതീക്ഷിച്ച് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അത്തരത്തിൽ കേന്ദ്രം കേരളത്തോട് സ്വീകരിക്കുന്ന ദോഷകരമായ/ദുഷ്ടലാക്കോടെയുള്ള സമീപനങ്ങളൊന്നും കാണാതെ മറ്റ് കാര്യങ്ങളിലേയ്ക്ക് മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച്, കേന്ദ്ര സർക്കാർ സമീപനത്തെ സംസ്ഥാന സർക്കാരിനെതിരായ ഒരായുധമാക്കിയെടുക്കാനുള്ള പ്രതിപക്ഷത്തിന്റെ ശ്രമം ഉചിതമല്ലെന്ന് മാത്രമാണ് ഞാൻ സൂചിപ്പിക്കാൻ ശ്രമിക്കുന്നത്. എയിംസിന്റെ കാര്യത്തിൽ കേരളത്തോട് വിവേചനം കാണിച്ചില്ലേ? എയിംസിനായി കോഴിക്കോട് കിനാലൂരിൽ കെ.എസ്.ഐ.ഡി.സി.-യുടെ ഇരുന്നൂറ് ഏക്കർ സ്ഥലം നൽകാമെന്ന് കേരളം പറഞ്ഞു. എല്ലാ യോഗ്യതകളുമുണ്ടായിട്ടും ആവശ്യമായ രേഖകളെല്ലാം

കൈമാറിയിട്ടും കേരളത്തെ തഴഞ്ഞ് തെലങ്കാനയിലും ജമ്മുകാശ്മീരിലും തമിഴ്നാട്ടിലും എയിംസ് അനുവദിക്കുകയുണ്ടായി. ദേശീയപാത വികസനത്തിന്റെ കാര്യത്തിലും കേന്ദ്രം കേരളത്തോട് സ്വീകരിച്ച സമീപനമെന്താണ്? കീഴാറ്റൂരിൽ ഹൈവേയ്ക്കായി ഭൂമിയേറ്റെടുക്കുന്നത് തടയാൻ ബി.ജെ.പി.-യുടെ കേന്ദ്ര നേതാക്കൾ വരെ മുന്നിലുണ്ടായിരുന്നു. കീഴാറ്റൂർ ഒരു നന്ദിഗ്രാം ആകുമെന്ന് ബി.ജെ.പി.-യുടെ ദേശീയ ജനറൽ സെക്രട്ടറി ശ്രീ. രാഹുൽ സിൻഹ പ്രഖ്യാപിക്കുകയുണ്ടായി. രാജ്യത്താദ്യമായി ദേശീയപാത വികസനത്തിന് ഇരുപത്തിയഞ്ച് ശതമാനം വിഹിതം നൽകേണ്ടിവന്ന സംസ്ഥാനം കേരളമാണ്. ആറായിരം കോടി രൂപയാണ് ഇക്കാര്യത്തിൽ ചെലവാക്കിയത്. അങ്ങനെയല്ലെന്ന് വരുത്തിത്തീർക്കാനാണ് കേന്ദ്രമന്ത്രിയുൾപ്പെടെയുള്ള ബി.ജെ.പി. നേതാക്കളുടെ ശ്രമം. വിമാനത്താവളങ്ങളുടെ സ്വകാര്യവൽകരണത്തിലും കേന്ദ്ര അവഗണന നേരിട്ടുകൊണ്ടിരിക്കുകയാണ്. ദേശീയതലത്തിൽ എയർപോർട്ടുകൾ ലേലത്തിൽ വച്ചപ്പോൾ, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സംസ്ഥാനത്തിന് കൈമാറണമെന്ന് നമ്മൾ കേന്ദ്രത്തോട്

ആവശ്യപ്പെടുകയും ലേലത്തിൽ ക്വാട്ട് ചെയ്ത ഉയർന്ന തുക സംസ്ഥാന സർക്കാർ നൽകാമെന്ന് അറിയിക്കുകയും ചെയ്തു. എന്നാൽ ഇതെല്ലാം അവഗണിച്ചുകൊണ്ട്, വിമാനത്താവള നടത്തിപ്പ് ചുമതല സ്വകാര്യ മേഖലയ്ക്ക് തീറെഴുതി നൽകാനാണ് കേന്ദ്ര സർക്കാർ തയ്യാറായത്. ശബരിമല വിമാനത്താവളത്തിന് സുരക്ഷാ ക്ലിയറൻസ് നൽകുന്നതിലുണ്ടാകുന്ന കാലതാമസവും കോഴിക്കോട് വിമാനത്താവളത്തിന് ഭൂമിയേറ്റെടുത്തിട്ടും നിർമ്മാണത്തിനാവശ്യമായ ടെൻഡർ വിളിക്കുന്നതിലുണ്ടാകുന്ന കാലതാമസവുമെല്ലാം കേന്ദ്ര അവഗണനയുടെ ഉദാഹരണങ്ങളാണ്. റെയിൽവേ വികസനത്തിന്റെ കാര്യത്തിലും ഇതൊക്കെ തന്നെയാണ് നടക്കുന്നത്. പുതിയ ട്രെയിനുകൾ, പുതിയ പാതകൾ, പാത ഇരട്ടിപ്പിക്കൽ, നിലവിലെ പാതകളുടെ നവീകരണം, റെയിൽവേ സ്റ്റേഷനുകളുടെ ആധുനികവൽകരണം തുടങ്ങി റെയിൽവേ വികസനത്തിന്റെ സമസ്ത മേഖലകളിലും കേരളത്തെ അവഗണിക്കുന്ന നിലപാട് കേന്ദ്രം തുടരുകയാണ്. രണ്ട് പതിറ്റാണ്ടായിട്ടും തിരുവനന്തപുരം-മംഗലാപുരം പാതയിരട്ടിപ്പ് ലക്ഷ്യത്തിലെത്തിക്കാൻ കേന്ദ്രത്തിന് കഴിഞ്ഞിട്ടില്ല. ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് കേന്ദ്ര

സഹായം കിട്ടണമെങ്കിൽ ആരോഗ്യ കേന്ദ്രങ്ങളുടെ പേര് മാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. 'ആയുഷ്മാൻ ആരോഗ്യ മന്ദിർ' എന്നാക്കി മാറ്റിയില്ലെങ്കിൽ കേന്ദ്ര സഹായം നിഷേധിക്കുമെന്നാണ് കേന്ദ്ര സർക്കാരിന്റെ പുതിയ തീട്ടൂരം. കേരളത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, താലൂക്കാശുപത്രി, ജില്ലാശുപത്രി എന്നിവയുടെ പേരുകളാണ് മാറ്റാനാവശ്യപ്പെട്ടിരിക്കുന്നത്. ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറി ഡോക്ടർമാരെയും നഴ്സുമാരെയും നിയോഗിച്ച് രാവിലെയും വൈകുന്നേരവും ഒ.പി. ഫലപ്രദമായി പ്രവർത്തിക്കുകയാണ്. കാരുണ്യ ഇൻഷ്വറൻസിൽനിന്നും 'കാരുണ്യ' എന്ന പേര് മാറ്റണമെന്നാവശ്യപ്പെട്ടിരിക്കുകയാണ്. അതുപോലെ ലൈഫ് പദ്ധതിയുടെ പേരും മാറ്റണമെന്ന് ആവശ്യപ്പെടുന്നു. ക്ഷേമപെൻഷനുകൾ കേന്ദ്ര സർക്കാരാണ് നൽകുന്നതെന്ന വ്യാജ പ്രചാരണം നടന്നുകൊണ്ടിരിക്കുന്നു. അങ്കണവാടികളുടെ കാര്യത്തിൽ വിവേചനമുണ്ടാകുന്നു. 2021-22-ൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ പത്തര കോടി പ്രവൃത്തിദിനങ്ങളാണ് കേരളത്തിൽ ലേബർ ബജറ്റായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിരുന്നതെങ്കിൽ

2022-23-ൽ അത് 9.61 കോടിയും 2023-24-ൽ അത് 6 കോടി പ്രവൃത്തിദിനങ്ങളായി വെട്ടിക്കുറച്ചിരിക്കുകയാണ്. മുൻകാലങ്ങളിൽ ഏതാണ്ട് 90,000 കോടി രൂപ തൊഴിലുറപ്പിനായി ചെലവഴിച്ച സ്ഥാനത്ത് നടപ്പുവർഷം 60,000 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. പൊതുമേഖല സ്വകാര്യവൽക്കരണം, ഇവിടെ സൂചിപ്പിച്ച തദ്ദേശ ഗ്രാന്റ് ഉൾപ്പെടെ എല്ലാ തരത്തിലും ഈ സംസ്ഥാനത്തെ വീർപ്പുമുട്ടിക്കാൻവേണ്ടി കേന്ദ്ര ഗവൺമെന്റ് പല രൂപത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ അതിനെതിരെ ശബ്ദിക്കാനോ കൂട്ടായ സമരം നടത്താനോ പ്രതിപക്ഷം വന്നില്ല, പോട്ടെ, എന്നാൽ ഇവിടെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ച് അതിന്മേൽ ചർച്ച നടക്കുമ്പോൾ ഈ പ്രയാസങ്ങൾ കേരളത്തിനുണ്ടാക്കി വച്ചത് കേന്ദ്രത്തിന്റെ വികലവും വികൃതവുമായ നയങ്ങളാണെന്ന് ചൂണ്ടിക്കാണിക്കാതെ ഇരയെ വേട്ടയാടാൻ വേണ്ടിയുള്ള പരിശ്രമം പ്രതിപക്ഷം ഉപേക്ഷിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഇവിടെ സംസ്ഥാനത്തിന്റെ ധനപ്രതിസന്ധിയെ സംബന്ധിച്ചാണ് യു.ഡി.എഫ്. അംഗം ഉപക്ഷേപം അവതരിപ്പിച്ചത്. എന്നാൽ, ധനപ്രതിസന്ധിയെ സംബന്ധിച്ച് ഉപക്ഷേപം അവതരിപ്പിച്ച യു.ഡി.എഫ്. ഇപ്പോൾ കാറ്റുപോയ ബലൂൺ പോലെയാണ്. പ്രതിപക്ഷ നിരകളിലേക്ക് നോക്കിയാൽ മനസ്സിലാകും, ഇങ്ങനെയൊരു ചർച്ചയ്ക്കുപോലും അവർക്കാർക്കും താൽപര്യമില്ല. സഭയുടെ സമയം വ്യർഥമാക്കാൻ വേണ്ടിയുള്ള പാഴ്ശ്രമമാണ് അവർ നടത്തിയതെന്നുപോലും നമുക്ക് തോന്നുന്ന നിലയിലാണ് അവരുടെ ഇടപെടൽ. ഞാൻ പറഞ്ഞത് അന്വർഥമാണെന്ന് ഡോ. മാത്യു കുഴൽനാടന്റെ ശരീരഭാഷ കണ്ടാൽതന്നെ നമുക്ക് വ്യക്തമാകുന്നതാണ്.

കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കേന്ദ്ര സർക്കാരാണ് കാരണക്കാർ എന്ന് പറയാൻ എന്തിനാണ് മടിക്കുന്നത്? സംസ്ഥാനത്തിന് ലഭിക്കേണ്ട ന്യായമായ വിഹിതം സമയബന്ധിതമായി വാങ്ങിയെടുക്കാൻ ഒരുമിച്ച് നിന്ന് പോരാടേണ്ടവരല്ലേ യു.ഡി.എഫ്. ധനപ്രതിസന്ധിയെ സംബന്ധിച്ച് നമ്മൾ സംഘടിപ്പിച്ച കോൺക്ലേവിൽ കോൺഗ്രസ് ഭരിക്കുന്ന

സംസ്ഥാനങ്ങളും മറ്റ് പ്രതിപക്ഷ സംസ്ഥാനങ്ങളുമൊക്കെ വരികയല്ലേ. അവരെല്ലാം ഒരേ സ്വരത്തിൽ പറയുന്ന കാര്യങ്ങൾ ഇവിടെ ഈ സഭയിൽ പറയാൻ പ്രതിപക്ഷത്തിന് എന്താണ് മടിയെന്ന് ഞങ്ങൾ ആലോചിക്കുകയാണ്. കഴിഞ്ഞ ദിവസമാണ് കർണ്ണാടക ഉപമുഖ്യമന്ത്രി ശ്രീ. ഡി. കെ. ശിവകുമാർ പത്രസമ്മേളനം വിളിച്ച് കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾക്കെതിരെ ആഞ്ഞടിച്ചത്, നമ്മളെല്ലാം അത് കണ്ടതല്ലേ, അദ്ദേഹം പറഞ്ഞ കാര്യങ്ങൾപോലും ആവർത്തിക്കാൻ ഇവർ തയ്യാറാകുന്നില്ലല്ലോ. ഇവിടെ ധൂർത്ത് എന്നുപറഞ്ഞ് ഗവൺമെന്റിനെ ആക്ഷേപിക്കുകയാണ്. എന്താണ് ധൂർത്ത്? ഇവിടെ ശ്രീ. മാത്യു ടി. തോമസ് സൂചിപ്പിച്ചതുപോലെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് ഏതാണ്ട് 6000 കോടി രൂപയോളം നമ്മുടെ സംസ്ഥാനം കേന്ദ്ര ഗവൺമെന്റിന് നൽകുകയാണ്. ഇന്ത്യയിൽതന്നെ ആദ്യമായാണ് ഒരു സംസ്ഥാനം നാഷണൽ ഹൈവേ വികസനത്തിന് അങ്ങോട്ട് പണം കൊടുക്കേണ്ടി വന്നത്. ഇതിൽ പ്രതിഷേധിക്കേണ്ട ഉത്തരവാദിത്വം കോൺഗ്രസ്സിനില്ലേ? അതുപോലെ ഏതാണ്ട് 3000-ലധികം കോടി രൂപയുടെ സ്കൂൾ കെട്ടിടങ്ങളാണ് 140

നിയോജകമണ്ഡലങ്ങളിലുമായി നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്. ഇതൊക്കെ ധൂർത്താണോ? ആധുനിക സൗകര്യങ്ങളുള്ള എത്രയോ ആശുപത്രികൾ നമ്മുടെ കേരളത്തിൽ നിർമ്മിച്ചിട്ടുണ്ട്, അത് ധൂർത്താണോ? ഇത്തരത്തിൽ നിരവധി വികസന പരിപാടികൾ കേരളത്തിലെ 140 എം.എൽ.എ.മാരുടെയും നിയോജക മണ്ഡലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നത് വളരെ അഭിമാനപുരസ്സരം ഞങ്ങൾ പറയാനാഗ്രഹിക്കുകയാണ്. അവിടെ എൽ.ഡി.എഫ്. അംഗങ്ങൾക്ക് മാത്രമല്ലല്ലോ, യു.ഡി.എഫ്. അംഗങ്ങളുടെ മണ്ഡലങ്ങളിലും ഇത്തരം വികസനങ്ങൾ നടക്കുന്നുണ്ടെന്ന് കാണണം. ഡോ. മാത്യു കുഴൽനാടൻ ഇവിടെ പി. വി. നരസിംഹറാവുവിനെക്കുറിച്ച് പറയുന്നതുകേട്ടു, അദ്ദേഹം വലിയ ആളാണെന്നും മഹാനാണെന്നൊക്കെയാണ് ഡോ. മാത്യു കുഴൽനാടൻ ഇവിടെ പറഞ്ഞത്. ഞാൻ ഒരുകാര്യം ചോദിക്കട്ടെ, അദ്ദേഹം മരണപ്പെട്ടപ്പോൾ മൃതശരീരം എ.ഐ.സി.സി. ആസ്ഥാനത്ത് വയ്ക്കാൻപോലും തയ്യാറാകാത്ത പാർട്ടിയല്ലേ കോൺഗ്രസ്സ്? അന്ന് വൈ. എസ്. രാജശേഖര റെഡ്ഡി ഇടപെട്ടില്ലായിരുന്നുവെങ്കിൽ ...,

<u>ശ്രീ. എം. വിൻസെന്റ്</u>: കോടിയേരി ബാലകൃഷ്ണന്റെ ഭൗതികശരീരം എ.കെ.ജി. സെന്ററിൽ വച്ചോ?

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, അക്കാര്യം നിങ്ങൾ പ്രസംഗിക്കുമ്പോൾ പറഞ്ഞോളൂ; ഇപ്പോൾ ഞാൻ പറയുന്നതിന് നിങ്ങൾ മറുപടി പറയൂ. സഖാവ് കോടിയേരിക്ക് അന്തസ്സായിട്ടുള്ള വിടവാങ്ങലാണ് ഈ കേരളവും പാർട്ടിയും നൽകിയതെന്ന് വളരെ അഭിമാനപുരസ്സരം ഞങ്ങൾക്ക് പറയാൻ കഴിയും. നിങ്ങൾക്ക് അങ്ങനെ പറയാൻ കഴിയുമോ? ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന പി. വി. നരസിംഹറാവുവിന്റെ മൃതശരീരം എ.ഐ.സി.സി. ആസ്ഥാനത്ത് പൊതുദർശനത്തിന് വയ്ക്കാൻപോലും തയ്യാറാകാത്ത സ്ഥിതിയുണ്ടായില്ലേ. അന്ന് വൈ. എസ്. രാജശേഖര റെഡ്ഡി ഇടപെട്ടാണ് അക്കാര്യം നടന്നതെന്നുകൂടി ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഞാൻ ചോദിക്കുന്ന ഒറ്റ ചോദ്യമേയുള്ളൂ, മുൻ പ്രധാനമന്ത്രി പി. വി. നരസിംഹറാവുവിന്റെ സാമ്പത്തിക നയങ്ങളെ പ്രതിപക്ഷം ഇപ്പോഴും പിന്തുണയ്ക്കാൻ തയ്യാറാണോ? ആ സാമ്പത്തിക നയങ്ങളാണ് ഇന്ന് ഇന്ത്യാ രാജ്യത്താകമാനം സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിട്ടതെന്ന കാര്യംകൂടി ഞാൻ ഈ അവസരത്തിൽ

ചൂണ്ടിക്കാണിക്കുകയാണ്. മറ്റ് ചില കാര്യങ്ങൾകൂടി പറയാനാഗ്രഹിക്കുകയാണ്, കേരളത്തിന്റെ കടം കൂടിപ്പോയി എന്നാണ് പറയുന്നത്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും കടമില്ലേ? ഇന്ത്യയിലെ നിയമവ്യവസ്ഥയ്ക്കനുസരിച്ച് ജി.ഡി.പി.യുടെ മൂന്ന് ശതമാനം വരെ കടമെടുക്കാൻ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും അധികാരമുണ്ട്. പഞ്ചാബ് - 55.3 ശതമാനം, രാജസ്ഥാൻ - 39.8 ശതമാനം, ബീഹാർ - 38.7 ശതമാനം, പശ്ചിമബംഗാൾ - 34.2 ശതമാനം എന്നിങ്ങനെയാണ് അവരുടെ കടത്തിന്റെ കണക്ക്. കേരളത്തിനും ഏതാണ്ട് 37 ശതമാനം കടമുണ്ട്. എന്തിനാണ് അങ്ങനെ കടമെടുക്കുന്നത്? സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയല്ലേ? നേരത്തെ പറഞ്ഞതുപോലെ സ്കൂളുകൾ, ആശുപത്രികൾ, റോഡുകൾ തുടങ്ങി മറ്റ് പശ്ചാത്തലസൗകര്യങ്ങളുമുണ്ടാക്കാൻ വേണ്ടിയാണ് ആ പണം വിനിയോഗിക്കുകയാണ്. അതിന്റെ ഭാഗമായാണ് മുൻകാലങ്ങളിലില്ലാത്ത നിലയിൽ 60,000 കോടി രൂപയുടെ പശ്ചാത്തല സൗകര്യ വികസനം കേരളത്തിലുണ്ടായതെന്ന് വളരെ അഭിമാനപുരസ്സരം പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അതുമാത്രമല്ല, കേരളത്തിന്റെ ഐ.ടി.

വികസനത്തെപ്പറ്റി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്ത്യയിൽതന്നെ ആദ്യമായി ഐ.റ്റി. പാർക്ക് സ്ഥാപിതമായത് ഈ കൊച്ചുകേരളത്തിലല്ലേ, അതല്ലേ കഴക്കൂട്ടത്തെ ടെക്നോപാർക്ക്. അവിടെ ഇപ്പോൾ മൂന്നാം ഫേസും നാലാം ഫേസുമൊക്കെ വന്നുകൊണ്ടിരിക്കുകയാണ്. തൊട്ടപ്പുറത്ത് പള്ളിപ്പുറത്ത് സ്മാർട്ട് സിറ്റിയുടെ മറ്റ് പ്രവർത്തനങ്ങൾ നടക്കുകയാണ്. ഇത്തരത്തിലുള്ള നിരവധി കാര്യങ്ങൾ കേരളത്തിൽ നടക്കുന്നുണ്ടെന്ന കാര്യം യു.ഡി.എഫ്. അംഗങ്ങൾ കാണണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും കാരുണ്യ ഫണ്ടിൽനിന്നുള്ള പണം കൊടുക്കാൻ തയ്യാറായ ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. കിഫ്ബിയിലൂടെ കടമെടുത്തതിനെക്കുറിച്ച് സൂചിപ്പിച്ചു. കിഫ്ബിയിൽ നിന്നും കടമെടുത്തതിനെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. കിഫ്ബിയിലൂടെ കേരളത്തിൽ നിരവധി വികസനങ്ങൾ സാധ്യമാക്കി. ഈ കിഫ്ബിയെ മോഡലാക്കി കേന്ദ്ര ഗവൺമെന്റ് ഒരു ഇൻവെസ്റ്റ്മെന്റ് ബോർഡ് ഉണ്ടാക്കി അതിലൂടെ അവർ കടമെടുക്കുകയല്ലേ? ഞാൻ നേരത്തെ കടത്തെക്കുറിച്ച് സൂചിപ്പിച്ചു, കേന്ദ്ര

ഗവൺമെന്റിനുതന്നെ ഏകദേശം 167 ലക്ഷം കോടി രൂപയുടെ കടമുണ്ട്. അക്കാര്യങ്ങൾ മനസ്സിലാക്കാൻ പ്രതിപക്ഷം തയ്യാറാകണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കേന്ദ്രാവിഷ്കൃത പദ്ധതികളൊക്കെ 75:25 അനുപാതത്തിലായിരുന്നു നടപ്പിലാക്കിയിരുന്നത്. എന്നാൽ ഇപ്പോൾ അതൊക്കെ 60:40 അനുപാതത്തിലേയ്ക്ക് മാറ്റപ്പെട്ടു. അതിന്റെ ഫലമായി സംസ്ഥാനത്തിനുണ്ടാകുന്ന അധിക ബാധ്യത എത്രമാത്രമാണെന്നതിനെക്കുറിച്ച് പ്രതിപക്ഷം മനസ്സിലാക്കിയിട്ടുണ്ടോയെന്ന കാര്യത്തെ സംബന്ധിച്ച് സൂചന നൽകാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. ഇപ്പോൾ സംസ്ഥാനങ്ങളുടെ ചെലവിനത്തിൽ കേന്ദ്രം നൽകുന്ന ഫണ്ടിന്റെ വിഹിതം ശരാശരി 43 ശതമാനം മാത്രമാണ്. അതിനാൽ സംസ്ഥാനങ്ങൾ ഇപ്പോൾ 57 ശതമാനം വരെ മുടക്കേണ്ട സ്ഥിതിയിലേക്ക് കാര്യങ്ങൾ മാറിയിരിക്കുകയാണ്. നികുതി പിരിവിന്റെ കാര്യത്തിൽ ഏതാണ്ട് 73 ശതമാനം വരെ കേരളത്തിലെ ഗവൺമെന്റ് മുടക്കുകയാണ്. 27 ശതമാനം

മാത്രമാണ് കേന്ദ്രം തരുന്നത് എന്നുകൂടി അദ്ദേഹം പറഞ്ഞതുമായി ബന്ധപ്പെട്ട് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. വിഭവങ്ങളുടെ കൈമാറ്റം സംസ്ഥാനങ്ങളുടെകൂടി അവകാശമല്ലേ? നമ്മളിൽനിന്നും പിരിച്ചെടുക്കുന്ന നികുതി വിഭജിച്ച് നൽകാനുള്ള ധനകാര്യ കമ്മീഷൻ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്ന് കേരളം ശക്തമായി ആവശ്യപ്പെടുകയാണ്. ഇവിടത്തെ ജനസംഖ്യയുടെ കാര്യത്തെപ്പറ്റി നമുക്കെല്ലാവർക്കുമറിയാം, മുൻകാലങ്ങളിൽ ജനസംഖ്യാനുപാതത്തിൽ ഫണ്ട് നിശ്ചയിച്ചിരുന്നു. എന്നാലിപ്പോൾ കേരളം ജനസംഖ്യ കുറച്ചു, കുടുംബാസൂത്രണ പദ്ധതി മികച്ച രീതിയിൽ നടപ്പാക്കി വിജയിച്ചൊരു സംസ്ഥാനമാണ് കേരളം. അങ്ങനെ കേന്ദ്രത്തിന്റെ ഒരു നയം നടപ്പാക്കിയതിന് കേരളത്തെ ശിക്ഷിക്കുന്നൊ രീതിയാണ് ഇപ്പോൾ വന്നിരിക്കുന്നത്. ജനസംഖ്യ കുറഞ്ഞതിന്റെ ഭാഗമായി നമുക്കർഹമായ ഫണ്ട് വെട്ടിക്കുറച്ചിരിക്കുകയാണ്. അക്കാര്യത്തോട് യു.ഡി.എഫ്. അനുകൂലിക്കുന്നുണ്ടോയെന്ന കാര്യംകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി നരേന്ദ്ര മോഡി നേരത്തെ ഗുജറാത്തിന്റെ മുഖ്യമന്ത്രിയായിരുന്ന സമയത്ത് കേന്ദ്ര ഗവൺമെന്റിന്റെ

സംസ്ഥാനങ്ങൾക്കുള്ള വിഹിതം കൂട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള ആളാണല്ലോ. എന്നാൽ, അദ്ദേഹം ഇപ്പോൾ പ്രധാനമന്ത്രിയായപ്പോൾ സംസ്ഥാനങ്ങൾക്കുള്ള വിഹിതം വെട്ടിക്കുറയ്ക്കണമെന്ന് നീതി ആയോഗിനോട് പറയുകയാണ്. നീതി ആയോഗ് സി.ഇ.ഒ. ബി. വി. ആർ. സുബ്രഹ്മണ്യം പത്രസമ്മേളനത്തിൽ പറഞ്ഞത് നമ്മളെല്ലാവരും കണ്ടതാണ്. അങ്ങനെ സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം വെട്ടിക്കുറയ്ക്കാൻ കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റ് ബോധപൂർവം ഇടപെടുന്നതിന്റെ ഒരു പ്രത്യക്ഷ ഉദാഹരണമാണ് നീതി ആയോഗ് സി.ഇ.ഒ. യുടെ വെളിപ്പെടുത്തലെന്നുകൂടി കാണേണ്ടതായുണ്ട്. കേന്ദ്ര ഗവൺമെന്റ് ഡിവിസിബിൾ പൂളിലേക്ക് വരേണ്ട സെസ്സും സർചാർജ് ഉൾപ്പെടെയുള്ള തുകയും അതിലേക്ക് മാറ്റാതെ അവിടെയും സംസ്ഥാനങ്ങളുടെ വിഹിതം വെട്ടിക്കുറയ്ക്കുകയാണ്. ബജറ്റ് കണക്കുകൾപ്രകാരം സെസ്സും സർചാർജും ഏതാണ്ട് 1,80,000 കോടി രൂപ വരും. ധനകാര്യ കമ്മീഷൻ വിഭജനപ്രകാരം കേരളത്തിനുള്ള തുക 1.92 ശതമാനമാക്കി വെട്ടിക്കുറച്ചു. ആ തുകവച്ച് കൂട്ടിയാൽപോലും ആ സെസ്സിൽനിന്നും സർചാർജിൽനിന്നും കേരളത്തിന് വരേണ്ട നികുതി വിഹിതം ഏതാണ്ട് 3500 കോടി രൂപയാണ്. അത്

ഇല്ലാതാക്കിയില്ലേ. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ഇടപെടൽ അടക്കമുള്ള കാര്യങ്ങൾ വന്നപ്പോഴാണ് ഇത്രയും തുക കേരളത്തിനും അതുപോലെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കും നഷ്ടമായത് എന്നുകൂടി നാം കാണേണ്ടതായുണ്ട്. ഞാൻ നേരത്തെ ജനസംഖ്യയുടെ കാര്യം പറഞ്ഞല്ലോ, 1971-ൽ ദേശീയ ജനസംഖ്യയുടെ 3.9 ശതമാനമായിരുന്നു കേരളത്തിലെ ജനസംഖ്യ. എന്നാൽ 2011 ആയപ്പോൾ അത് 2.8 ശതമാനമായി കുറഞ്ഞു. ഇതിന്റെയൊക്കെ ഭാഗമായാണ് സംസ്ഥാനത്തിന്റെ നികുതി വിഹിതം കുറഞ്ഞതെന്ന വസ്തുത കൂടി നാം മനസ്സിലാക്കിക്കൊണ്ട് ആ നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ ഒറ്റക്കെട്ടായി ഇടപെടണമെന്നാണ് ഈ അവസരത്തിൽ അഭ്യർഥിക്കാനുള്ളത്.

കേരളം മറ്റുപല പ്രശ്നങ്ങളും നേരിടുകയാണ്. നമ്മുടെ ആയുർദൈർഘ്യം 75 വയസ്സിന് മുകളിലാണ്. പ്രായമായവരുടെ എണ്ണം കേരളത്തിൽ കൂടുതലാണ്. അതുപോലെ വനം-വന്യജീവി സംഘർഷവും കൂടിവരികയാണ്. അത്തരം പ്രശ്നങ്ങളുണ്ട്. കേരളത്തിലെ കുട്ടികൾ ഉന്നതവിദ്യാഭ്യാസം നേടുകയാണ്. അങ്ങനെ ഉന്നതവിദ്യാഭ്യാസം നേടിയ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ,

വനമേഖലയുടെ പരിപാലനം ഉൾപ്പെടെയുള്ള ന്യൂ ജനറേഷൻ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യാനാവശ്യമായ മാനദണ്ഡങ്ങൾ കേന്ദ്ര ഗവൺമെന്റ് ഉൾപ്പെടുത്തണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ഇരട്ട എഞ്ചിൻ എന്ന രീതിയിലാണ് കേന്ദ്ര ഗവൺമെന്റ് പല കാര്യങ്ങളും ചെയ്യുന്നത്. എന്നുവച്ചാൽ ഇരട്ട എഞ്ചിനല്ലാത്ത ബി.ജെ.പി. ഇതര സംസ്ഥാനങ്ങൾക്ക് പണം തരില്ലെന്ന നിലപാടാണ് കേന്ദ്രം സ്വീകരിക്കുന്നത്. ഞാൻ ദീർഘമായ കാര്യങ്ങളിലേക്ക് പോകുന്നില്ല.

<u>ചെയർപേഴ്സൺ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, കേരളം കൃത്യമായി നികുതി പിരിക്കുന്നുണ്ട്. ഇങ്ങനെ പിരിക്കുന്ന നികുതിയിലൂടെ തനത് വരുമാനം വർധിപ്പിച്ചാണ് കേരളം കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നതെന്നുകൂടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. അതിന് മുൻകയ്യെടുക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ധനകാര്യ വകുപ്പുമന്ത്രിയെയും അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇവിടെ ഒന്നിനും കാശില്ലാത്തതുകൊണ്ട് പ്രവർത്തനരഹിതമായ വകുപ്പുകളും പ്രവർത്തനരഹിതരായ മന്ത്രിമാരും ഒന്നും നടക്കാത്തതുകൊണ്ട് അസംതൃപ്തരായ എം.എൽ.എ.-മാരും കൂടിയിരുന്ന് ഒന്നുമില്ലെന്ന് അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞ് സമാധാനിച്ചിട്ട് എന്തെങ്കിലും കാര്യമുണ്ടോ; കാശില്ല എന്നതാണ് വസ്തുത. കേന്ദ്രത്തിനെ കുറ്റം പറയുന്നതിൽ ഞങ്ങൾ പോരാ എന്ന ആകെ ഒരു പോയിന്റ് മാത്രമാണ് ഭരണപക്ഷം പറഞ്ഞുകൊണ്ടിരിക്കുന്നത്. കേന്ദ്രത്തിന്റെ കാര്യത്തിൽ ഒരുമിച്ചുള്ള പൂർണ്ണസഹകരണം ഞങ്ങൾ തന്നാലും, കേന്ദ്രത്തെ കുറ്റം പറഞ്ഞാലും, കേന്ദ്രത്തിൽനിന്ന് സഹായം വാങ്ങിയെടുക്കാൻ ഗവൺമെന്റിനെക്കൊണ്ട് കഴിയില്ലെന്നതിന് ഏറ്റവും വലിയ തെളിവാണ് വയനാട് ദുരന്തമുണ്ടായപ്പോഴുള്ള സംഭവം. ഞങ്ങൾ പൂർണ്ണമായ സഹകരണം തരികയല്ലേ? വയനാട് ഉരുൾപൊട്ടലിൽ കേന്ദ്രസഹായം കിട്ടുമെന്ന് വിചാരിച്ചതുമാണ്. നിങ്ങളെന്താണ് ഇങ്ങനെ നിഷ്ക്രിയരായിട്ടിരിക്കുന്നതെന്നാണ് ഞങ്ങളുടെ ചോദ്യം?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് സംസാരിക്കുമ്പോൾ, കേന്ദ്രം വയനാട് ദുരന്തത്തിന് സഹായം നൽകാത്തതും കേരളത്തിന്റെ കുറ്റമാണെന്നാണോ പറയുന്നത്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ആണ്. കേരളത്തിന്റെ കുറ്റമാണെന്നാണ് എന്റെ പോയിന്റ്. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന ഞങ്ങളുടെ സർക്കാർ ഭരിച്ചിരുന്ന കാലത്ത് ഇവിടെനിന്നും മന്ത്രിമാരുടെ പരിവാരത്തെക്കൊണ്ടുപോയി നാലോഅഞ്ചോ ദിവസം കേന്ദ്രത്തിൽനിന്ന് ഫോളോ അപ്പ് ചെയ്ത് വാങ്ങേണ്ടത് വാങ്ങിയെടുത്ത ചരിത്രം ഞങ്ങൾക്കുള്ളതുകൊണ്ടാണ് ഞാൻ പറയുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, അന്ന് കേന്ദ്രം ഭരിച്ചിരുന്നത് ആരായിരുന്നു?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ആ ചോദ്യം വരുമെന്ന് എനിക്കറിയാവുന്നതുകൊണ്ട് ഉത്തരവും ഞാൻ കണ്ടുവച്ചിട്ടുണ്ട്. ശ്രീ. എ. കെ. ആന്റണിയുടെ മന്ത്രിസഭയിൽ ഞാനുണ്ടായിരുന്നു. ആ സമയത്ത്

പ്രധാനമന്ത്രിയായിരുന്ന അടൽ ബിഹാരി വാജ്പേയിയോടൊപ്പം എൽ. കെ. അദ്വാനിയും കൂടിയായിരുന്നു കേന്ദ്രം ഭരിച്ചിരുന്നത്. അന്നും ഇതേരീതിയിലുള്ള അവഗണന കേരളത്തോട് കാണിക്കാൻ കേന്ദ്രത്തിന് ധൈര്യം വന്നിട്ടില്ല, ശ്രീ. എ. കെ. ശശീന്ദ്രൻ. ഇത് പച്ചയായ അവഗണനയാണ്. പ്രതിപക്ഷം സഹകരണം തന്നതുകൊണ്ട് യാതൊരു കാര്യവുമില്ല. കാരണം, നിങ്ങൾക്ക് അതിനുള്ള ത്രാണിയില്ലെന്നതാണ് വസ്തുത. നിങ്ങൾ നിഷ്ക്രിയരായിരിക്കുകയാണ്. ഈ ഇരിപ്പ് എവിടെയെത്തിക്കും? അതാണ് പ്രശ്നം. കേന്ദ്രം സഹായം നൽകുന്നത് അവഗണിക്കുകയാണെന്നതിൽ സംശയമില്ല. നിങ്ങളെടുക്കുന്ന നിലപാട് ന്യായമാണെങ്കിൽ പ്രളയം മാത്രമല്ല, ഏത് കാര്യത്തിലായാലും സഹായം നേടിയെടുക്കാൻ ഞങ്ങൾ പിന്തുണ തരാം. പക്ഷെ ഇതിൽ നമ്മുടെ തികഞ്ഞ inefficiency ഇല്ലേയെന്ന് ആലോചിച്ചുനോക്കണം. കേന്ദ്ര സഹായം ഉറപ്പായും കിട്ടുന്ന ധാരാളം പദ്ധതികളുണ്ടല്ലോ? ജൽജീവൻ മിഷൻ, കുടിവെള്ളത്തിന്റെ കാര്യത്തിൽ ഒരു കേന്ദ്ര പദ്ധതിയുണ്ട്, ധാരാളം കാശുണ്ട്, കാശിന് ബുദ്ധിമുട്ട് വരില്ലെന്നുപറഞ്ഞ് വലിയ പ്രതീക്ഷയിൽ എം.എൽ.എ.-മാരും പഞ്ചായത്ത് പ്രസിഡന്റുമാരും

യോഗം വിളിക്കലുമൊക്കെയുണ്ടായി. ഇപ്പോൾ അത് പൂർണ്ണമായി നിശ്ചലമായി. എന്താണ് കാരണം? കേന്ദ്രത്തിന്റെ ഫണ്ടുണ്ട്, പക്ഷെ നമ്മുടെ ഫണ്ട് കൊടുക്കാത്തതുകൊണ്ടാണ് അങ്ങനെ നിൽക്കുന്നത്, എന്തൊരു കഷ്ടമാണ്. റോഡിന്റെയും ഹെൽത്തിന്റെയും കാര്യത്തിൽ അങ്ങനെയുണ്ട്. കേന്ദ്രത്തിന്റെ പൂർണ്ണമായ സഹായം കിട്ടാത്ത പദ്ധതികൾ... നമ്മുടെ ഫണ്ട് മാക്സിമം ഗ്രാന്റ് കൊടുക്കാത്തതുകൊണ്ട് പദ്ധതികൾ നിന്നുപോകുകയാണ്. അങ്ങനെ നോക്കിയാൽ നടപ്പാക്കാൻ കഴിയുന്ന പദ്ധതിയേതാണുള്ളത്? ഇപ്പോൾ ഞങ്ങൾ പറയുകയായിരുന്നു; റോഡ് പ്രവൃത്തിക്കായി ബജറ്റിൽ 20 ശതമാനം തുക അനുവദിച്ചത്, എസ്റ്റിമേറ്റ് തയ്യാറാക്കിയത്, ഇതൊക്കെ കഴിഞ്ഞതിനുശേഷം എ.എസ്. കൊടുക്കുന്നതിനുമുമ്പ് ധനകാര്യ വകുപ്പിന്റെ കീഴിലുള്ള CTE (Chief Technical Examiner)-ക്ക് പോകുകയാണ്. അങ്ങോട്ടുപോയ ഒരു സാധനവും പിന്നെ ഇങ്ങോട്ടുവരില്ല. ഇങ്ങോട്ട് വരരുതെന്നുള്ളതാണ് നിങ്ങളുടെ ഉദ്ദേശ്യം. ബജറ്റിൽ 20 ശതമാനം തുകയുണ്ട്, ബാക്കി കാര്യങ്ങളെല്ലാം സാംഗ്ഷനായി എ.എസ്. കൊടുക്കേണ്ട സ്റ്റേജിൽ അത് അങ്ങോട്ട് കൊടുക്കും പിന്നെ തിരിച്ച് വരില്ല. റോഡ് പ്രവൃത്തി എങ്ങനെ

നടക്കും? എ.എസ്. കമ്മിറ്റി കൂടരുതെന്നാണ് പറയുന്നത്. ഒരു നിശ്ചിത സംഖ്യയുടെ മുകളിലുള്ള പ്രവൃത്തികൾക്കൊന്നും അറിയാതെയും നോക്കാതെയും പല തട്ടിലായി സ്ക്രീൻ ചെയ്യാതെയും എ.എസ്. കൊടുക്കരുതെന്നാണ് പറയുന്നത്.

നവകേരള മിഷൻ, നിങ്ങളെല്ലാവരും ഒരുമിച്ച് നാട്ടുകാരിൽനിന്നും പെറ്റീഷനുകൾ വാങ്ങി സ്ക്രീൻ ചെയ്ത് പ്രയോറിറ്റി നിശ്ചയിച്ച് എം.എൽ.എ.-മാരുടെ യോഗം വിളിച്ച്, ഒന്നോരണ്ടോ പെറ്റീഷനുകൾ പരിഗണിക്കുമ്പോൾ അതും ഇതേരീതിയിൽ അയയ്ക്കുകയാണ് ചെയ്യുന്നത്. നാട്ടിലെ റോഡുകളുടെ സ്ഥിതിയെന്താണ്; കുടിവെള്ളത്തിന്റെ സ്ഥിതിയെന്താണ്? ഇതിന് ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയേണ്ടതാണ്. ബഡ്ജറ്റ് വിഹിതത്തിൽ 50 ശതമാനത്തിന്റെ കട്ട് വന്നിട്ടുണ്ടെന്നാണ് പറയുന്നത്, പ്ലാൻ കട്ട് പാടില്ലെന്നുള്ളതാണ്. 5 ലക്ഷം രൂപയ്ക്ക് ട്രഷറിയിൽനിന്ന് പണം കിട്ടുകയില്ലെന്നുമാത്രമല്ല എല്ലാ ബില്ലുകളും ക്യൂവിലാണ്. ഊഴം വരുമ്പോൾ പണം കിട്ടുമോ അതുമില്ല. ഒരു മാസം കഴിഞ്ഞാൽ ക്യൂവിൽനിന്നുംപോകും പിന്നെ വീണ്ടും രണ്ടാമത് തുടങ്ങണം. ഇതുപോലെ ഒരു കാര്യവും നടക്കാത്ത

അവസ്ഥയിൽ നമ്മൾ എന്താണ് ചെയ്യേണ്ടത്? വരുമാനം വർധിപ്പിക്കാനുള്ള വഴി കണ്ടുപിടിക്കണം. അതേക്കുറിച്ച് എന്തെങ്കിലും പുതിയതായി ഈ ഗവൺമെന്റ് ആലോചിച്ചതായി നമ്മുടെ ശ്രദ്ധയിലില്ല. എന്നാൽ സാധാരണപോലെ ചെലവുകൾ കൂടിക്കൂടി വരികയാണ്.

മിഷൻ മോഡ് സംബന്ധിച്ച് ഒരു ഉദാഹരണം പറയാം. ഞങ്ങളുടെ സമയത്ത് ഒന്നോരണ്ടോ മിഷനുകളേയുണ്ടായിരുന്നുള്ളൂ. പുതിയതായി വന്ന ഒരു ടെക്നോളജിയാണ് ഐ.ടി. മിഷൻ. അവിടെ ധാരാളം തൊഴിലവസരങ്ങളും ഇൻവെസ്റ്റ്മെന്റും ലഭിക്കും. അതൊരു മിഷൻ മോഡ് ആക്റ്റിവിറ്റിയാണ്. ഒരു ലക്ഷ്യം, നിശ്ചിത സമയത്തിനുള്ളിൽ തീർക്കുന്ന പരിപാടിയാണ് മിഷൻ മോഡ്. ഇപ്പോൾ തൊട്ടതിനൊക്കെ മിഷൻ മോഡാണ്. നവകേരള മിഷൻ, ഹരിത മിഷൻ, ലൈഫ് മിഷൻ, ആർദ്രം മിഷൻ, വിദ്യാകിരണം തുടങ്ങിയവ. മിഷൻ മോഡിന് നൽകാൻ പണമുണ്ടോ? പണമില്ലാതെ മിഷൻ മോഡുകൾ ഉണ്ടാക്കിയിട്ട് എന്തെങ്കിലും ഫലമുണ്ടോ?

റിക്രൂട്ട്മെന്റ് ബോർഡുകളുണ്ട്. പൊതുമേഖലയിൽ തൊഴിലാളികൾ കുറഞ്ഞുവരികയാണ്. കെ.എസ്.ആർ.ടി.സി.-യിൽ തൊഴിലവസരം കുറഞ്ഞത്

കഴിഞ്ഞ ദിവസം നമ്മൾ ചർച്ച ചെയ്തു. എല്ലാ പൊതുമേഖലയിൽനിന്നും ആളുകൾ പിരിഞ്ഞ് പോകുകയാണ്. വോളന്ററി റിട്ടയർമെന്റിന് അവസരം കിട്ടിയാൽ തൊഴിലാളികൾ പോകുന്ന സ്ഥിതിയാണുള്ളത്. ഇപ്പോൾ ഈ ഗവൺമെന്റ് വന്നതിനുശേഷം റിക്രൂട്ട്മെന്റ് ബോർഡ് വയ്ക്കേണ്ട കാര്യമുണ്ടോ; പി.എസ്.സി.-ക്ക് വിട്ടുകൊടുക്കുന്നത് നമുക്ക് മനസ്സിലാക്കാം. അല്ലെങ്കിൽ അതത് പൊതുമേഖലാ സ്ഥാപനങ്ങൾതന്നെ റിക്രൂട്ട് ചെയ്യുന്നതും മനസ്സിലാക്കാം. പക്ഷെ അതിനുപകരം വേറെ ഒരു റിക്രൂട്ട്മെന്റ് ബോർഡിന്റെ കാര്യമുണ്ടോ?

അതുപോലെ കെ-ഫോൺ പദ്ധതി, ടെലിഫോൺ കമ്പനികൾ കുറഞ്ഞ നിരക്കിൽ കണക്ഷൻ കൊടുക്കാൻ മത്സരിക്കുകയാണ്. ടെലിഫോൺ കണക്ടിവിറ്റിയും അതിന്റെ കണക്ഷനും മൊബൈലുമൊക്കെ വില കുറഞ്ഞുകൊണ്ടിരിക്കുന്ന സാധനങ്ങളാണ്. നമ്മൾതന്നെ 1500 കോടി രൂപയോളം ചെലവാക്കി, നമ്മൾ തന്നെ ലൈനിട്ട് കണക്ഷൻ കൊടുക്കാൻ ഇത്രയും പണം ചെലവഴിക്കേണ്ട വല്ല കാര്യവുമുണ്ടോ?

Bad management-ന്റെ നൂറ് ഉദാഹരണങ്ങൾ പറയാനുണ്ട്. ഈവന്റുകൾ നടത്താനുള്ള തുക പോക്കറ്റിലുണ്ടോയെന്ന് നോക്കാതെ ഈവന്റ് നടത്തിപ്പോയിട്ട് കാര്യമുണ്ടോ; Mismanagement കൊണ്ട് ഇവിടെ ഇപ്പോൾ വന്ന് ഭവിച്ചിരിക്കുന്നത് എന്താണ്? കുറച്ചുകഴിഞ്ഞാൽ പെട്രോൾ പമ്പുകാർ പണം തരില്ല. ശമ്പളം മുടങ്ങാത്ത സംസ്ഥാനമാണ് കേരളമെന്ന് നേരത്തെ ഭരണപക്ഷത്തുനിന്നും ആരോ പറയുന്നത് കേട്ടു. പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ശമ്പളം മുടങ്ങുമ്പോൾ ധനവിനിയോഗം സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ ഒരു കാലത്ത് കേരളത്തിലും ഈ അവസ്ഥ വരാനുള്ള സാധ്യതയുണ്ടെന്ന് പറഞ്ഞ ഒരു കാലമുണ്ടായിരുന്നു. എന്നാലിപ്പോൾ കേരളത്തിൽ ശമ്പളം മുടങ്ങാത്തതുതന്നെ വലിയ ഭാഗ്യമാണെന്നാണ് പറയുന്നത്. ഇപ്പോൾ പെൻഷനും ശമ്പളവും മുടങ്ങാൻ സാധ്യതയുള്ള സ്ഥിതിയിലെത്തി. ചില പെട്രോൾ പമ്പിൽനിന്ന് പെട്രോൾ കൊടുക്കുന്ന കാര്യത്തിൽ മടികാണിക്കുന്നുണ്ട്. ഗവൺമെന്റ് പദ്ധതിയുടേതാണെങ്കിൽ സ്വീകരിക്കില്ലെന്ന് ചില ആശുപത്രികൾ ബോർഡ് വയ്ക്കുന്ന കാലം തുടങ്ങി. ഇത്തരമൊരു ഘട്ടത്തിലാണ് ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന

ശ്രീ. ബോറിസ് ജോൺസൺ, പെട്രോളടിക്കാൻ പണത്തിന് ബുദ്ധിമുട്ടിയപ്പോൾ രാജിവച്ച് പ്രതീകാത്മകമായി സൈക്കിളിൽ പോയതുപോലെ, സൈക്കിളിൽ വീട്ടിൽ പോകുന്ന സ്ഥിതിയുണ്ടാക്കരുത്. ആര് ഭരിച്ചാലും രക്ഷയില്ലാത്ത സ്ഥിതി കേരളത്തിന് വരരുതെന്നാണ് പറയാനുള്ളത്.

സാമ്പത്തികമായി വലിയ പരാധീനതയാണ്. ഇതിലേറെ ഒരു ദുരവസ്ഥ നമുക്ക് വന്നുചേരാനില്ല, ഒന്നും നടക്കുന്നില്ല. ക്ഷേമപദ്ധതികൾക്ക് വലിയ തുക നൽകുന്ന സംസ്ഥാനമായിരുന്നു കേരളം. ജി.എസ്.ടി. പരിഷ്കാരമൊന്നും ഇനി നടക്കണമെന്നില്ല. കേരളത്തിൽ വരുമാനം കൂട്ടാനും ദുർവ്യയം ഒഴിവാക്കി വികസനപ്രവർത്തനങ്ങൾ നടത്താനും നിങ്ങൾ വല്ലവഴിയും കണ്ടില്ലെങ്കിൽ നമ്മൾ കുത്തുപാളയെടുക്കും, ആളുകൾ പട്ടിണിയിലേക്ക് പോകും. അല്ലെങ്കിൽത്തന്നെ വിദേശത്തുനിന്നും ആളുകൾ തിരിച്ചുവരികയാണ്. കേരളത്തിൽ വല്ലാത്തൊരു അവസ്ഥ വരുമെന്ന് ഞങ്ങൾ മുന്നറിയിപ്പ് നൽകുകയാണ്. അതിനാണ് ഞങ്ങൾ ഈ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ഉപയോഗിക്കുന്നത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഈ സഭയിൽ സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം യു.ഡി.എഫ്. കൊണ്ടുവന്നത് ആർക്കുവേണ്ടിയാണെന്ന് വ്യക്തമാക്കിയില്ല. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ രണ്ടാമതും കേരളത്തിൽ അധികാരത്തിൽ വന്നപ്പോൾ സാമ്പത്തികമായി കേരളത്തെ ഞെരുക്കിക്കൊല്ലുകയെന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. സാമ്പത്തികമായി ഞെരുക്കുന്നതിനൊപ്പം നിൽക്കുകയാണോ നിങ്ങൾ; കോൺഗ്രസ്സും യു.ഡി.എഫ്.-ഉം ബി.ജെ.പി.-ക്കൊപ്പം നിൽക്കുകയാണോ? ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞ കാര്യത്തിൽ വളരെ സന്തോഷമുണ്ട്, ഞങ്ങൾക്ക് 'ത്രാണിയില്ല' , 'ത്രാണിയില്ല' എന്ന് അദ്ദേഹം രണ്ടുപ്രാവശ്യം ആവർത്തിച്ചു. അങ്ങ് പാർലമെന്റിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തിയായിരുന്നല്ലോ? വാജ്പേയിയുടെ കൂട്ടുമുന്നണി സർക്കാർ മാറി ബി.ജെ.പി. ഒറ്റയ്ക്ക് അധികാരത്തിൽ വന്നപ്പോൾ തന്റേടത്തോടും ത്രാണിയോടുംകൂടി അവിടെ സംസാരിക്കാനോ ബി.ജെ.പി.-യെ എതിർക്കാനോ കഴിയാത്തതുകൊണ്ടാണോ അങ്ങ് വീണ്ടും കേരളത്തിലേയ്ക്ക് വന്നത്?

സംസ്ഥാനത്തെ ധനകാര്യ മാനേജ്മെന്റ് പൂർണ്ണപരാജയമെന്നാണ് സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ഇവിടെ പറഞ്ഞത്. ഇത് 2016-ലെ പത്രറിപ്പോർട്ടാണ്. സി. ആൻഡ് എ.ജി.-യുടെ റിപ്പോർട്ടാണ്. അന്നത്തെ ഗവൺമെന്റിന്റെ കാലത്ത് 1771 കോടി രൂപയുടെ നികുതി നഷ്ടമുണ്ടായതായി സി. ആൻഡ് എ.ജി.-യുടെ റിപ്പോർട്ടിൽ പറയുന്നു. 'സാമ്പത്തിക സ്ഥിതി ഗുരുതരാവസ്ഥയിൽ' , 'കടക്കെണിയിൽ കേരളം' , 'നികുതി വരുമാനം കുത്തനെയിടിയുന്നു' എന്നിങ്ങനെ 2015-ലെ പത്ര റിപ്പോർട്ടിൽ സി. ആൻഡ് എ. ജി. (പത്രക്കട്ടിംഗ് ഉയർത്തിക്കാണിച്ചു) പറയുന്നു. അന്ന് ആരാണ് കേരളം ഭരിച്ചത്; യു.ഡി.എഫ്. ഗവൺമെന്റ് അല്ലേ? ഒരു കാര്യം മാത്രമേ ചോദിക്കുന്നുള്ളൂ, കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ കണക്കുകൾ മാത്രം പരിശോധിച്ചാൽ കേരളത്തിന് അവകാശപ്പെട്ട നികുതിയുടെ കാര്യത്തിലും ധനകാര്യ കമ്മീഷന്റെ ഗ്രാന്റ്-ഇൻ-എയ്ഡ്-ന്റെ കാര്യത്തിലും മറ്റിതരമേഖലകളിലും 57400 കോടി രൂപയുടെ കുറവുണ്ടായതായി മനസ്സിലാകും. ഏതെങ്കിലും ജനവിഭാഗത്തിന് അവർക്ക് നാളിതുവരെ നൽകിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും ആനുകൂല്യത്തിൽ എവിടെയെങ്കിലും വെട്ടിക്കുറവ് വരുത്തിയോയെന്ന് പരിശോധിക്കണം.

വികസനത്തിന്റെ കാര്യം നോക്കൂ, യു.ഡി.എഫ്.-ഉം കേന്ദ്രത്തിൽ കോൺഗ്രസ്സും ഒരുമിച്ചുനിന്നാൽ മാത്രമേ കേരളത്തിൽ വികസനക്കുതിപ്പുണ്ടാക്കാൻ സാധിക്കുകയുള്ളൂ. എന്റെ നാട്ടിലെ കഞ്ചിക്കോട് കോച്ച് ഫാക്ടറിക്ക് തറക്കല്ലിട്ടത് പാലക്കാട് ടൗണിലാണ്. ഒരു തറക്കല്ലിനുപകരം ഭൂമി ഏറ്റെടുത്തുകൊടുത്തിട്ട് ആ വ്യവസായങ്ങൾ കൊണ്ടുവന്നോ? എന്നാൽ കഴിഞ്ഞ എട്ടുവർഷത്തിനിടയിൽ നടത്തിയ വികസനപ്രവർത്തനങ്ങൾ പരിശോധിക്കൂ. കാർഷിക മേഖല തകർന്നുവെന്ന് ഇവിടെ ഡോ. മാത്യു കുഴൽനാടൻ പറഞ്ഞു. ഇന്ന് ഇന്ത്യയിൽ കാർഷിക പ്രതിസന്ധികളെ മറികടന്നുകൊണ്ട് കേരളം മുന്നോട്ടുപോകുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. വ്യാവസായിക മേഖലയിൽ വലിയ കുതിപ്പാണുണ്ടാകുന്നത്. ഇന്ന് ഏഷ്യയിൽത്തന്നെ ഏറ്റവും കൂടുതൽ വ്യവസായ മേഖലയുള്ള സംസ്ഥാനമായി കേരളം മാറി. സ്റ്റാർട്ടപ്പുകളുടെ കാര്യത്തിൽ, ലോകനിലവാരത്തിൽ നാലാം സ്ഥാനത്താണ് കേരളം. എവിടെയാണ് തകർച്ച ഉണ്ടായത്? വിദ്യാഭ്യാസ മേഖലയിൽ, എല്ലാ ആളുകളുമങ്ങ് പോകുകയാണ്. എല്ലാ വരുമാനവും നഷ്ടമാകാതിരിക്കാൻ കേരളത്തിൽ പ്രതിപക്ഷം കൊണ്ടുവന്ന സ്വാശ്രയ കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം എന്താണ്; ഓരോ റിസൽട്ട് എടുക്കുമ്പോഴും

നിങ്ങൾ നോക്കണം; കേരളത്തിലെ ആ മേഖലയെ മാറ്റാനാണ്, കൂടുതൽ വിജ്ഞാനാധിഷ്ഠിതമായ സാമ്പത്തികക്രമത്തെ പടുത്തുയർത്താനാണ് കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ മാറ്റം കൊണ്ടുവരാൻ തീരുമാനിച്ചിട്ടുള്ളത്. മറ്റൊരു കാര്യം, ആരോഗ്യ രംഗത്താണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കിടത്തിചികിത്സ നൽകിയതും കോവിഡ് കാലഘട്ടത്തിലും അനന്തര കാലഘട്ടത്തിലും ആരോഗ്യ രംഗത്തുള്ള പ്രവർത്തനങ്ങളിൽ ഏറ്റവും മികവാർന്ന സംസ്ഥാനവും കേരളമാണ്. ഇന്ത്യയിൽ ആരോഗ്യ രംഗത്ത് ഏറ്റവും കൂടുതൽ അവാർഡുകൾ ഇന്ന് വാങ്ങിക്കൂട്ടുന്നതും കേരളമാണ്.

സാമ്പത്തിക വിവേചനത്തിനെതിരെ ഒരുമിച്ച് പോരാടാൻ നിങ്ങളുണ്ടോ; അകത്ത് വർത്തമാനം പുറത്ത് ബി.ജെ.പി.-ക്കൊപ്പമാണ് അവർ നിൽക്കുന്നതെന്ന് ഇവിടെ പറഞ്ഞല്ലോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഫെബ്രുവരി 8-ന് ബി.ജെ.പി. ഭരണാധികാരികൾക്കുമുന്നിൽ കേരളത്തിലെ ജനപ്രതിനിധികൾ പോയി, മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളും വന്നു. നിങ്ങൾക്കൊന്ന് തിരിഞ്ഞുനോക്കാമായിരുന്നില്ലേ; കേരളത്തിനുവേണ്ടിയാണ് ഞങ്ങൾ വാദിക്കാൻ പോയത്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക വിരുദ്ധ നയങ്ങൾക്കെതിരെ

കോടതിയിൽ നേർക്കുനേർ ആരാണ് പോരാടുന്നത്? ഡോ. മാത്യു കുഴൽനാടൻ, അങ്ങ് സുപ്രീംകോടതിയിലൊക്കെ വാദിക്കാൻ പോകുന്ന ആളല്ലേ; ആ കോടതിയിൽ കേരളത്തിനുവേണ്ടി ഒരു സഹായംപോലും കൊടുക്കാൻ പോയോ നിങ്ങൾ; ആർക്കൊപ്പമാണ് നിങ്ങൾ നിൽക്കുന്നത്; ബി.ജെ.പി.-ക്കൊപ്പമല്ലേ നിങ്ങൾ നിൽക്കുന്നത്? 2018, 2019 കാലത്തുണ്ടായ പ്രളയത്തിൽ 20,000 കോടിരൂപ ആവശ്യപ്പെട്ടപ്പോൾ 2,000 കോടിരൂപയാണ് അനുവദിച്ചത്. ഇപ്പോൾ വയനാട് ദുരന്തമുണ്ടായി; ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുൾപ്പെടെയുള്ളവർ വയനാട് സന്ദർശിച്ചു. നമ്മൾ ഒരുമിച്ചാണ് കഴിഞ്ഞ ദിവസം ഇവിടെ റൂൾ 50 പ്രകാരം ചർച്ച നടത്തിയത്. ആ ചർച്ചയിൽ ഒരുമിച്ചുനിന്നതിൽ സന്തോഷമുണ്ട്. പക്ഷെ ഒരു നയാപൈസ കേന്ദ്രം നൽകിയോ; നിങ്ങളിൽ ആരെങ്കിലും ചർച്ച ചെയ്യുന്നതിനിടയിൽ ആ വിഷയമെടുത്ത് സൂചിപ്പിച്ചോ; സാമ്പത്തികമായി കേരളത്തിലെ ഗവൺമെന്റിനെ തകർക്കുകയാണ് അവർ ചെയ്യുന്നത്. നികുതി പിരിവിൽ ആരുടെ കാലത്താണ് കുറവുണ്ടായത്? 2011-ൽ 23.24 ശതമാനമുണ്ടായിരുന്ന നികുതി വരുമാനം 2015-16-ൽ 10.8 ശതമാനമായി കുറഞ്ഞു. അന്ന് യു.ഡി.എഫ്. ആണ് ഭരിച്ചിരുന്നത്. നികുതി വളർച്ചാ നിരക്ക് 5.6% കുറഞ്ഞു.

2018-19, 2019-20 കാലഘട്ടമെടുത്താൽ കോവിഡും പ്രളയവുമുണ്ടായിട്ടും 2022-23-ൽ 23.6% ആയി വളർന്നു. തനതു വരുമാനത്തിൽ 71 ശതമാനമാണ് വളർച്ചയുണ്ടായത്. കേരളത്തിന്റെ സാമ്പത്തികനില 47,666 കോടി രൂപയിൽനിന്നും 71,600 കോടി രൂപയായി വർധിച്ചു. 1991-ലെ ഉദാരവത്കരണനയത്തെ ഇപ്പോഴും അവർ അംഗീകരിക്കുകയാണ്. ടാറ്റയുടെ വളർച്ച കണ്ടില്ലേ; അതെ, ടാറ്റ വളർന്നു, ഇന്ത്യയിലെ കോർപ്പറേറ്റുകൾ വളർന്നു. എന്നാൽ സാധാരണക്കാരനായ മനുഷ്യന് വളർച്ചയുണ്ടായോ; വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും ഇന്ത്യാ രാജ്യം ലോകത്തിന്റെ നെറുകയിൽ നാണംകെടുന്ന അവസ്ഥയിലേയ്ക്ക് എത്തിയത് അന്ന് നിങ്ങൾ തുടങ്ങിവച്ച സാമ്പത്തിക നയത്തിന്റെ ഫലമായാണ്. അതുകൊണ്ട് സാമ്പത്തിക നയത്തിന്റെ കാര്യത്തിൽ കോൺഗ്രസ്സും ബി.ജെ.പി.-യും ഒരമ്മ പെറ്റ മക്കളെപ്പോലെയാണ്.

അതുമാത്രമല്ല, അഴിമതിയുടെ കാര്യത്തിൽ നിങ്ങൾ മോശമാണോ; ഇലക്ടറൽ ബോണ്ടുവഴി കോടിക്കണക്കിന് രൂപ ബി.ജെ.പി.-ക്ക് ലഭിച്ചു. അതിലൊരു പങ്ക് കോൺഗ്രസ്സിനും ലഭിച്ചു. അഴിമതിയുടെ കാര്യത്തിൽ നിങ്ങൾ ഒരേ

ളുവൽപക്ഷികളാണ്. ഇന്ന് ഈ സഭയിൽ ശബരിമലയുമായി ബന്ധപ്പെട്ട ഒരു വിഷയത്തിൽ എത്ര വ്യക്തമായിട്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ക്ലാരിറ്റി ഇല്ലാതെപോയി. നിങ്ങളുടെ മനസ്സിലിരിപ്പ് എന്താണ്; വരാൻ പോകുന്ന ഉപതിരഞ്ഞെടുപ്പിൽ വീണ്ടും ശബരിമല വിഷയമുയർത്തി ബി.ജെ.പി.-ക്കൊപ്പം നിൽക്കുകയെന്നതല്ലേ അതിന്റെ ഉദ്ദേശ്യം; എന്ത് ക്ലാരിറ്റിയാണ് ലഭിക്കാതെ പോയത്; അഖിലേന്ത്യാതലത്തിൽ വർഗ്ഗീയതയ്ക്കെതിരെ ബി.ജെ.പി.-യെ ചെറുക്കാൻ കോൺഗ്രസ് ഒന്നിച്ചുനിൽക്കുമ്പോൾ, ഇവിടെ അതിനെതിരെ ശക്തമായ നിലപാടെടുക്കുന്ന ഇടതുപക്ഷത്തെ ഇകഴ്ത്തിക്കാണിച്ച്, മുഖ്യമന്ത്രിയുടെ വാക്ക് കടമെടുത്താൽ 'ഒക്കച്ചങ്ങാതികളായി' നിങ്ങൾ മാറുകയാണ്. അത് വലിയ അപകടം കേരളത്തിലേയ്ക്ക് വിളിച്ചുവരുത്തുമെന്ന് നിങ്ങൾ മനസ്സിലാക്കണം. വികസന കാര്യമെടുത്താൽ, തീരദേശ ഹൈവേ, മലയോര ഹൈവേ, കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നാഷണൽ ഹൈവേ എന്നിവ വരുന്നു. അതിനുവേണ്ടി കേരളം അധിക ചെലവായി 6000 കോടി രൂപയാണ് നൽകിയത്. ഇന്ത്യയിലെ ഒരു സംസ്ഥാനത്തുമില്ല, പക്ഷെ നമ്മൾ അധിക ചെലവ് നൽകേണ്ടിവരുന്നു. സാമൂഹ്യ

ക്ഷേമപെൻഷന്റെ കാര്യമെടുത്താൽ, യു.ഡി.എഫ്. അധികാരത്തിലിരുന്നപ്പോൾ സാമൂഹ്യ ക്ഷേമപെൻഷൻകാർ 32 ലക്ഷം ഇപ്പോൾ 62 ലക്ഷം. യു.ഡി.എഫ്. ഭരണകാലത്ത് 600/- രൂപയാണ് നിങ്ങൾ നൽകിയിരുന്നത്. എന്നാൽ ഞങ്ങൾ 1600/- രൂപയാണ് നൽകുന്നത്. സാമ്പത്തിക പ്രതിസന്ധിയാണെന്ന് പറഞ്ഞ് ആർക്കെങ്കിലും അത് നിഷേധിച്ചോയെന്ന് നിങ്ങൾ പറയൂ; 2018, 2019 പ്രളയമുണ്ടായിട്ടും അതിനുശേഷം കോവിഡ് കാലഘട്ടമായിട്ടുപോലും കേരളത്തിൽ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി 2021-ൽ ശമ്പളം വർധിപ്പിച്ചുകൊടുക്കുന്ന രീതിയാണുണ്ടായത്.

ഈ ഓണക്കാലത്ത് ആർക്കെങ്കിലും ഏതെങ്കിലും തരത്തിലുള്ള ആക്ഷേപമുണ്ടായോ; 21000-ത്തോളം കോടി രൂപയാണ് ഒഴുകിയെത്തിയത്. അതുകൊണ്ടാണ് കച്ചവടക്കാരുടെയിടയിലാണെങ്കിലും വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിഞ്ഞതും തൊഴിലില്ലാതെ അടച്ചുപൂട്ടപ്പെട്ട ഫാക്ടറികളിലെ തൊഴിലാളികൾക്ക് ആനുകൂല്യം നൽകാൻ കഴിഞ്ഞതും അതുപോലെ രണ്ട് മാസത്തെ കുടിശ്ശിക നൽകാൻ സാധിച്ചതും. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ എങ്ങനെയാണ് അത് ചെയ്യുന്നതെന്ന് നിങ്ങൾ ആലോചിച്ചോ;

സാമ്പത്തികമായി കേന്ദ്ര ഗവൺമെന്റ് ഞെരുക്കുമ്പോഴും ജനങ്ങൾ ഒരു പ്രയാസവും അനുഭവിക്കാത്ത തരത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തികക്രമത്തെ മെച്ചപ്പെടുത്തിക്കൊണ്ട് പോകാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഈ ഗവൺമെന്റും നടത്തുന്ന പ്രവർത്തനത്തെ ഒരു വാക്കുകൊണ്ടെങ്കിലും നിങ്ങൾ അനുകൂലിച്ചോ? അതിനുപകരം ബി.ജെ.പി.-ക്കൊപ്പംനിന്ന് ഈ ഗവൺമെന്റിനെ താഴെയിറക്കാമെന്നൊന്നും നിങ്ങൾ ആലോചിക്കണ്ട.

മി. സ്പീക്കർ: ശ്രീ. കെ. ബാബു ...... പ്ലീസ്.....

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഒരു കാര്യം പറഞ്ഞ് അവസാനിപ്പിക്കാം. കഴിഞ്ഞ സഭയിൽ നിങ്ങൾ പ്രസംഗിക്കുമ്പോൾ ശ്രീലങ്കയാകും കേരളം എന്നാണ് പറഞ്ഞത്. എത്ര തവണ നിങ്ങൾ പറഞ്ഞു? തകർന്നടിയുന്ന സാമ്പത്തിക ക്രമത്തിൽ പൊറുതിമുട്ടുന്ന ജനതയുടെ പ്രതീക്ഷ എന്നുപറയുന്നത് ചെങ്കൊടിയും ഇടതുപക്ഷ പ്രസ്ഥാനവുമാണെന്ന് നിങ്ങൾ ആലോചിക്കണം. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ ഗൗരവത്തോടുകൂടിയാണ് ഈ വിഷയം സഭ ചർച്ച ചെയ്യേണ്ടത്. കേരളത്തിന്റെ

ചരിത്രത്തിൽ, കേരളം ഉണ്ടായതിനുശേഷമുള്ള ഏറ്റവും കനത്ത ധനപ്രതിസന്ധിയിലൂടെയാണ് ഈ സംസ്ഥാനം കടന്നുപോകുന്നത്. അത് മറച്ചുവച്ച് സംസാരിച്ചാൽ സംസ്ഥാനത്ത് കാര്യങ്ങളൊന്നും നടക്കില്ല. ആര് എതിർത്തുപറഞ്ഞാലും നിങ്ങളുടെ എല്ലാവരുടെയും മനസ്സിൽ ഇതിന്റെ യാഥാർഥ്യബോധ്യമുണ്ട്, പ്രത്യേകിച്ച് മന്ത്രിമാർക്ക്. അവർക്ക് അവരുടെ വകുപ്പുകളെക്കുറിച്ച് ഏറ്റവും നന്നായറിയാം. പലർക്കും കുറേക്കാര്യങ്ങളിൽ കുറച്ചുകൂടി നന്നായി ചെയ്യണമെന്നുണ്ട്; പക്ഷേ അവരെക്കൊണ്ട് അത് സാധിക്കുന്നില്ല. ആരും മന്ത്രിമാരായശേഷം ഇത് വഷളാക്കണമെന്ന് ആഗ്രഹിക്കുന്നവരല്ലല്ലോ; അവരവരുടെ വകുപ്പുകൾ ഏറ്റവും ഭംഗിയാക്കി മുന്നോട്ടുകൊണ്ടുപോകണമെന്ന് ആഗ്രഹിക്കാത്ത ഏത് മന്ത്രിമാരാണുള്ളത്? പക്ഷേ അവരുടെ കൈകാലുകൾ കെട്ടപ്പെട്ടിരിക്കുന്നു; അവർക്ക് ഒന്നും ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണ് സംജാതമായിരിക്കുന്നത്.

ട്രഷറി നിയന്ത്രണമെന്നുപറഞ്ഞാൽ, ട്രഷറിയിൽ എപ്പോഴാണ് നിയന്ത്രണമില്ലാത്തതെന്ന് ചോദിച്ചാൽമതി; അഞ്ചുലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന തുക ട്രഷറിയിൽ പാസ്സാക്കില്ല. എന്നാൽ, അഞ്ചുലക്ഷം

രൂപയ്ക്കുതാഴെയുള്ള തുക അപ്പോൾത്തന്നെ പാസ്സാക്കുമെന്ന് എല്ലാവരും കരുതും. എന്നാൽ ആ തുക ട്രഷറി വാങ്ങിവയ്ക്കുകയാണ് ചെയ്യുന്നത്, കൊടുക്കുകയില്ല. അതായത്, ട്രഷറി ഫംഗ്ഷൻ ചെയ്യുന്നില്ല, കാര്യം ലളിതമാണ്; ട്രഷറിയിൽ ഒന്നുമില്ല. What is the prime duty of a State? The prime duty of a State is to collect the tax. Then only the Government will be able to spend money for development activities, infrastructure and for welfare measures. പണമില്ലാതെ എന്ത് വികസനമാണ് നടത്തുന്നത്? പണം കൈവശമില്ലാത്തതുകൊണ്ട് സംസ്ഥാനത്തെ കരാറുകാർ തൊണ്ണൂറ് ശതമാനവും സാമ്പത്തികമായി തകർന്നു. വലിയ പ്രമാണിമാരായിരുന്ന പലർക്കും കൃത്യമായി പണം ലഭിക്കുന്നില്ല. പലിശയ്ക്ക് പണമെടുത്തെങ്കിലും തിരിച്ചടയ്ക്കാൻ സാധിക്കുന്നില്ല. സർക്കാരിനുമുന്നിൽ വലിയ ബാധ്യതയാണുള്ളത്. പതിനായിരക്കണക്കിന് കോടി രൂപയുടെ ബാധ്യതകൾ സർക്കാരിനുമേൽ ഓരോ ദിവസം കഴിയുമ്പോഴും കുമിഞ്ഞുകൂടുകയാണ്. ഒരു ലക്ഷം രൂപയുടെ ബില്ലുപോലും പാസ്സാക്കാൻ സാധിക്കാത്ത തരത്തിലേയ്ക്കാണ് ട്രഷറി പോകുന്നത്. വികസനത്തെക്കുറിച്ച് പറഞ്ഞതെന്താണ്; 17-07-2024-ന്

ഇറങ്ങിയ ഉത്തരവ് എന്താണ്; "പത്തുകോടി രൂപയ്ക്ക് മുകളിൽ അടങ്കലുള്ള തുടർപദ്ധതികളുൾപ്പെടെ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത ഒരു കമ്മിറ്റി പരിശോധിക്കണം." അതായത്, എ.എസ്. കൊടുത്ത പത്തുകോടി രൂപയ്ക്ക് മുകളിൽ അടങ്കലുള്ള പദ്ധതിയെക്കുറിച്ചാണ്. ഒന്നുകിൽ പദ്ധതി മാറ്റിവയ്ക്കുകയോ, അല്ലെങ്കിൽ വകുപ്പിന് ഭരണാനുമതി നൽകിയ ആകെ തുകയുടെ അമ്പതുശതമാനമായി നിജപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ആ പ്രോജക്ട് നഷ്ടപ്പെട്ടില്ലേ? പത്തുകോടി രൂപയ്ക്കുമുകളിലുള്ള എല്ലാ പ്രോജക്ടും. ഒന്നുകിൽ മാറ്റിവയ്ക്കണം, അല്ലെങ്കിൽ അതിന്റെ അമ്പതുശതമാനമായി പ്രോജക്ടിന്റെ കോസ്റ്റ് എസ്റ്റിമേറ്റ് കുറയ്ക്കണം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, പത്തുകോടി രൂപയ്ക്കുതാഴെയുള്ള തുകയെല്ലാം ശരിയായെന്ന് നിങ്ങൾ വിചാരിക്കും. പക്ഷേ, അടുത്ത പോയിന്റ് എന്താണ്; പത്തുകോടി രൂപയ്ക്ക് താഴെയുള്ള തുടർപദ്ധതികളുൾപ്പെടെ ഭരണാനുമതി നൽകിയ പദ്ധതികൾ ഇതുപോലെ പരിശോധിച്ച് തുകയുടെ അമ്പതുശതമാനമായി നിജപ്പെടുത്തണം. അപ്പോൾ പത്തുകോടി രൂപയ്ക്ക് മുകളിൽവരുന്ന തുകയുടെ കാര്യത്തിലും പത്തുകോടി രൂപയ്ക്കുതാഴെയുള്ള

പ്രോജക്ടിന്റെ കാര്യവും വ്യക്തമായി. എ.എസ്. (അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ) ലഭിച്ച പദ്ധതികളുടെ കാര്യമാണ് ഞാൻ സൂചിപ്പിച്ചത്. ഞാൻ കുറ്റപ്പെടുത്തുന്നില്ല; ധനകാര്യ വകുപ്പിന് ഇങ്ങനെയൊരു ഉത്തരവ് ഇറക്കാതിരിക്കാൻ നിവൃത്തിയില്ല. എ.എസ്. കമ്മിറ്റി മേയ് മാസത്തിൽ കൂടിയശേഷം കൊടുത്ത പദ്ധതികളെക്കുറിച്ചാണ് സൂചിപ്പിച്ചത്. അതിനുശേഷം അനിവാര്യത പരിശോധിക്കാൻ ചീഫ് എഞ്ചിനീയർ എല്ലാവർക്കും ഉത്തരവ് നൽകി. താഴെത്തട്ടിൽനിന്നും ഒരു എഞ്ചിനീയറും ഇതുവരെ പ്രതികരണമൊന്നും നൽകിയിട്ടില്ല. അതുകൊണ്ട് എന്താണ് സംഭവിച്ചത്? ഓഗസ്റ്റ് മാസത്തിൽ നൽകേണ്ട എ.എസ്. ഒന്നും ഇപ്പോഴും കൊടുത്തിട്ടില്ല. എ.എസ്. കമ്മിറ്റിയിൽ യോഗം കൂടിയതിനുശേഷം അത് മാറ്റിവയ്ക്കുകയാണ് ചെയ്തത്. ഒരു പദ്ധതിക്കും എ.എസ്. ലഭിക്കാതെ നിരവധി പദ്ധതികൾ പെന്റിംഗിലാണ്. ഒരു പ്രോജക്ടും നടപ്പാക്കാൻ സാധിക്കാത്ത സ്ഥിതിയിലേയ്ക്ക് പോകുകയാണ്. മേയ് മാസത്തിൽ യോഗം കൂടിയതാണ്. നിലവിൽ ഒരു രക്ഷയുമില്ലാത്ത അവസ്ഥയിൽ ഒരു പദ്ധതിക്കും എ.എസ്. ലഭിക്കുന്നില്ല.

പ്ലാനിന്റെ സ്ഥിതിയെന്താണ്; ഇന്നത്തെ ദിവസത്തെ പ്ലാനിന്റെ അഗ്രിഗേറ്റ് ഫിനാൻഷ്യൽ പ്രോഗ്രസ് 26.94 ശതമാനമാണ്. ഇത് ഒക്ടോബർ മാസമാണ്. ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ ആദ്യത്തെ ക്വാർട്ടർ കഴിഞ്ഞു. ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ രണ്ടാമത്തെ ക്വാർട്ടർ കഴിഞ്ഞു. ഒക്ടോബർ മാസത്തിൽ മൂന്നാമത്തെ ക്വാർട്ടറും തുടങ്ങി. ഒരു സാമ്പത്തിക വർഷത്തിന്റെ മൂന്നാമത്തെ ക്വാർട്ടർ തുടങ്ങിയപ്പോൾ എന്താണ് പ്രോഗ്രസ്; 26.9 ശതമാനം, എൽ.എസ്.ജി.ഡി. 23.8 ശതമാനം, അത് പല വകുപ്പിലും വളരെക്കുറവാണ്. ഞാൻ എല്ലാ വകുപ്പിന്റെയും പറയുന്നില്ല. ഓരോ ഡിപ്പാർട്ടുമെന്റിന്റെയും ടോട്ടൽ ഔട്ട് ലേയും ഇതുവരെയുള്ള ഫിനാൻഷ്യൽ പ്രോഗ്രസും നോക്കിയാൽ 5 ശതമാനം മുതൽ 0.06, 12.63, 16.42 എന്നീ ശതമാനമുള്ള വകുപ്പുകളുമുണ്ട്. ശരാശരി 27 ശതമാനമാണ്. പല ഡിപ്പാർട്ടുമെന്റുകളിലെയും പ്ലാനിൽ പത്തുശതമാനം പോലും പ്രോഗ്രസ്സില്ല എന്നുപറഞ്ഞാൽ, ഇതിൽ രസകരമായിട്ടുള്ള കാര്യം എന്താണെന്നാൽ, പ്ലാൻ എന്നുപറയുന്നത് എന്താണ്; സാധാരണഗതിയിൽ എല്ലാ സംസ്ഥാനങ്ങളുടെയും ഇക്കോണമി വലുതാകുന്നതനുസരിച്ച് പ്ലാൻ സൈസ് വലുതാകും. ഇവിടെ പ്ലാൻ

സൈസില്ല, ബോൺസായി ചെടി പോലെയാണ് ഇവിടത്തെ പ്ലാൻ സൈസ്; മുരടിച്ചുപോവുകയാണ്. സാധാരണ ചെടികൾ മുകളിലേയ്ക്കാണ് വളരുന്നത്. കേരളത്തിലെ പ്ലാൻ ബോൺസായി ചെടിയാണ്, കേരളത്തിന്റെ ഇക്കോണമി വളരുന്നില്ല, ഇടയ്ക്ക് പ്ലാൻ സൈസ് കുറയുകയും ചെയ്യും. സാധാരണയായി നാച്ചുറലായിട്ടുള്ള ഗ്രോത്ത്, പ്ലാൻ സൈസിൽ ഉണ്ടാകും. അതനുസരിച്ച് 10 ശതമാനം ഗ്രോത്ത് തീർച്ചയായും ഉണ്ടാകും. എന്നാൽ ഇവിടെ പലപ്പോഴും പത്ത് ശതമാനം കുറയുകയാണ്, കൂടുന്നില്ല. കഴിഞ്ഞ ആറേഴുവർഷക്കാലത്തെ പ്ലാൻ സൈസും പ്ലാൻ പ്രോഗ്രസും മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ തലയിൽ കൈവയ്ക്കുന്ന സ്ഥിതിയാണുള്ളത്. എന്താണ് സംഭവിച്ചതെന്ന് പരിശോധിക്കണമെന്ന കാര്യം ഞങ്ങൾ നിരന്തരമായി പറയുകയാണ്.

ഇന്ത്യയിൽ, ടാക്സ് അഡ്മിനിസ്ട്രേഷൻ വളരെ മോശമായിട്ടുള്ള ഒരു സംസ്ഥാനമാണ് ഇതെന്ന കാര്യം ഞാൻ വീണ്ടും ആവർത്തിക്കുകയാണ്. വാറ്റ്-ൽനിന്ന് ജി.എസ്.ടി.-യിലേയ്ക്ക് മാറി. വാറ്റ് ഫസ്റ്റ് പോയിന്റിൽ ടാക്സ് വാങ്ങിക്കുന്ന സിസ്റ്റമാണ്. കൺസ്യൂമർ പോയിന്റിൽ ടാക്സ് വാങ്ങിക്കുന്നതാണ് ജി.എസ്.ടി. കേരളം പോലുള്ള ഒരു കൺസ്യൂമർ സ്റ്റേറ്റിൽ

മുപ്പതുശതമാനമെങ്കിലും നാച്ചുറൽ ഗ്രോത്ത് ജി.എസ്.ടി.യിലുണ്ടാകണം. കാരണം വാറ്റ്-ൽ അഡ്വാന്റേജ് മുഴുവൻ മാനുഫാക്ച്ചറിംഗ് സ്റ്റേറ്റുകൾക്കായിരുന്നു. ജി.എസ്.ടി.-യിലെ അഡ്വാന്റേജ് കൺസ്യൂമർ പോയിന്റിലുള്ളതാണ്. നിങ്ങളിപ്പോൾ ജി.എസ്.ടി.-ക്കെതിരായി ഭയങ്കര വിമർശനമാണ് നടത്തുന്നത്. മുമ്പത്തെ എൽ.ഡി.എഫ്. സർക്കാരിലെ ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗത്തിന്റെ റെക്കോർഡ് എടുത്ത് പരിശോധിച്ചാൽ അദ്ദേഹം എന്താണ് പറഞ്ഞതെന്ന് മനസിലാകും; ജി.എസ്.ടി. കേരളത്തിന് ഗുണകരമാകുമെന്നാണ് അദ്ദേഹം പറഞ്ഞത്. ജി.എസ്.ടി. നല്ല ആശയമാണെങ്കിലും ഇന്ത്യയിൽ ജി.എസ്.ടി. നടപ്പാക്കാനുള്ള തയ്യാറെടുപ്പും ആവശ്യമായ സന്നാഹങ്ങളും ഒരുക്കിയിട്ടില്ലെന്നും ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റം ശരിയായി വരുന്നതേയുള്ളൂ എന്നും ഞങ്ങൾ പറഞ്ഞപ്പോൾ, ഡോ. തോമസ് ഐസക് ഉൾപ്പെടെയുള്ളവർ സൂചിപ്പിച്ചത്; "ഒരു കുഴപ്പവുമില്ല, ഞാൻ ശ്രീ. അരുൺ ജെയ്റ്റിലിയുമായി സംസാരിച്ചു, നിങ്ങൾ നോക്കിക്കോളൂ, മുപ്പത് ശതമാനത്തിന്റെ ഗ്രോത്ത് എല്ലാവർഷവും കേരളത്തിലുണ്ടാവും. ദേ, നമ്മൾ തകർക്കാൻ പോവുകയാണ്,

ഇതാണ് കേരളം. കേരളത്തിൽ മാറ്റമുണ്ടാകാൻ പോവുകയാണ്. അഞ്ചുകൊല്ലം കഴിയുമ്പോൾ നമ്മുടെ ടാക്സ് ഗ്രോത്ത് എന്തായിരിക്കും;" It is on record. എന്നിട്ടിവർ ജി.എസ്.ടി.-യെ കുറ്റപ്പെടുത്തുകയാണ്. ജി.എസ്.ടി. എന്താണ് ചെയ്തത്, കേന്ദ്രം എന്താണ് ചെയ്തത്, എന്നെല്ലാമാണ് ഇവർ ഞങ്ങളോട് ചോദിക്കുന്നത്. നിലവിൽ ആ സിസ്റ്റം മാറി. ഇന്ത്യയിൽ ഏറ്റവും അവസാനം ഈ സ്ട്രക്ച്ചർ മാറ്റിയത്..., നിരന്തരമായി അഞ്ച് വർഷക്കാലമുള്ള tax administration system-ന്റെ സ്ട്രക്ച്ചർ മാറ്റണമെന്ന് ഞങ്ങൾ ഇവിടെ നിന്ന് ആവശ്യപ്പെടുകയാണ്. അവസാനം മാറ്റി. മാറ്റിയതുകൊണ്ട് ഗുണമുണ്ടായോ; ഫലപ്രദമായി മാറ്റിയോ? ഇവിടെ ഭയങ്കര ഓഡിറ്റ് ആണെന്ന് കഴിഞ്ഞ ദിവസം ആരോ പറയുന്നത് കേട്ടു. എവിടെയാണ് ഓഡിറ്റ്; ഇന്ത്യയിൽ ആദ്യമായി ഓഡിറ്റ് തുടങ്ങിയെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ആണ് പറഞ്ഞത്. 2019 മുതൽ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ആഡിറ്റ് തുടങ്ങി. മഹാരാഷ്ട്ര, ഗുജറാത്ത്, ഛത്തീസ്ഗഡ്, നോർത്ത് ഈസ്റ്റേൺ സ്റ്റേറ്റ്സ് എല്ലാവരും നേരത്തെ ഓഡിറ്റ് ആരംഭിച്ചു. ആ സ്റ്റേറ്റുകളിലെ ഓഡിറ്റ് മൊഡ്യൂൾ പ്രകാരമാണ് കേരളത്തിൽ

ഓഡിറ്റുണ്ടാക്കിയിരിക്കുന്നത്. അത് കോപ്പി ചെയ്തിരിക്കുന്നതാണ്. ഇപ്പോഴും കേന്ദ്ര ഓഡിറ്റ് മാനുവലാണ് നമ്മൾ പിൻതുടരുന്നത്. സ്റ്റേറ്റിന് ഒരു ഓഡിറ്റ് മാനുവൽ രൂപീകരിച്ചിട്ടില്ല. കേന്ദ്ര ഓഡിറ്റ് മാനുവൽ വലിയ മാനുഫാക്ച്ചറിംഗ് ഇൻഡസ്ട്രിക്കുവേണ്ടി രൂപീകരിച്ചിരിക്കുന്നതാണ്. നമ്മുടെ മോഡൽ അല്ല, നമുക്ക് വേറെ മോഡൽ വേണം. അതുപോലെ ഞാൻ ഇതിനുമുമ്പ് സൂചിപ്പിച്ചതാണ്, ഒരു വർഷം 700 ജീവനക്കാരെ വെറുതെ ഇരുത്തിയിട്ടാണ് 2024 ജനുവരിയിൽ ഓഡിറ്റ് തുടങ്ങുന്നത്. സെക്ഷൻ 73 അനുസരിച്ചുള്ള ടാക്സ് അസസ്മെന്റിന്റെ 2017-18, 2018-19, 2019-20 വർഷങ്ങളിലെ സമയ പരിധി അവസാനിച്ചു. അഞ്ച് വർഷത്തിനിടയിൽ സംസ്ഥാന ഇന്റലിജൻസ് നടത്തിയ പരിശോധനകളിൽ തൊണ്ണൂറ് ശതമാനം കേസ്സുകളിലും പരിശോധനസമയത്ത് അടപ്പിക്കുന്ന തുകകളല്ലാതെ യാതൊരുവിധ തുടർ നടപടികളും സ്വീകരിക്കുന്നില്ല. കോടിക്കണക്കിന് രൂപയാണ് ഇതുമൂലം സർക്കാരിന് നഷ്ടം. ഒട്ടുമിക്ക കേസ്സുകളിലും പല കൂട്ടുകെട്ടുകൾ....., ഇന്റലിജൻസ് സംവിധാനത്തിൽ അഴിമതി നടക്കുന്നുണ്ട്. അതിനുപറ്റിയ ആളുകളെയാണ് ടാക്സസ് ഇന്റലിജൻസിൽ നിയോഗിച്ചിരിക്കുന്നത്. അവിടെ അഴിമതി നടക്കുന്നുണ്ട്,

ശേഷം ഈ വിഷയം ഒത്തുതീർപ്പിൽ എത്തിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് സംശയമുണ്ടെങ്കിൽ ഒത്തുതീർപ്പാക്കിയ കേസ്സുകൾ ഞാൻ നൽകാം. ധാരാളം ഉദാഹരണങ്ങളുണ്ട്. ഈ ഇന്റലിജൻസിനെക്കുറിച്ച് പഠിക്കാനാണോ അന്യസംസ്ഥാനങ്ങളിൽനിന്ന് ഇന്റലിജൻസ് വരുന്നത്. അതിൽ systemic failure ഉണ്ട്, അങ്ങനെ വരുമ്പോൾ ടാക്സ് വരില്ല. IGST (Integrated Goods and Services Tax) മുഖേന ഒരു വർഷം 5000 കോടി രൂപ സ്റ്റേറ്റ് നഷ്ടപ്പെടുത്തുന്നു എന്ന് ഞങ്ങൾ പറഞ്ഞപ്പോൾ നിങ്ങൾ വളരെയധികം പരിഹസിച്ചിരുന്നു. IGST മുഖേന ഒരു വർഷം 5,000/- കോടി രൂപ സ്റ്റേറ്റ് നഷ്ടപ്പെടുത്തുന്നത് ആറ് വർഷം കൊണ്ട് മിനിമം 30,000/- കോടി രൂപ state exchequer-ൽ നിന്നും നഷ്ടമായെന്ന് പറഞ്ഞപ്പോൾ നിങ്ങൾ പരിഹസിച്ചിരുന്നു. എന്നാൽ ഭാഗ്യത്തിന് മൂന്ന് മാസത്തിനുള്ളിൽ ഇതേകാര്യം പറഞ്ഞുകൊണ്ട് Gulati Institute of Finance and Taxation (GIFT)-ന്റെ റിപ്പോർട്ട് വന്നു. അതുകഴിഞ്ഞ് State Expenditure Committee-യുടെ നിങ്ങൾ പൂഴ്ത്തിവച്ച റിപ്പോർട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് എന്താണ്? തുക നഷ്ടപ്പെടുത്തിയെന്ന് തന്നെയാണ് പ്രതിപാദിച്ചിരിക്കുന്നത്. എന്നിട്ട്

കഴിഞ്ഞ രണ്ട് വർഷമായി നിങ്ങൾ IGST ഈടാക്കുകയാണ്. അപ്പോൾ CGST-യിലുള്ള പ്രശ്നമാണെന്നും കേന്ദ്ര ഗവൺമെന്റിന്റെ പ്രശ്നമാണെന്നുമൊക്കെ പറഞ്ഞു. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും IGST സ്റ്റേറ്റുമായി ചെയ്തിരിക്കുന്നതിന്റെ റേറ്റ് എത്രയാണ്? ഉത്തർ പ്രദേശിൽ 20,000/- കോടിയും ബീഹാറിൽ 8,000/- കോടിയുമാണ്. അവർക്കൊന്നും നമ്മുടെ അത്രയും inter-state business ഇല്ല. Inter-State business ഏറ്റവും കൂടുതൽ നടക്കാത്തത്...., ഞാൻ നേരത്തെ പറഞ്ഞതുപോലെ കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. ഉത്തർ പ്രദേശും ബീഹാറുമൊന്നും കൺസ്യൂമർ സ്റ്റേറ്റ് അല്ല. വെസ്റ്റ് ബംഗാൾ പോലും കൺസ്യൂമർ സ്റ്റേറ്റ് അല്ല. മാനുഫാക്ച്ചറിംഗ് സ്റ്റേറ്റുകൾ ധാരാളം തുക മുതൽക്കൂട്ടാക്കുകയാണ്. ഗുജറാത്തിൽ 10,000/- കോടിയിലധികമാണ്. മഹാരാഷ്ട്ര മാനുഫാക്ച്ചറിംഗ് സ്റ്റേറ്റ് ആണ്, പക്ഷേ IGST-യിൽ ലഭിച്ചത് 22,000/- കോടി രൂപയാണ്. കർണ്ണാടകയ്ക്ക് ലഭിച്ചത് 14,000/- കോടി രൂപയാണ്. ഓരോ സംസ്ഥാനത്തും 10%, 15%, 20% എന്നിങ്ങനെയാണ് IGST വരുമാനത്തിന്റെ growth rate. കേരളത്തിന്റേത് വെറും 1% ആണ്. You have not taken any actions to settle the IGST. അതിന്റെ റിട്ടേൺ പ്രോപ്പർ

ആയി സബ്മിറ്റ് ചെയ്തുകഴിഞ്ഞാൽ നമുക്ക് ലഭിക്കേണ്ട തുകയാണ്. It is deposited in the central pool, ആ സെൻട്രൽ പൂളിൽ നമ്മൾ റൈറ്റ് ക്ലെയിം ചെയ്തില്ലെങ്കിൽ ബാക്കിയുള്ള സ്റ്റേറ്റുകളിൽ വിതരണം ചെയ്ത് കൊടുക്കും. അങ്ങനെയാണ് പത്ത് മുപ്പതിനായിരം കോടി രൂപ കഴിഞ്ഞ അഞ്ചാറ് വർഷമായി നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. പിന്നെ എവിടെയാണ് നഷ്ടം. Parallel economy വരികയാണ്, നികുതി വെട്ടിപ്പുകാരുടെ പറുദീസയാണ് കേരളമെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. ഇപ്പോൾ അതല്ല, they have created a parallel economy, നികുതി വെട്ടിപ്പുകാരാണ് ഇത് കേരളത്തിൽ സൃഷ്ടിച്ചത്. കേരളത്തിൽ നേരത്തെ സൂചിപ്പിച്ചതുപോലെ B to B business, B to C business-കളിൽ ഭയങ്കരമായ നികുതി വെട്ടിപ്പ് നടക്കുകയാണ്, വൻതോതിൽ കള്ളക്കച്ചവടം നടക്കുകയാണ്. അതിന്റെ outcome എന്നത് രണ്ടാണ്. ഒന്ന്, സ്റ്റേറ്റിന്റെ വരുമാനം നഷ്ടപ്പെടുന്നു, അതായത് സ്റ്റേറ്റിന് ടാക്സ് കിട്ടുന്നില്ല. രണ്ട്, കുറച്ച് genuine tax payers ഉണ്ട്. അതായത്, വാടക കൊടുത്ത് ജീവനക്കാരെവച്ച് ഇലക്ട്രിസിറ്റി ചാർജ്ജും വാട്ടർ ചാർജ്ജും കൊടുത്ത് ബിസിനസ് നടത്തുന്ന genuine tax payer ഉണ്ട്. He has to be protected. കാരണം

അയാൾ നിന്നാലെ സംസ്ഥാനത്തിന് വരുമാനം ലഭിക്കുകയുള്ളൂ. ഇങ്ങനെ കള്ളകച്ചവടം നടന്ന ഓരോ കടകളും പൂട്ടിപ്പോകുകയാണ്. കഴിഞ്ഞ മൂന്ന് വർഷം അല്ലെങ്കിൽ അഞ്ച് വർഷം കാലാവധിക്കുള്ളിൽ കേരളത്തിൽ എത്ര ബിസിനസ് ക്ലോസ് ചെയ്തുവെന്ന് ധനകാര്യ വകുപ്പ് ഒരു പരിശോധന നടത്തണം. കാരണം ഈ parallel economy function ചെയ്യുകയാണ്. ആളുകൾക്ക് സാധനം ലഭിച്ചാൽപോരെ; ടാക്സില്ലാതെ കിട്ടിയാൽ ആളുകൾക്ക് അത്രയും സന്തോഷം. Parallel economy കേരളത്തിൽ വളരുമ്പോൾ അത് തടയാനുള്ള ശ്രമം നടത്തുന്നില്ല. ഞാൻ സ്വർണ്ണത്തെക്കുറിച്ച് ഒന്നും മിണ്ടുന്നില്ല. പറഞ്ഞുപറഞ്ഞ് മടുത്തു. എന്ത് മാറ്റമാണ് നിങ്ങൾ കൊണ്ടുവന്നത്. നിങ്ങൾക്ക് വളരെ എളുപ്പത്തിൽ..., ഞാൻ അടിവരയിട്ട് പറയുന്നു, സ്വർണ്ണത്തിൽനിന്നും നഷ്ടപ്പെടുത്തുന്നത് പതിനായിരക്കണക്കിന് കോടി രൂപയാണ്. നിങ്ങൾ പറയുന്നത് മുമ്പ് 5 ശതമാനമായിരുന്ന ടാക്സ് ഇപ്പോൾ 3 ശതമാനമാണെന്നാണ്. 5% VAT (Value Added Tax) ഉള്ളപ്പോഴും 1.25% compounding system ആയിരുന്നു കേരളത്തിലുണ്ടായിരുന്നത്. 90% ജൂവലേഴ്സ് ഈ compounding system അനുസരിച്ച് 1.25% ആണ് നൽകിയിരുന്നത്. ഇപ്പോൾ 3 ശതമാനം

ലഭിച്ചു, അപ്പോൾ 1.50 ശതമാനം ആയില്ലേ? പകുതിയല്ലേ നമുക്കുള്ളത്. മാത്രമല്ല, സ്വർണ്ണത്തിന്റെ വില വർദ്ധിച്ചു. 4,000/- രൂപ ഒരു പവനുണ്ടായിരുന്നത് 56,000/- മുതൽ 57,000/- രൂപ വരെയായി. സ്വർണ്ണത്തിന്റെ സെയിൽ വർദ്ധിച്ചു. World Gold Council-ന്റെ കണക്കെടുത്താൽ അറിയാം. നിങ്ങളുടെ കയ്യിൽ ഒരു കണക്കുമില്ല, നിങ്ങളുടെ ധനകാര്യ വകുപ്പിൽ ഒരു ഡാറ്റയുമില്ല. ഇത് ഡാറ്റായുടെ കാലമാണ്. Data analysis നടത്തിയാണ് എവിടെയാണ് കുറവെന്ന് നമ്മൾ കണ്ടുപിടിക്കുന്നത്. കേരളത്തിൽ എത്ര സ്വർണ്ണം വിൽക്കപ്പെടുന്നുണ്ട്? കഴിഞ്ഞ ദിവസം നൽകിയ മറുപടിയിൽ ധനകാര്യ വകുപ്പിന് ഡാറ്റയില്ല. നിങ്ങൾ ഏത് കാലത്താണ് ജീവിക്കുന്നത്; tax administration system-ൽ നിങ്ങൾ outdated ആണ്. Sorry to say that…, നിങ്ങൾ ഡേറ്റാ അനാലിസിസ് നടത്തി ഏതെല്ലാം സ്ഥലങ്ങളിലാണ് ടാക്സ് ലഭിക്കുന്നതെന്ന് കണ്ടെത്തണം. എറണാകുളം, തൃശ്ശൂർ തുടങ്ങിയ ജില്ലകൾ ഏറ്റവും കൂടുതൽ ടാക്സ് ലഭിക്കുന്ന സ്ഥലങ്ങളാണ്. അവിടെ നമ്മൾ സാധാരണ ഒരു അസൈൻമെന്റ് കൊടുക്കും. കഴിഞ്ഞ ക്വർട്ടറിൽ ലഭിച്ച ടാക്സ് ഈ വർഷം ലഭിച്ചില്ലെങ്കിൽ അത് ഇംപ്രൂവ് ചെയ്യണമെങ്കിൽ

അസൈൻമെന്റ്സ് കൊടുക്കും. അത് വർദ്ധിക്കുന്നതിനുള്ള പ്രൊപ്പോസൽസ് കൊടുക്കും, ഒന്നും ചെയ്യുന്നില്ല. Inefficient to the core, ചില വാക്കുകൾ പറയുന്നതിന് മനസ്സിലൊരു പ്രയാസമുണ്ട്. പക്ഷേ, പറയാതിരിക്കാൻ കഴിയില്ല. കാരണം ഇത് ആരുടേയും സ്വകാര്യ കാര്യമല്ല. ഈ സംസ്ഥാനത്തെ ബാധിക്കുന്ന കാര്യമാണ്. ഒന്നും ചെയ്യുന്നില്ല, ഒന്നും ചെയ്യാതെ എവിടെ നിന്നാണ് നികുതി ലഭിക്കുന്നത്. എന്തെല്ലാം ഇടപെടൽ നടത്തണം. GST-യിൽ ഇടയ്ക്കിടയ്ക്ക് വരുന്ന അമെന്റ്മെന്റ്, കാലാനുസൃതമായ ചില മാറ്റങ്ങൾ സിസ്റ്റം ചെയ്ഞ്ച് ചെയ്യണ്ടേ; എപ്പോഴും അപ്-ഡേറ്റ് ചെയ്തുകൊണ്ടിരിക്കണ്ടേ? ഏറ്റവും ലേറ്റസ്റ്റ് ആയിട്ടുള്ള ടെക്നോളജി അവയിലബിളായിട്ടുള്ളൊരു കാലത്ത് ഇവിടെ നിന്നൊരു ചോദ്യം ചോദിച്ചാൽ..., എത്ര കച്ചവടം നടക്കുന്നുവെന്ന് ചോദിച്ചാൽ അതിന്റെ വിവരങ്ങളില്ല. കേരളത്തിൽ ഏറ്റവും വലിയ tax leaking നടക്കുന്നത് ഗോൾഡിലാണ്. ഞങ്ങൾ കഴിഞ്ഞതവണ സൂചിപ്പിച്ചിരുന്നു. 800-ലധികം ബാറുകളുണ്ട്. കേരളത്തിൽ എന്താണ് consumption; അതനുസരിച്ചുള്ള turnover tax ലഭിക്കുന്നുണ്ടോ? ബിവറേജസ് കോർപ്പറേഷനിൽനിന്നും മദ്യം വാങ്ങുകയും ഒരു പെഗ്ഗിന് 200 രൂപയ്ക്ക് വിൽക്കുകയും ചെയ്തശേഷം അവർ

നിങ്ങൾക്ക് എഴുതി നൽകുന്നത് ഒരു പെഗ്ഗിന് 40 രൂപയെന്നാണ്. ഒരു പെഗ്ഗ് മദ്യത്തിന് 160 രൂപയുടെ ശതമാനത്തിന്റെ നഷ്ടമാണ്. മൂന്നുനാല് ലക്ഷം രൂപയുടെ ദിവസേന കളക്ഷനുള്ള ഒരു ബാർ turn over മറച്ചുവയ്ക്കാൻ നിങ്ങൾക്ക് നൽകുന്ന കണക്ക് 50000-75000 രൂപയാണ്. ബാക്കി മൂന്നേകാൽ ലക്ഷം രൂപയുടെ turn over tax ശതമാനമെടുക്കുമ്പോൾ ഒരു ബാറിൽനിന്ന് നിങ്ങൾക്ക് ഒരു മാസം എത്ര ആയിരം രൂപ നഷ്ടപ്പെടുന്നു; ഒരു വർഷം എത്രലക്ഷം രൂപ നഷ്ടപ്പെടുന്നു; 800 ബാറുകളുള്ളപ്പോൾ ഒരു വർഷം ബാറിൽനിന്നും നഷ്ടപ്പെടുന്ന തുക വളരെ വലുതാണ്. ലീക്കിംഗാണ്, ശരിയായ സംവിധാനങ്ങളും സിസ്റ്റമാറ്റിക്കായ പരിശോധനകളുമില്ലാത്തതാണ് കാരണം. ഇതുസംബന്ധിച്ച കണക്കുകൾ നമുക്കറിയാം. ബിവറേജസിൽനിന്ന് മദ്യം വാങ്ങി ഇവിടെ വന്ന് വിൽക്കുമ്പോൾ എത്രയാണ് വിറ്റതെന്നതിന്റെ കണക്ക് കൃത്യമായി ലഭിക്കും. അതറിയാൻ കൃത്യമായ പരിശോധനകളോ സംവിധാനങ്ങളോ ഒന്നുമില്ല. എന്റെയൊരു സുഹൃത്ത് വീട് വയ്ക്കാൻ പോയപ്പോൾ ടൈൽസ് ഞങ്ങൾ കൊണ്ടുവരാമെന്ന് പറഞ്ഞ് കഴിഞ്ഞദിവസംതന്നെ ആൾ വന്നു. ടാക്സ് ഒന്നുമില്ലാതെ 5000 സ്ക്വയർ ഫീറ്റ് വീടിനാവശ്യമായ ടൈൽസ് ഞങ്ങൾ

എത്തിച്ചുതരാമെന്നാണ് പറഞ്ഞത്. ഈ ടൈൽസ് കർണാടകയിൽനിന്ന് കൊണ്ടുവരുന്ന ഏജന്റ് വീട് പണിയാൻ പോകുന്ന ആളിന്റെ അടുത്ത് വന്ന് പറഞ്ഞകാര്യമാണ്. ഈ ടൈൽസിന് ടാക്സ് വേണ്ട, ഗംഭീരസാധനമാണെന്നാണ് പറയുന്നത്. ഇവിടത്തെ കടകളിൽകൊണ്ട് വച്ചിരിക്കുന്നതിനേക്കാൾ നല്ല ക്വാളിറ്റിയുള്ള സാധനമാണ്. ഈ ടൈൽ സാറിന് വേണ്ടെന്നുപറഞ്ഞാൽ ഞങ്ങൾ വേറെ ആർക്കെങ്കിലും കൊടുക്കാം. ക്വാളിറ്റി പരിശോധിച്ചു, എന്നാൽ ടാക്സ് വേണ്ട. ഇത് കേരളത്തിൽ നടക്കുന്നതാണ്. അതാണ് ബിസിനസ് ടു കൺസ്യൂമർ (B to C) എന്ന് പറഞ്ഞത്. ഇവിടെ അക്ഷരാർത്ഥത്തിലുള്ള systemic failure ആണ് നടക്കുന്നത്. Parallel economy, run ചെയ്യുകയാണ്. ഈ പ്രതിസന്ധി എല്ലാ സ്ഥലത്തേയ്ക്കും വ്യാപിക്കുകയാണ്. എല്ലാ പി.എസ്.യു.-കൾ, ട്രാൻസ്പോർട്ട് കോർപ്പറേഷൻ, ഇലക്ട്രിസിറ്റി ബോർഡ്, സപ്ലൈകോ തുടങ്ങിയ മേഖലകളിൽ നേരിടുന്ന പ്രതിസന്ധികൾ. സപ്ലൈകോ നേരിടുന്ന പ്രതിസന്ധിയെന്താണ്; പണം കൊടുക്കുന്നുണ്ടോ? നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ എല്ലാ സ്റ്റേറ്റിലും റേറ്റ് നിശ്ചയിച്ച് തീരുമാനമെടുത്തു. എന്നാൽ കേരളത്തിൽ റേറ്റ്

ക്കൂട്ടമെന്ന തീരുമാനമെടുത്തോ; കേരളത്തിന് തീരുമാനമെടുക്കാൻ കഴിയുന്നില്ല. സപ്ലൈകോ പ്രതിക്കൂട്ടിൽ നിൽക്കുകയാണ്. സിവിൽ സപ്ലൈസ് സംബന്ധിച്ച കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി നൽകണം. അദ്ദേഹം നിസ്സഹായനാണ്, തീരുമാനങ്ങളെടുക്കണ്ടേ; കരാറുകാർക്ക് പൈസ കൊടുക്കണ്ടേ; സാധനങ്ങൾ വരണ്ടേ. എസൻഷ്യൽ കമോഡിറ്റീസ്, സബ്സിഡി റേറ്റിൽ കൊടുക്കണ്ടേ. ഒന്നും നടക്കുന്നില്ല. ഞാൻ ദീർഘിപ്പിക്കുന്നില്ല, അവസാനിപ്പിക്കുകയാണ്. എന്നിട്ടും സർക്കാർ പൈസ ലഭിക്കാൻ കണ്ടുപിടിക്കുന്ന വഴികൾ എന്തൊക്കെയാണ്; അക്കാര്യത്തിലാണ് ചിരി വരുന്നത്. എല്ലാ ഡിപ്പാർട്ടുമെന്റിലേയ്ക്കും കത്ത് എഴുതിയിരിക്കുകയാണ്. എന്താണ് കത്തിൽ പറയുന്നത്; നിശ്ചിതഫീസ്, ചാർജ്, റോയൽറ്റി എന്നിവ എല്ലാവകുപ്പുകളും വർധിപ്പിച്ച് റിപ്പോർട്ട് ചെയ്യണമെന്നാണ്. അതായത് നാട്ടുകാരുടെ മെക്കിട്ട് കയറുന്ന രീതി. എല്ലാ സംസ്ഥാനങ്ങളിലും റേറ്റ് നിശ്ചയിച്ചിട്ടുണ്ട്, റോയൽറ്റി ഫീസുൾപ്പെടെ വർധിപ്പിക്കുന്നതിനായി എല്ലാ ഡിപ്പാർട്ടുമെന്റിലും ഉത്തരവ് കൊടുത്തിരിക്കുകയാണെന്നതാണ്. ഗവൺമെന്റിന് പ്രതിസന്ധി വരുമ്പോൾ നാട്ടുകാരുടെ പോക്കറ്റിൽ കൈയിട്ടിട്ടാണോ കാശ്

എടുക്കുന്നത്. ആളുകൾ വലിയ ക്രൈസിസിലാണ്. സ്റ്റേറ്റിനുണ്ടാകുന്ന fiscal crisis സാധാരണക്കാരന്റെ ജീവിതത്തിൽ പ്രതിഫലിക്കും. ജീവനക്കാർക്ക് 6 ഡി.എ. കുടിശ്ശിക നൽകാനുണ്ട്. അവരുടെ ലീവ് സറണ്ടർ പുനഃസ്ഥാപിച്ച് കൊടുത്തിട്ടില്ല. അവരുടെ മെഡിസെപ്പ് അപകടത്തിലാണ്. പലർക്കും ലഭിക്കേണ്ട ഇരുപതിനായിരം രൂപ മുതൽ മുപ്പതിനായിരം രൂപ വരെയുള്ള തുക മാസം കിട്ടുന്നില്ല. എല്ലാ കുടുംബത്തിന്റെയും ചെലവ് വർധിച്ചു. ജീവനക്കാർ സമ്മർദ്ദത്തിലാണ്. മറ്റ് സമ്മർദ്ദം മാത്രമല്ലല്ലോ; ഇന്നലെ കണ്ണൂർ ജില്ലയിലുണ്ടായ സംഭവമെന്താണ്; അഴിമതിക്കാരനല്ലാത്ത ഒരു എ.ഡി.എം.-ന്റെ യാത്രയയപ്പ് സമ്മേളനം നടക്കുമ്പോൾ...., റിട്ടയർമെന്റായി യാത്ര അയക്കുന്നതല്ല, അപ്പോൾ നമ്മളൊക്കെ പോകും. ഇത് ട്രാൻഫർ ചെയ്ത് കഴിയുമ്പോൾ ഡൊമസ്റ്റിക്കായി നടക്കുന്നതാണ്. കളക്ടറേറ്റിൽ കളക്ടർ അധ്യക്ഷത വഹിച്ചുനടക്കുന്ന ചടങ്ങിൽ വിളിക്കാത്ത സദസ്സിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റുപോയി ചെന്നിരിക്കുകയും അദ്ദേഹത്തെക്കുറിച്ച് മോശം വർത്തമാനം പറയുകയും കളക്ടറുടെ അനുമതിയില്ലാതെ അഴിമതിക്കാരനെന്ന് പറഞ്ഞ് അപമാനിക്കുകയും ചെയ്തു. അദ്ദേഹം നിങ്ങളുടെ

സി.പി.ഐ.(എം) കുടുംബത്തിൽപ്പെട്ട ആളാണ്. പത്തനംതിട്ട ജില്ലയിലേതാണ്. അദ്ദേഹത്തിന്റെ അമ്മ പഞ്ചായത്ത് മെമ്പറായിരുന്നു. അദ്ദേഹവും ഭാര്യയും നിങ്ങളുടെ സംഘടനയിൽപ്പെട്ട ആളാണ്. അദ്ദേഹത്തിന്റെ അഭിമാനത്തിലേറ്റ ക്ഷതംമൂലം ആത്മഹത്യ ചെയ്തു. പത്തനംതിട്ട ജില്ലയിലേക്ക് ട്രാൻഫർ ലഭിച്ച അദ്ദേഹം ഇന്ന് രാവിലെ ട്രെയിനിൽ വരുമെന്നുപറഞ്ഞ് ഭാര്യയും കുട്ടികളും ചെങ്ങന്നൂരിൽ കാത്തുനിന്നു. എന്നാൽ വന്നത് എന്തിനാണ്? തന്റെ മേലുദ്യോഗസ്ഥന്റെയും സഹപ്രവർത്തകരുടെയും കീഴുദ്യോഗസ്ഥരുടെയും മുമ്പിൽവച്ച് ഒരു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അപമാനിച്ചതാണ് മരണത്തിന് കാരണമായത്. അവർ ആരാണ്; ഈ സംസ്ഥാനത്ത് എന്ത് ധിക്കാരമാണ് നടക്കുന്നത്; അഹങ്കാരം തലയ്ക്കുപിടിച്ചതാണോ; അവർക്കെതിരായി കേസെടുത്ത് അറസ്റ്റ് ചെയ്യണം. അവരെ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തുനിന്നും നീക്കണം. പാർട്ടിയിൽനിന്നും പുറത്താക്കണമേയെന്ന് നിങ്ങൾ തീരുമാനിച്ചാൽ മതി. നിങ്ങളുടെ പാർട്ടിയിൽ ഇതുപോലുള്ള കുറെയെണ്ണമുണ്ടല്ലോ; ഇതൊക്കെ കേരളത്തെ ഞെട്ടിച്ച/തകർത്ത കാര്യങ്ങളാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ

വിവിധരംഗങ്ങളിലുള്ള മുന്നേറ്റം... മുമ്പ് നമ്മൾ പറയും. യൂറോപ്പിനോട് കിടപിടിക്കാൻ കഴിയുന്ന പബ്ലിക് ഹെൽത്ത്, വിദ്യാഭ്യാസ സംവിധാനം, infant mortality rate കുറച്ചത് അങ്ങനെ എന്തെല്ലാം കാര്യങ്ങളാണ് പറയുന്നത്. വളരെ മുന്നേറ്റമുണ്ടായിരുന്ന മേഖലകൾ വരെ ഈ ധനപ്രതിസന്ധികാരണം തകർന്ന് തരിപ്പണമായി. ഈ വിഷയം അടിയന്തരപ്രമേയമായി ചർച്ച ചെയ്തതിൽ ഗവൺമെന്റിനോട് നന്ദി പറയുകയാണ്. ഈ വിഷയം ചർച്ച ചെയ്തത് കേരളമറിയണം. കേന്ദ്ര സർക്കാർ പണം നൽകിയില്ലെന്ന് പറഞ്ഞു. ഞങ്ങൾ ആ മീറ്റിംഗിൽ പങ്കെടുത്തതല്ലേ? കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാർ ഞങ്ങളുടെ അനുവാദമില്ലെങ്കിൽ ഇവിടെ വരുമോ; സംസ്ഥാന ഗവൺമെന്റ് വിളിച്ചുകൂട്ടിയ യോഗത്തിൽ ഞങ്ങളുടെ അനുവാദമില്ലാതെ കോൺഗ്രസ്സിന്റെ ധനകാര്യ വകുപ്പുമന്ത്രിമാർ പങ്കെടുക്കുമോ? ആ യോഗങ്ങളിൽ ഞാനും പങ്കെടുത്തു. ഞങ്ങൾക്ക് നേരത്തെ നിലപാടുകളുണ്ട്. Devolution of taxes, ഫിനാൻസ് കമ്മീഷൻ ചെയ്യുന്ന നടപടികളിൽ ഈ സഭയിൽതന്നെ ഞങ്ങളുടെ പ്രതിഷേധം ഉയർത്തിയിട്ടുണ്ട്. കേന്ദ്രം നൽകാത്ത ആനുകൂല്യങ്ങളും ഞങ്ങൾക്ക്

അർഹതപ്പെട്ട കാര്യങ്ങളും ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. വയനാട്ടിലെ കാര്യം ആദ്യം ഉന്നയിച്ചത് ഞങ്ങളല്ലേ; കേന്ദ്രം നൽകാത്ത കാര്യങ്ങളുണ്ടെങ്കിൽ ഞങ്ങൾ അതിന്റെ മുന്നിൽ പ്രതിഷേധമറിയിക്കുമെന്നതിൽ ഒരു സംശയവും വേണ്ട. എല്ലാം അവിടെ കെട്ടിവച്ചശേഷം....., കേന്ദ്രം ജി.എസ്.ടി. കോമ്പൻസേഷൻ നൽകിയില്ലെന്നാണ് ശ്രീ. ടി. ഐ. മധുസൂദനൻ പറഞ്ഞത്. അഞ്ച് വർഷം മാത്രമേ കോമ്പൻസേഷൻ നൽകുകയുള്ളൂവെന്ന് ജി.എസ്.ടി. ആക്ടിൽ എഴുതിവച്ചിരിക്കുകയാണ്. ആറാമത്തെ വർഷം കോമ്പൻസേഷൻ നൽകിയില്ലെന്ന് പരാതി പറയുകയാണ്. നിങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് കൊടുത്തപ്പോൾ അതൊന്നും എഴുതിയിട്ടില്ലല്ലോ; വേറെ കാര്യങ്ങളാണ് എഴുതിയിട്ടുള്ളത്. കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള കാര്യങ്ങൾ ഇവിടെയാണ് സംസാരിക്കുന്നത്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 55,000 കോടി രൂപ ലഭിച്ചു. ഇവിടെ പറയുന്ന കാര്യങ്ങളൊന്നും സുപ്രീംകോടതിയിലെ കേസിലില്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നമ്മൾ ചോദ്യം ചെയ്തത് Article-131

പ്രകാരമുള്ള ഭരണഘടനാപരമായ പ്രശ്നമാണ്. ഭരണഘടനാപരമായി വായ്പയെടുക്കാനുള്ള പരിധി നിശ്ചയിക്കാനുള്ള അധികാരം സംസ്ഥാന നിയമസഭയ്ക്കുള്ളതാണ്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്താണ് ആദ്യത്തെ നിയമം പാസാക്കുന്നത്. കേന്ദ്രത്തിന്റെ യൂണിയൻ ഗവൺമെന്റിന്റെ കടപരിധി യൂണിയൻ ലിസ്റ്റിലാണ്. നമ്മൾ പാസാക്കിയ ഭരണഘടനാപരമായ നിയമനിർമ്മാണാധികാരം സംബന്ധിച്ച പ്രശ്നങ്ങൾ മാത്രമേ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ചോദ്യം ചെയ്യാൻ കഴിയുകയുള്ളൂ എന്നത് അങ്ങേയ്ക്ക് അറിയാവുന്നതാണ്. മറ്റ് ഭരണഘടനാ പ്രശ്നങ്ങൾ ഡെഫിസിറ്റ് സംബന്ധിച്ചോ മറ്റ് കാര്യങ്ങളോ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുമ്പിൽവയ്ക്കാൻ പറ്റുന്നതല്ല. അതുകൊണ്ടാണ് ആ പ്രശ്നം മാത്രം സുപ്രീകോടതിയിൽ വച്ചത്.

ശ്രീ. വി. ഡി. സതീശൻ: സർ, The Fiscal Responsibility and Budget Management (FRBM) Act, സെൻട്രൽ ഗവൺമെന്റ് പാസാക്കിയപ്പോൾ അതിന് കറസ്പോണ്ടിംഗായാണ് 2003-ൽ സംസ്ഥാനത്ത് പാസാക്കിയത്. ഞാൻ ആ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത ആളാണ്. ഞാൻ അവതരിപ്പിച്ച ധാരാളം ഭേദഗതികൾ അന്ന് അംഗീകരിക്കപ്പെട്ടതാണ്. നിങ്ങൾ ഇതല്ലല്ലോ

പൊതുജനങ്ങളോട് പറയുന്നത്; ഭരണഘടനാപരമായി കടമെടുക്കാനുള്ള അനുവാദത്തിനായി കോടതിയിൽ പോയതാണെന്നല്ല നിങ്ങൾ പബ്ലിക്കിനോട് പറയുന്നത്. നിങ്ങൾക്ക് ലഭിക്കാൻ അർഹതയില്ലാത്ത വലിയ തുകയെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ്, ടാക്സ് കോമ്പൻസേഷൻ എന്നിവയൊന്നും നിങ്ങൾക്ക് ലഭിക്കാനുള്ളതല്ല. സംസ്ഥാനത്തിന് ലഭിക്കാനുള്ള അവകാശങ്ങൾ, tax devolution-ന്റെ മാനദണ്ഡം മാറ്റണം, ധനകാര്യമന്ത്രിമാരുടെ സമ്മേളനത്തിൽ ഞാനുൾപ്പെടെയുള്ളവർ അക്കാര്യം സ്ട്രോങ്ങായി പറഞ്ഞതാണ്. അതുകൊണ്ട് നിങ്ങളുടെ കുറവും/തെറ്റുകളും fiscal/finance management-ൽ ദയനീയമായി പരാജയപ്പെട്ടകാര്യം മറച്ചുവയ്ക്കാൻവേണ്ടി ഇത് ആയുധമാക്കരുത്. അടിയന്തരമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കേരളം തകർന്നുപോകുമെന്ന് ഞങ്ങൾ മുന്നറിയിപ്പ് നൽകുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപവുമായി ബന്ധപ്പെട്ട് ഇവിടെ ഉന്നയിച്ച പ്രശ്നത്തിന് ഇവിടെ ആധാരമായി ഉന്നയിച്ച വിഷയത്തെ

സംബന്ധിച്ച് സംസാരിക്കുന്നത് നന്നാകുമെന്ന് ഞങ്ങളും ഭരണകക്ഷിയിൽനിന്നും ട്രഷറി ബഞ്ചിൽനിന്നും പറയാൻ കാരണം കേരളത്തെ സംബന്ധിച്ച് കേരളം നോക്കിക്കാണുന്ന ആളുകൾക്ക് വലിയ ആശങ്കയുണ്ടാക്കുന്ന തരത്തിൽ നിരന്തരമായ പ്രചരണം കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്ന് ഇന്ത്യൻ പാർലമെന്റിലും പുറത്തും കാര്യമായി ഉണ്ടാകുന്നുണ്ട്. ഇന്നലെ കേരളം സന്ദർശിച്ച യൂണിയൻ ഫിനാൻസ് മിനിസ്റ്ററും ഇതുതന്നെയാണ് ആവർത്തിച്ചത്. അതുതന്നെയാണ് കേരളത്തിലെ കോൺഗ്രസ് നേതൃത്വവും യു.ഡി.എഫ്. നേതൃത്വവും ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. പൊതുവിൽ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് ഭരണപരവും ധനപരമായ അവസ്ഥയെന്ന് പറഞ്ഞാൽ, കേരളത്തിലെ മൂന്നരക്കോടി വരുന്ന ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തന്നെയാണ്. അതുകൊണ്ട് കേരളം ആകെ തകർന്നുപോകുന്നുവെന്ന് തെറ്റായി സ്ഥിരമായി പ്രചരിപ്പിച്ചാൽ അതിന്റെ നഷ്ടവും നാശവും ഉണ്ടാകുന്നത് കേരളത്തിലെ ഓരോപൗരനെയും സംബന്ധിച്ചുള്ളതാണെന്നതുകൊണ്ട് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും ഏറ്റവും ഉപരിയുമായ ഇത്തരമൊരു

സഭയിൽ ചർച്ച ചെയ്യുന്നത് നന്നാകും. അത് കേരളത്തിലെ ജനങ്ങൾക്ക് ആത്മവിശ്വാസം സൃഷ്ടിക്കാനും കേരളത്തെ നിരന്തരമായി ആക്രമിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകൾ സംബന്ധിച്ച് ജനങ്ങൾക്ക് മനസ്സിലാക്കുന്നതിനും കേന്ദ്ര ഗവൺമെന്റിനുപോലും ചില കണക്കുകൾ സംബന്ധിച്ച് ധാരണ സൃഷ്ടിക്കുന്നതിനും സഹായിക്കുമെന്നതുകൊണ്ടാണ് ഈ ഉപക്ഷേപം ചർച്ച ചെയ്യാൻ തീരുമാനിച്ചതും അതുപ്രകാരം ഇപ്പോൾ വളരെ വിശദമായ ചർച്ച നടന്നതും. ദൗർഭാഗ്യകരമെന്നുപറയട്ടെ, ഇന്ത്യയിലാകെ എടുക്കുന്ന ഒരു സമീപനമല്ല, കേരളത്തിലെ പ്രതിപക്ഷം കേരളത്തിൽ സ്വീകരിക്കുന്നത്. ഇന്ന് ഇന്ത്യാമുന്നണി കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.-ക്കെതിരായി അതിശക്തമായ നിലപാടുകളെടുക്കുന്നതിനായി ഒരുമിച്ചുനിൽക്കുകയാണ്. ഇന്ത്യാമുന്നണി ഹരിയാനയിലെടുത്ത നിലപാടിനെപ്പറ്റി കോൺഗ്രസിനുള്ളിൽ വന്ന കാര്യങ്ങൾ.., നിങ്ങൾ തന്നെയാണ് ചവിട്ടിമുക്കിയത് എന്നുപറഞ്ഞത് ഇപ്പോൾ വന്നതാണല്ലോ? ദീർഘവീക്ഷണമില്ലാത്ത, രാജ്യത്തെ പൊതുവായി കാണാത്ത,

സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാത്ത നിങ്ങളുടെ രാഷ്ട്രീയം കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

കേരളത്തെ സംബന്ധിച്ച് ഇവിടെപ്പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനമെന്താണ്? കേരളത്തിന്റെ വികസനസൂചികകളെ സംബന്ധിച്ച് ഞങ്ങൾ പറയാൻ സാധ്യതയുണ്ടെന്നുള്ളതുകൊണ്ട് അതിനെപ്പറ്റി പറഞ്ഞിട്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചർച്ച അവസാനിപ്പിച്ചത്. സാധാരണ ഒരു ഗവൺമെന്റിനെയും നാടിനെയും അഡ്മിനിസ്ട്രേഷനെയും സംബന്ധിച്ച് എങ്ങനെയാണ് വിലയിരുത്തുക? കേരളത്തിന് കഴിഞ്ഞനാളുകളിൽ ധനകാര്യരംഗത്ത് വരുമാനം വർധിച്ചിട്ടുണ്ടോ; ചെലവ് വെട്ടിക്കുറയ്ക്കപ്പെട്ടോ; ചെലവ് നടക്കാതിരുന്നോ; എന്നുതുടങ്ങിയ കാര്യങ്ങൾ നമുക്ക് പരിശോധിക്കാം.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പണം ചെലവഴിച്ചത് തൊട്ടുമുമ്പുള്ള ഗവൺമെന്റാണ്. തൊട്ടുമുമ്പുള്ള ഗവൺമെന്റ് ശരാശരി ഒരു വർഷം ചെലവാക്കിയത് 100000 കോടിരൂപയിൽ താഴെനിന്നും തുടങ്ങി 138000 കോടിരൂപയാണ്. അവർ ഓരോവർഷവും ചെലവാക്കിയതിന്റെ ശരാശരി

കണക്കെടുത്താൽ..., ഒന്നാം പിണറായി സർക്കാരിന്റെ ഓരോവർഷത്തെ ശരാശരിച്ചെലവ് 113000 കോടിരൂപയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാക്കന്മാർ പലരും മന്ത്രിമാരായിരുന്ന കാലത്തെ ഗവൺമെന്റിന്റെ ചെലവ് ശരാശരി 70000 കോടിരൂപയോട് അടുത്തുവരും. സാധാരണ സാമ്പത്തിക വളർച്ച അങ്ങനെയാണ്. കേന്ദ്രത്തിന്റെ സാമ്പത്തിക നയം കേരളത്തെ വല്ലാതെ ഞെരുക്കുന്നുവെന്ന് തുറന്നുപറയാൻ ഞങ്ങൾക്ക് യാതൊരു മടിയുമില്ല.

ഈ സർക്കാർ വന്നപ്പോൾ 113000 കോടിരൂപ ഒരുവർഷം ചെലവാക്കിക്കൊണ്ടിരുന്ന സ്ഥാനത്ത് അതിനെക്കാളും ചെലവ് ചുരുങ്ങി; പണമില്ലെന്നുതോന്നും; എത്രയാണ് കണക്ക്? ഈ കഴിഞ്ഞ മൂന്നുവർഷത്തെ ശരാശരിച്ചെലവ് ഒരു വർഷം 160000 കോടിരൂപയാണ്. 47000 കോടിരൂപ വർധിച്ചുവെന്ന് പറഞ്ഞാൽ, അങ്ങേയ്ക്ക് അക്കാര്യത്തിൽ പുച്ഛസ്വരത്തിൽ ചിരിക്കുകയോ കൈകാണിക്കുകയോ ചെയ്യാം; പക്ഷേ ആളുകൾ കണ്ടുകൊണ്ടിരിക്കുന്നതിനാൽ കണക്കുവച്ചിട്ടാണ് ഞാൻ പറയുന്നത്. പക്ഷേ 160000 കോടിരൂപ പോര; ഇനിയും കേരളത്തിന് ചെലവാക്കാൻ അർഹമായ

വിഹിതം കിട്ടണമെന്നകാര്യത്തിൽ യാതൊരു തർക്കവുമില്ല. വരുമാനത്തിന്റെ കാര്യം പരിശോധിച്ചാൽ സംസ്ഥാന ഗവൺമെന്റിന് ഏറ്റവും കൂടുതൽ വെട്ടിക്കുറവ് വന്ന ഒരു ഘട്ടമാണിത്.

കഴിഞ്ഞവർഷത്തെ കണക്കാണ് ഞാൻ സൂചിപ്പിച്ചത്; ഇനി ഈ വർഷത്തെ കണക്ക് നോക്കിയാൽ, ഈ വർഷം സെപ്തംബർ മാസം വരെ 94882 കോടിരൂപ ട്രഷറിയിൽനിന്നും cash flow ആയിട്ടുണ്ട്. ട്രഷറിയിൽനിന്നും ചെലവായി പുറത്തേയ്ക്കുപോകുന്ന പണമാണ് cash flow. കഴിഞ്ഞവർഷം ഇതേ സമയം 85700 കോടിരൂപയാണ് ചെലവായത്. അതായത് കഴിഞ്ഞവർഷം ഈ സമയംവരെ ചെലവായതിനേക്കാൾ 9000 കോടിരൂപ ഇതുവരെ ചെലവാക്കിക്കഴിഞ്ഞു. കണക്കുകളും ശാസ്ത്രവും അക്കൗണ്ടിംഗും അനുസരിച്ച് ഇതിനെ growth എന്നാണ് പറയുന്നത്. പക്ഷേ ഈ തുക തികയില്ലെന്നുള്ളത് മറ്റൊരുകാര്യമായതിനാൽ സംസ്ഥാനത്തിന് ലഭിക്കാനുള്ളത് നഷ്ടപ്പെടുത്താൻ കഴിയില്ല.

സംസ്ഥാനത്തിന്റെ തനതുവരുമാനത്തിന്റെ കാര്യമെടുത്താൽ, 2020-21 മുതൽ 2023-24 വരെയുള്ള സാമ്പത്തികവർഷങ്ങളിലെ കണക്കുനോക്കിയാൽ,

നികുതിവരുമാനത്തിൽ State’ s own Tax Revenue (SOTR) 64.10% വർധനവ് സംസ്ഥാനത്ത് വരുത്താൻ കഴിഞ്ഞിട്ടുണ്ട്. 2020-21-ൽ കോവിഡായതിനാൽ വർധനയുണ്ടായിരുന്ന ഒരു സമയമായിരുന്നില്ലെങ്കിലും, വർധനയുണ്ടായ സംസ്ഥാനങ്ങളുടെ ശതമാനം വച്ചുനോക്കുമ്പോൾ കേരളത്തിന് നല്ല വർധനവുണ്ടായിട്ടുണ്ട്. 2020-21-ൽ 47660 കോടിരൂപയായിരുന്ന നികുതിവരുമാനം 2023-24-ൽ 74329 കോടിരൂപയായി വർധിച്ചു. എന്നാൽ നികുതിയേതര വരുമാനത്തിൽ 100 ശതമാനത്തിലധികം വർധനയുണ്ടായി. 2020-21-ൽ 7327 കോടിരൂപയായിരുന്ന നികുതിയേതര വരുമാനം 2023-24-ൽ 16346 കോടിരൂപയായി വർധിച്ചു. കേരളത്തിനുപുറത്തുള്ള പ്രവാസികളുൾപ്പെടെ കേരളത്തിൽ പണം നിക്ഷേപിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുമ്പോൾ, ഇതാ കേരളം തകരാൻ പോകുകയാണ്... കേരളമാകെ പ്രശ്നമാണെന്ന് നിങ്ങൾ പറഞ്ഞാലുണ്ടാകുന്ന ഫലമെന്താണ്?

റവന്യൂക്കമ്മിയുടെ കാര്യം പരിശോധിച്ചാൽ, 20063 കോടിരൂപയായിരുന്ന റവന്യൂക്കമ്മി കഴിഞ്ഞവർഷം 18140 കോടിരൂപയായും

ധനക്കമ്മി 35203 കോടിരൂപയിൽനിന്നും 34257 കോടിരൂപയായും കുറഞ്ഞിട്ടുണ്ട്. 2020-21-ലെ കോവിഡിന്റെ പശ്ചാത്തലത്തിൽ 4.56 ശതമാനമായിരുന്ന ധനക്കമ്മി കഴിഞ്ഞവർഷം 2.9 ശതമാനത്തിലേയ്ക്കും റവന്യൂക്കമ്മി 2.6 ശതമാനത്തിൽനിന്നും 1.5 ശതമാനമായും താഴ്ന്നിട്ടുണ്ട്. ഇത്തരം നിരക്കുകളുടെ അടിസ്ഥാനത്തിലാണ് സാധാരണയായി ഓരോ മേഖലയുടെയും സാമ്പത്തികാരോഗ്യം പരിശോധിക്കുന്നത്.

സംസ്ഥാനത്തിന്റെ ആകെ കടത്തിന്റെ കാര്യമെടുത്താൽ, GSDP-യുമായുള്ള കടത്തിന്റെ അനുപാതം 2020-21-ൽ 38.41 ശതമാനമായിരുന്നത് കഴിഞ്ഞവർഷം 33.4 ശതമാനമായി കുറയ്ക്കാനായി. അത് കുറയുന്ന ട്രെൻഡിലാണ്. കേരളം ധനദൃഢീകരണത്തിന്റെ പാതയിലാണെന്നാണ് അക്കൗണ്ടന്റ് ജനറൽ പറഞ്ഞത്, പാർലമെന്റിലും അതാണ് പറഞ്ഞത്. കേന്ദ്രം കേരളത്തോട് കാണിക്കുന്ന കൊടിയ അവഗണനമൂലമാണ് ഈ സാമ്പത്തികഞെരുക്കം ഉണ്ടാകുന്നതെന്ന് അങ്ങേയ്ക്കും അപ്പുറത്തിരിക്കുന്നവർക്കും ബഹുമാനപ്പെട്ട ചെയറിനും ഈ സഭയിലിരിക്കുന്ന എല്ലാവർക്കുമറിയാം. ആ അവഗണനയെ സംബന്ധിച്ച് വേണ്ടത്ര ചർച്ച ഇവിടെ വന്നില്ല. ബഹുമാനപ്പെട്ട

പ്രതിപക്ഷനേതാവ് പറഞ്ഞുനിർത്തുമ്പോൾ.., ഞാനൊരു രണ്ടുവാക്ക് കേന്ദ്രത്തെപ്പറ്റിപ്പറഞ്ഞേക്കാം; അല്ലെങ്കിൽ പരാതി പറയുമെന്നാണ് പറഞ്ഞത്. പരാതി പറയുമെന്നുള്ളതുകൊണ്ട് കേന്ദ്രത്തെപ്പറ്റി പറഞ്ഞിട്ടെന്താണ് കാര്യം? കേന്ദ്രത്തിന്റെ നിലപാട് ഇതാണെന്നുള്ളത് ആത്മാർത്ഥമായി പറഞ്ഞ് നിന്നാലല്ലേ കാര്യമുള്ളൂ! കേന്ദ്രം കേരളത്തോട് കാണിക്കുന്നത് കൊടിയ സാമ്പത്തിക അവഗണനയെന്ന നിലയിൽ എത്രയോ തവണ സഭയിൽ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സഭയിൽ സംസാരിക്കുകയും കേന്ദ്രത്തിനെതിരായുള്ള സമരത്തിൽ പങ്കെടുക്കുകയും ഏറ്റവുമൊടുവിൽ ഇന്ത്യയിലെ 5 സംസ്ഥാനങ്ങളിലെ ധനകാര്യമന്ത്രിമാർ പങ്കെടുത്തിട്ടുള്ള ' finance conclave' ഉൾപ്പെടെ നടത്തുകയും ചെയ്തു. കോൺഗ്രസിലെ യു.ഡി.എഫ്.-ന്റെ നേതൃത്വവും പ്രതിപക്ഷനേതാവുൾപ്പെടെ അതിൽ പങ്കെടുത്തത് നല്ലതും സന്തോഷകരവുമായ കാര്യമാണ്. അപ്രകാരമൊരു പ്രശ്നം ഉന്നയിക്കാൻ നമുക്ക് കഴിഞ്ഞു.

ബി.ജെ.പി. ഗവൺമെന്റിന്റെ ഈ നിലപാട് വെറുതെ പറയുന്നതല്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ, ടാക്സിൽ വർധനവുണ്ടായി, ചെലവ് വർദ്ധിച്ചു.

കേന്ദ്രത്തിൽനിന്നും 2021-22-ൽ വിവിധയിനങ്ങളിലായി കേരളത്തിന് ലഭിച്ച 47837 കോടിരൂപ 2023-24-ൽ 45639 കോടിരൂപയായും കഴിഞ്ഞവർഷം അക്കൗണ്ടന്റ് ജനറലിന്റെ കണക്കനുസരിച്ച് 33811 കോടിരൂപയായും കുറഞ്ഞു. 14,026 കോടിരൂപയുടെ കുറവാണ് വിവിധയിനങ്ങളിലായി കേരളത്തിന് ലഭിച്ച തുകയിൽ മാത്രം ഈ രണ്ടുമൂന്ന് വർഷം കൊണ്ടുണ്ടായത്. ഇത് 26 ശതമാനമാണ്, ഇങ്ങനെ കുറയുകയെന്നുള്ളത് സാധാരണയായി കാണാറില്ല.

പ്ലാൻ ഫണ്ട് വർധിപ്പിക്കണമെന്നും അതോടൊപ്പം റെമിറ്റൻസും വർധിപ്പിക്കണമെന്ന് അങ്ങിവിടെ പറഞ്ഞുവെങ്കിലും അത് കുറയുകയാണുണ്ടായത്. 2021-22-ൽ grant-in-aid ആയി കേന്ദ്ര സർക്കാരിൽനിന്നും കേരളത്തിന് ലഭിച്ചത് 30017 കോടിരൂപയായിരുന്നത് കഴിഞ്ഞവർഷം 12068 കോടിരൂപയായി കുറഞ്ഞു. ഇത് കുറവാണെന്ന് ഭരണകക്ഷി ബെഞ്ച് മാത്രമല്ല പ്രതിപക്ഷ ബെഞ്ചും അംഗീകരിക്കുമെന്ന് ഞാൻ കരുതുന്നു. 2021-22-ൽ മുൻവർഷത്തെ അപേക്ഷിച്ച് കേന്ദ്ര ഗ്രാന്റുകളിൽ 3.38% കുറവുണ്ടായി. കഴിഞ്ഞവർഷം സംസ്ഥാനത്തിന് ലഭിക്കേണ്ട ഗ്രാന്റുകളിൽ 56 ശതമാനമാണ് കേന്ദ്രസർക്കാർ നമുക്ക് വെട്ടിക്കുറച്ചത്. 2021-22-ൽ

സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 5.12% കേന്ദ്രത്തിൽനിന്നുള്ള ധനകൈമാറ്റങ്ങളായിരുന്നു. എന്നാൽ 2023-24-ൽ അത് 2.88 ശതമാനമായി ചുരുങ്ങി. 2.88% എന്നുപറഞ്ഞാൽ പതിനായിരക്കണക്കിന് കോടിരൂപയാണ്. കിഫ്ബിപോലുള്ള ഏജൻസികളോടുള്ള കേന്ദ്രത്തിന്റെ സമീപനം അങ്ങേയ്ക്കറിയാവുന്നതാണ്. ഞാനിവിടെ പറഞ്ഞത് കേരളത്തിന്റെ പൊതുവായ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ച കണക്കുകളാണ്.

ദുർബലമായ ഒരു കേസ് വാദിക്കാൻ പോകുന്ന ആത്മവിശ്വാസമില്ലാത്ത ഒരു വക്കീലിന്റെ സമീപനത്തിലാണെന്ന് ചില മെമ്പർമാർ ചർച്ചയിൽ ഉപക്ഷേപാവതാരകനെക്കുറിച്ച് സൂചിപ്പിച്ചു. സാധാരണ അദ്ദേഹം കുറച്ചുകൂടി aggressive-ആയി പറയേണ്ട ആളാണ്. തന്റെ വാദം ജയിക്കാൻ എന്തും പറയാൻ മടിയില്ലാത്ത ഒരാളെന്നനിലയിൽ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും കുറച്ചുകൂടി aggressive-ആയി കാര്യങ്ങൾ പറയുമെന്ന് കരുതി. ഏതായാലും ഈ വിഷയത്തിൽ പരിമിതിയുള്ളതിനാൽ അധികം കാര്യങ്ങൾ അദ്ദേഹത്തിന് പറയാനില്ല; അദ്ദേഹത്തിന്റെ കുഴപ്പമല്ല, അത്രയേ പറയാനുള്ളൂ. ഇവിടെ

പണമെല്ലാം പിടിച്ചുവച്ചിരിക്കുകയാണെന്നും സർക്കുലറിൽ ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നതെന്നതും അദ്ദേഹം ഇവിടെ പറയുകയുണ്ടായി. ഞാൻ ആദ്യം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പ്ലാൻ സംബന്ധിച്ചും പണം ചെലവാക്കുന്നത് സംബന്ധിച്ചും ആകെ വെട്ടിക്കുറയ്ക്കുന്നൊരു സമീപനമില്ലെന്ന കാര്യം മനസ്സിലായിക്കാണും. പക്ഷെ പദ്ധതി ക്രമീകരിക്കുന്നത് സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പത്തുകോടി രൂപയ്ക്ക് മുകളിലും പത്ത് കോടിരൂപയ്ക്ക് താഴെയുമുള്ള താൽക്കാലികമായ ഒരു ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക സ്ഥിതി കുറച്ചുകൂടി മെച്ചപ്പെടുമ്പോൾ അതിന്റെ ലിമിറ്റ് വർധിച്ചുവരും. പദ്ധതി കട്ട് ചെയ്യുകയെന്ന ഒരു സ്ഥിതിയിലേക്ക് വന്നിട്ടില്ല. ആരോഗ്യം, തുറമുഖം, പബ്ലിക് വർക്സ്, വാട്ടർ റിസോഴ്സസ് എന്നിവയെല്ലാം ചില പ്രധാനപ്പെട്ട വകുപ്പുകളാണ്. ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ ഡിപ്പാർട്ടുമെന്റിൽ പ്ലാൻ ഫണ്ടിൽ അനുവദിച്ച തുകയുടെ 56.80 ശതമാനം ഇപ്പോൾതന്നെ ചെലവഴിച്ചിട്ടുണ്ട്. നിയമസഭ ഇതിനകത്ത് വരുന്നതല്ല, പ്രത്യേകമായി വരുന്ന ഹെഡ്ഡാണെങ്കിൽപ്പോലും അതിൽനിന്നും 265.93 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. പോർട്ട്സിന്റെ

കാര്യത്തിൽ 64.43 ശതമാനവും പൊതുമരാമത്ത് വകുപ്പ് 52.55 ശതമാനവും വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റ് 55.83 ശതമാനവും പ്ലാനിംഗ് ആൻഡ് എക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ടുമെന്റ് 55.51 ശതമാനവും ഫണ്ട് ഇപ്പോൾതന്നെ ചെലവഴിച്ചിട്ടുണ്ട്. എല്ലായിടത്തും അത്തരത്തിൽ എക്സ്പെൻഡിച്ചർ ഉണ്ടാകുന്നുണ്ട്. പദ്ധതികൾ കട്ട് ചെയ്യുകയെന്ന നിലയിലല്ല കാര്യങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. ഇതുവരെയുള്ള ക്യാഷ് ഫ്ലോ സംബന്ധിച്ച് ഞാൻ പറഞ്ഞു. ഇതേസമയം കഴിഞ്ഞവർഷം ചെലവായതിനെക്കാളും ഒൻപതിനായിരം കോടിരൂപ ഇതുവരെ ക്യാഷ് ഔട്ട് ഫ്ലോ വന്നുകഴിഞ്ഞു. സാധാരണഗതിയിൽ കഴിഞ്ഞ വർഷത്തെക്കാളും ചെലവുകുറയ്ക്കാതെ അധികം ചെലവാക്കിതന്നെ ഈ വർഷം പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒരു ഫിസ്കൽ മാനേജ്മെന്റിന്റെ പ്രശ്നമുണ്ട്, അത് കേന്ദ്രത്തിൽനിന്നുള്ള തുക ലഭിക്കാത്തതുകൊണ്ടുള്ളതാണ്. അല്ലാതെ പദ്ധതികൾ ആകെ കട്ട് ചെയ്യുന്ന തരത്തിലുള്ള നടപടികളിലേക്ക് സർക്കാർ നീങ്ങിയിട്ടില്ല. ധന മാനേജ്മെന്റിന്റെ പ്രശ്നത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഇവിടെ നടന്ന ചർച്ചയിൽ

കുറെകാര്യങ്ങൾ പറഞ്ഞല്ലോ, അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി എങ്ങനെയാണ് കാര്യങ്ങൾ കൈകാര്യം ചെയ്യാൻ പോകുന്നത് എന്നതുസംബന്ധിച്ച് ഒരു പ്രസ്താവന ഇവിടെ നടത്തി. ഓണത്തെക്കുറിച്ച് പറയുകയാണെങ്കിൽ, കേരളത്തിലെ ഒരുസ്ഥലത്തും നിത്യോപയോഗ സാധനങ്ങൾക്ക് വിലകൂടിയില്ലെന്ന് മാത്രമല്ല ലഭ്യമാകാതെയുള്ള പ്രശ്നമുണ്ടായോ; ഇഷ്ടം പോലെ സാധനങ്ങളുണ്ടായിരുന്നു. വിലക്കയറ്റം വലിയ പ്രശ്നമാണെന്നുള്ള റിസർവ് ബാങ്കിന്റെ കണക്കുകൾ ഇന്ന് പുറത്തുവന്നിട്ടുണ്ട്. ഇന്ത്യ ഗവൺമെന്റിന് വിലക്കയറ്റം നിയന്ത്രിക്കാൻ സാധിക്കുന്നില്ല. പക്ഷെ നമ്മുടെ സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചുനിർത്താൻ സാധിച്ചുവെന്ന് മാത്രമല്ല, ആവശ്യംപോലെ സാധനങ്ങൾ എല്ലായിടത്തും ഉണ്ടായിരുന്നുവെന്നുള്ളതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതൊരു സമീപനത്തിന്റെ പ്രശ്നം തന്നെയാണ്. ചില കാര്യങ്ങൾ വെറുതെ പറയുന്നതല്ല.

2024-ലെ സാമ്പത്തിക ശാസ്ത്രത്തിനുള്ള നോബൽ സമ്മാനം ഇന്നലെയാണ് പ്രഖ്യാപിച്ചത്. ടർക്കിഷ് അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞനായ Kamer Daron Acemoglu, ബ്രിട്ടീഷ് വംശജനായ Dr. Simon

Johnson, അമേരിക്കക്കാരനായ Prof. James A. Robinson എന്നിവരാണ് ഈ വർഷത്തെ നോബൽ സമ്മാനത്തിന് അർഹരായത്. അവരുടെ വിഷയംതന്നെ വ്യത്യസ്തമാണ്, " how institutions are formed and affect prosperity" എന്നതായിരുന്നു വിഷയം. " Reducing the vast differences of income between countries" എന്ന ആസ്പെക്ടിനെ സംബന്ധിച്ച് is one of our greatest challenges of this time എന്ന പറയുന്ന ഒരു പ്രബന്ധമാണ് അവർ തയ്യാറാക്കിയത്. അതിനകത്ത് അവർ There are political, economic and administrative reasons behind this phenomenon എന്നാണ് പറഞ്ഞിരിക്കുന്നത്. നേരത്തെ ഒരു കണക്കിൽ ശ്രീ. അമർത്യ സെൻ കേരളത്തെക്കുറിച്ച് പറഞ്ഞത്, രാഷ്ട്രങ്ങൾ എത്ര വലിയ മുതലാളിത്ത വികസന സാമ്രാജ്യത്വ നയങ്ങളുള്ള രാജ്യങ്ങളായാലും ആ രാജ്യങ്ങളുടെ നയങ്ങളുടെ കാര്യത്തിൽ രാഷ്ട്രീയമായി/ഭരണപരമായി എടുക്കുന്ന സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് ഫെഡറലിസത്തിന്റെ ഇഷ്യൂ വരുന്നത്. എങ്ങനെയാണ് തീരുമാനമെടുക്കുന്നതെന്ന സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് രാജ്യങ്ങൾക്ക് അവരുടെ ദാരിദ്ര്യവും അതുപോലെ വ്യത്യാസവും തുടച്ചുമാറ്റാൻ

കഴിയുന്നത്. അതിനാണ് ഇപ്രാവശ്യത്തെ നോബൽ സമ്മാനം ലഭിച്ചത്. ഒരു കാര്യം ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. 1990-കളിൽ കേന്ദ്രത്തിലെ കോൺഗ്രസ് ഗവൺമെന്റ് കൊണ്ടുവന്ന ഗ്ലോബലൈസേഷൻ സൃഷ്ടിച്ചേക്കാവുന്ന പ്രശ്നങ്ങളെക്കുറിച്ച് ഇടതുപക്ഷം അന്ന് സംസാരിച്ചതെല്ലാം തെറ്റായിപ്പോയി എന്നും അതുമൂലമുണ്ടായ പ്രോസ്പിരിറ്റി കണ്ടില്ലേയെന്നുമാണ് ഡോ. മാത്യു കുഴൽനാടൻ സംസാരിച്ചപ്പോൾ പറഞ്ഞത്. എന്നാൽ അന്ന് കെ.പി.സി.സി. പ്രസിഡന്റായിരുന്ന ശ്രീ. വി. എം. സുധീരൻ ശ്രീമതി സോണിയ ഗാന്ധിക്ക് എഴുതിയ കത്തിന്റെ രണ്ട് വാചകങ്ങൾ ഞാൻ ഇവിടെ ഉദ്ധരിക്കാം. ആ കത്തിന്റെ രണ്ടാമത്തെ പാരഗ്രാഫിൽ പറയുന്നത് ഇപ്രകാരമാണ്, Experiences so far has proved that the liberalised economic policies which was adopted since Narasimha Rao's regime has benefited only the rich and the corporates. The unfortunate outcome of this is that the poor, the middle class and the marginalised sections of our society distance away from Congress Party. ശ്രീ. വി. എം. സുധീരൻ പറഞ്ഞതുപോലെ കോൺഗ്രസ് പാർട്ടിയിൽനിന്നും അവർ ഒഴിവായി ദൂരത്തേയ്ക്ക് പോയെന്ന്

മാത്രമല്ല, എത്ര ലക്ഷം കർഷകരാണ് ഇതിന്റെ ഫലമായി ആത്മഹത്യ ചെയ്തതെന്നാണ് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ചോദിച്ചത്. കർഷകരുടെ ആത്മഹത്യയും അന്നത്തെ സാമ്പത്തിക നയവുമല്ലേ, ബി.ജെ.പി.-യെ അധികാരത്തിൽ കൊണ്ടുവരാൻ സഹായിച്ചത്. ആ സാമ്പത്തികനയം ഇപ്പോഴും നല്ലതാണെന്ന് പറയുന്ന നിങ്ങളുടെ നയം കൊള്ളാം.

ജി.എസ്.ടി.-യെ സംബന്ധിച്ച് ഇവിടെ പറഞ്ഞല്ലോ, ജി.എസ്.ടി. കൊണ്ടുവന്നതാരാണ്, സംസ്ഥാനങ്ങളുടെ അവകാശങ്ങൾ കട്ട് ചെയ്യാൻ പ്രണബ് മുഖർജിയുടെ കാലത്ത് തുടങ്ങി ശ്രീ. പി. ചിദംബരത്തിന്റെ കാലത്ത് ഫൈനലൈസ് ചെയ്ത് അരുൺ ജെയ്റ്റ്ലി നടപ്പാക്കിയതാണ്. ജി.എസ്.ടി. നല്ലതാണെന്ന് പറയുകയല്ല നിങ്ങൾ ചെയ്തത്, നിങ്ങളാണ് ജി.എസ്.ടി. കൊണ്ടുവന്നത്. ഞാനും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും പാർലമെന്ററി കാര്യ വകുപ്പുമന്ത്രിയും അടക്കമുള്ളവർ അന്ന് പാർലമെന്റിൽ ഉണ്ടായിരുന്നു. ആ സമയത്ത് ഇതുസംബന്ധിച്ച് ചർച്ചവന്നു. ചർച്ച വന്നതിനനുസരിച്ച് ഞങ്ങൾ കൃത്യമായ അഭിപ്രായം രേഖപ്പെടുത്തി. അത്

നല്ലതാണെന്ന ധാരണയാണ് ഞങ്ങൾക്ക് ആദ്യമുണ്ടായിരുന്നത്. എന്നാൽ അതിനെക്കുറിച്ച് പഠിച്ചശേഷം അവിടെ ഡിസെന്റ് നോട്ട് കൊടുത്തു. ആ ഡിസെന്റ് നോട്ട് എഴുതിയത്, ഞാനും സി.പി.ഐ.-യുടെ ജനറൽ സെക്രട്ടറിയായ സഖാവ് ഡി. രാജയുമാണ്. ആ ഡിസെന്റ് നോട്ട് രേഖകളിലുണ്ട്. സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാർ പിച്ചചട്ടിയുമായി കേന്ദ്രത്തിലേയ്ക്ക് വരേണ്ടിവരുമെന്നാണ്, The Finance Ministers will be compelled to come to the Centre with begging bowls. So this is affecting the Federalism എന്ന് പറയുന്നതാണ് ആ ഡിസെന്റ് നോട്ട്, അതിനകത്ത് മറ്റ് കാര്യങ്ങളും പരാമർശിക്കുന്നുണ്ട്. അത് എടുത്ത് പരിശോധിക്കാവുന്നതാണ്. അത് നടപ്പാക്കുമ്പോൾ ഇതായിരിക്കും സംഭവിക്കുന്നതെന്ന് അഭിപ്രായം പറഞ്ഞവരാണ് ഞങ്ങൾ. ജി.എസ്.ടി. സംസ്ഥാനങ്ങളുടെ എല്ലാ അവകാശങ്ങളെയും കടന്നാക്രമിക്കും. ഇക്കാര്യങ്ങൾ മനസ്സിലായതിനാലാണ് സംസ്ഥാനങ്ങളുടെ അവകാശം സംരക്ഷിക്കാനും ഇന്ത്യയെ സംരക്ഷിക്കാനുമായി ഇവിടെ നടന്ന കോൺക്ലേവിൽ തെലങ്കാനയുടെ ഉപമുഖ്യമന്ത്രിയും കർണ്ണാടകത്തിലെ റവന്യൂ വകുപ്പുമന്ത്രിയും തമിഴ്നാട്ടിലെയും

പഞ്ചാബിലെയും മന്ത്രിമാർ അടക്കമുള്ളവർ പങ്കെടുത്തത്. ഇത് ചെറിയൊരു കാലയളവിലേക്ക് മാത്രമുള്ള വിഷയമല്ല. ഇന്ത്യാ രാജ്യം ഇങ്ങനെ മുന്നോട്ടുപോകണമോയെന്നുള്ള പ്രശ്നം ഫെഡറലിസവുമായി ബന്ധപ്പെട്ടതാണ്. 1990-കളിലെ കാര്യം ഇവിടെ പറഞ്ഞു, അതിൽ സംഭവിച്ച തെറ്റുകൊണ്ടാണ് ബി.ജെ.പി. ഇവിടെ വരെ എത്തിയത്. ഞങ്ങൾ അധികാരത്തിൽവന്ന് ആദ്യത്തെ വർഷം കേരളം ശ്രീലങ്കപോലെ ആകുമെന്നായിരുന്നു നിങ്ങളുടെ പ്രചരണമെന്നത് സംബന്ധിച്ച് ശ്രീ. കെ. ബാബു (നെന്മാറ) ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളം ശ്രീലങ്ക ആയില്ലെന്ന് മാത്രമല്ല, ശ്രീലങ്ക കേരളത്തിന്റെ വഴിയെ വരുന്നുവെന്നുള്ളത് ചെറിയൊരു കാര്യമല്ല. അവിടെ പ്രസിഡന്റിന്റെ വീട് ഉൾപ്പെടെ പിടിച്ചെടുത്ത സാഹചര്യത്തിൽ, അവിടത്തെ ഇപ്പോഴത്തെ പ്രസിഡന്റും പാർട്ടിയുമാണ് ജനങ്ങൾക്ക് ഒപ്പംനിന്ന് അവർക്കുവേണ്ടി സ്ഥിരമായി സമരം ചെയ്തത്. അത് അവിടെ മാത്രം നിൽക്കുന്ന വിഷയമല്ല. ലോകത്താകെ വരുന്ന പ്രശ്നങ്ങൾ അതുതന്നെയാണ് കാണിക്കുന്നത്. ഏറ്റവും ഒടുവിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പേയ്മെന്റ് പോലും സെന്ററിലേക്ക് കൊടുക്കണമെന്നും അവിടെനിന്നും

സംസ്ഥാനത്തിന് നൽകുമെന്നുമാണ് കേന്ദ്രത്തിൽനിന്നും ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. ജലം സംസ്ഥാനത്തിന്റെ പരിധിയിൽ വരുന്ന വിഷയമാണ്. എല്ലാകാര്യങ്ങളും കേന്ദ്ര ഗവൺമെന്റ് പിടിച്ചെടുക്കുന്ന തരത്തിലുള്ള ഒരു സമീപനം വന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് അത്തരം കാര്യങ്ങൾക്കെതിരെ നിലപാട് എടുക്കാൻ നമുക്കൊരുമിച്ച് സാധിക്കണം.

ഞാൻ ഉദാരവൽക്കരണ നയത്തിന്റെയും മറ്റ് കാര്യങ്ങളെയും സംബന്ധിച്ച് പറയേണ്ടല്ലോ, കേരളത്തിന്റെ ജി.ഡി.പി.-യുടെ (ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്റ്റ്) വളർച്ചയെക്കുറിച്ച് പറഞ്ഞു. കേരളത്തിന്റെ ജി.ഡി.പി. മൂന്ന് ശതമാനത്തിൽനിന്നും വളർന്ന് ഒരു ഘട്ടത്തിൽമാത്രം 4.1 ശതമാനത്തിലേക്ക് വരികയും വീണ്ടും 3.8 ശതമാനത്തിലെത്തി നിൽക്കുകയുമാണ്. ജി.ഡി.പി. നിരക്ക് ഇത്രയും എത്തിനിൽക്കുന്ന കേരളത്തിന് ലഭിക്കേണ്ട അർഹമായ വിഹിതം കേന്ദ്രത്തിൽനിന്നും ലഭിക്കുന്നില്ല. ഇവിടെ ആദ്യം സംസാരിക്കുമ്പോൾ അങ്ങ് പറഞ്ഞല്ലോ, Compare the comparable. Yes, we have to compare the comparable, when we are discussing about the divisible pool of the national government, we have to compare the

comparable. അസമിനും ഛത്തീസ്ഗഡിനും ഒഡീഷയ്ക്കും ജാർഖണ്ഡിനും അതായത് കേരളത്തിന്റെ തത്തുല്യമായ ജനസംഖ്യപോലുമില്ലാത്ത ഈ സംസ്ഥാനങ്ങൾക്ക് നാല് ശതമാനത്തിനടുത്ത് വിഹിതം ലഭിക്കുമ്പോൾ നമുക്ക് 1.9 ശതമാനം മാത്രമെ ലഭിക്കുന്നുള്ളൂ. അതുമാത്രമല്ല, ഇന്ത്യയിൽ ഈ സംസ്ഥാനങ്ങളുടെ ജി.എസ്.ഡി.പി.-(ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ട്) യുടെ കണക്കെടുക്കുമ്പോൾ, ഇന്ത്യയുടെ ആകെയുള്ള ജി.ഡി.പി.-യിൽ കേരളത്തിന്റേത് 3.8 ശതമാനമാണ്. ഞാൻ ഒരു സംസ്ഥാനത്തെയും താരതമ്യം ചെയ്ത് ആ സംസ്ഥാനത്തിന് നൽകരുതെന്ന് പറയുന്ന അഭിപ്രായക്കാരനല്ല. പക്ഷെ പശ്ചിമ ബംഗാളിന് 5.6 ശതമാനവും ഉത്തർപ്രദേശിന് 8.4 ശതമാനവും കർണ്ണാടകത്തിന് 8.2 ശതമാനവുമാണ് ഇപ്പോൾ നൽകുന്നത്. ഇന്ത്യയിലെ ആകെ ജി.ഡി.പി.-യുടെ 3.8 ശതമാനം കേരളത്തിന്റേതാണ്. ഇന്ത്യയുടെ 100 രൂപ വരുമാനത്തിൽ 3.8 രൂപ നൽകുന്ന കേരളത്തിന് സംസ്ഥാന വിഹിതമായി ലഭിക്കുന്നത് 1.90 രൂപ മാത്രമാണ്. അതേസമയം 9.5 ശതമാനം വരുമാനം കൊടുക്കുന്ന ഉത്തർപ്രദേശ് പോലുള്ള മറ്റുസംസ്ഥാന സർക്കാരുകൾക്ക് സംസ്ഥാന വിഹിതമായി കേന്ദ്രത്തിൽനിന്നും ലഭിക്കുന്നത്

18 ശതമാനമാണ്. ഞാൻ അത് കൊടുക്കണ്ടെന്നല്ല പറഞ്ഞത്. അവരുടെ വരുമാനത്തിന്റെ ഇരട്ടിയാണ് സംസ്ഥാന വിഹിതമായി നൽകുന്നത്. പക്ഷെ പെർഫോമൻസിനെ വിക്റ്റിമൈസ് ചെയ്യരുത്. സംസ്ഥാനത്തിന്റെ പോരായ്മകൾ ചർച്ച ചെയ്യുകയും പരിഹരിക്കുകയും ചെയ്യാം. പക്ഷെ നമ്മുടെ നേട്ടങ്ങളെ അവഗണിക്കാൻ പാടില്ല.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന മേഖലയിലെ ഏത് കണക്ക് പരിശോധിച്ചാലും കേരളം മുന്നിലാണ്. നമ്മുടെ പെർഫോമൻസ് മോശമാണ്, സംസ്ഥാനത്തിന്റെ economic/financial back bone തകർന്നുപോയിയെന്ന് പറഞ്ഞാൽ, പിന്നെ എങ്ങനെയാണ് കേന്ദ്ര സർക്കാരും ദേശീയ അന്തർദേശീയ ഏജൻസികളും പുറത്തുവിടുന്ന എല്ലാ റിപ്പോർട്ടുകളിലും കേരളം ഒന്നാമത് വരുന്നത്? മാനവ വിഭവശേഷിയുടെ എല്ലാ ഘടകങ്ങളിലും കേരളം മുമ്പിലാണ്. നീതി ആയോഗ്, ആർ.ബി.ഐ., ദേശീയ കുടുംബാരോഗ്യ സർവെ, യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം, ഇന്ത്യ സ്കിൽസ് റിപ്പോർട്ട് എന്നിവ അടുത്തകാലത്ത് പുറത്തുവിട്ട എല്ലാ റിപ്പോർട്ടുകളിലും കേരളത്തിന് മുന്നേറ്റമുള്ളതായാണ് പറയുന്നത്. 'നീതി ആയോഗി'ന്റെ

Multidimensional Poverty Index (MPI)-ൽ രാജ്യത്തെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനം കേരളമാണ്. കേരളത്തിലെ ദരിദ്രരുടെ എണ്ണം 0.002 ശതമാനമാണ്. ഇന്ത്യയിൽ ദരിദ്രരുടെ എണ്ണം അത്രയും കുറവുള്ള വേറെ ഏതെങ്കിലും സംസ്ഥാനമുണ്ടോ? തുടർച്ചയായി രണ്ടാം തവണയാണ് കേരളത്തിന് ഈ നേട്ടം കൈവരിക്കാനാകുന്നത്. കേരളത്തിൽ അതിദരിദ്രരുടെ എണ്ണം 0.44 ശതമാനമാണ്. അതിദാരിദ്ര്യം തുടച്ചുനീക്കുന്ന തരത്തിലുള്ള ഒരു പ്രത്യേക പദ്ധതിക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ രൂപം നൽകുന്നുണ്ട്. കേരളം ഈ വർഷം മുഴുവൻ ആളുകളെയും അതിദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കുന്ന തരത്തിൽ എത്തുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

കേരളത്തിലെ ശിശുമരണനിരക്ക് ആയിരത്തിൽ ആറ് പേർ എന്നാകുമ്പോൾ അഖിലേന്ത്യാ അനുപാതത്തിൽ അത് 28 ആണ്. നിയമസഭയിൽ ഓരോ കാര്യങ്ങളും നെഗറ്റീവായി പറയുകയും അത് അപ്പോൾത്തന്നെ സോഷ്യൽ മീഡിയിൽ പോകുകയും ചെയ്യുന്ന രീതിയാണ് ഇപ്പോഴുള്ളത്, അതിനാലാണ് ഇക്കാര്യങ്ങൾ വീണ്ടും പറയുന്നത്. യു.ഡി.എഫ്.

നേതാക്കൾ ഈ കണക്കുകൾ ഒന്നുകൂടി ഓർക്കുന്നത് നല്ലതാണ്. ഏറ്റവും കുറവ് മാതൃമരണ നിരക്കുള്ളത് കേരളത്തിലാണ്; 19 ആണ് കേരളത്തിലെ മാതൃമരണ നിരക്ക്. എന്നാൽ ദേശീയതലത്തിൽ മാതൃമരണനിരക്ക് 97 ആണ്. കേരളത്തിന്റെ ശരാശരി ആയുർദൈർഘ്യം 75 വയസ്സാകുമ്പോൾ ഇന്ത്യയിലെ ശരാശരി ആയുർദൈർഘ്യം 70 വയസ്സാണ്. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം, മറ്റ് സുസ്ഥിര വികസന സൂചികകൾ, മാനവ വികസന സൂചിക, നീതി ആയോഗിന്റെ സ്റ്റേറ്റ് ഹെൽത്ത് ഇൻഡക്സ് എന്നിവയിലെല്ലാം കേരളം മുന്നിലാണ്. ആർ.ബി.ഐ.-യുടെ ഹാൻഡ് ബുക്കിലെ മനുഷ്യ വിഭവ വികസന സൂചികയിൽ കേരളം ഒന്നാമതാണ്. കേരളത്തിലെ അതിദരിദ്രരുടെ എണ്ണം 0.44 ശതമാനമാണെങ്കിൽ ഉത്തർപ്രദേശിൽ അത് 22.93 ശതമാനവും മധ്യപ്രദേശിൽ 20.63 ശതമാനവുമാണ്. ജീവിത ദൈർഘ്യത്തിന്റെ സൂചിക, പോഷകാഹാരക്കുറവുള്ള കുട്ടികളുടെ എണ്ണത്തിലെ കുറവ് എന്നിവയിലെല്ലാം നമ്മുടെ സംസ്ഥാനം മുന്നിലാണ്. കേരളത്തിലെ 98.7 ശതമാനം വീടുകളിലും ശൗചാലയമുണ്ടെന്നാണ് കണക്ക്. ഇക്കാര്യത്തിലും കേരളം ഒന്നാമതാണ്. രണ്ടാം സ്ഥാനത്തുനിൽക്കുന്ന പഞ്ചാബിൽ ഇത് 86.6 ശതമാനമാണ്.

പെൺകുട്ടികളുടെ സ്കൂൾ പ്രവേശനത്തിന്റെ നിരക്ക് പരിശോധിക്കുകയാണെങ്കിൽ 95.5 ശതമാനം കുട്ടികളും സ്കൂളിൽ ചേരുന്നുണ്ട്. കുട്ടികൾ കൊഴിഞ്ഞുപോകുന്നത് തടയുന്ന കാര്യത്തിലായാലും ദരിദ്രരും സാധാരണക്കാരും തമ്മിലുള്ള അന്തരത്തിന്റെ കാര്യത്തിലും മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം മെച്ചപ്പെട്ട നിലവാരം പുലർത്തുന്നു.

തൊഴിൽ ചെയ്യാൻ നമ്മുടെ ചെറുപ്പക്കാർ നാട്ടിൽ നിൽക്കുന്നില്ലെന്ന് പറഞ്ഞല്ലോ? 2024-ലെ സ്കിൽ ഇന്ത്യ റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ യുവജനങ്ങൾ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന തൊഴിലിടം കേരളമാണ്. 18 മുതൽ 21 വരെ പ്രായത്തിലുള്ളവർക്ക് മികച്ച തൊഴിൽ സാധ്യത ഉറപ്പാക്കുന്ന കാര്യത്തിൽ കേരളം രണ്ടാമതാണ്. 18 മുതൽ 21 വരെ പ്രായത്തിലുള്ളവർ തൊഴിൽ ചെയ്യാൻ ഇഷ്ടപ്പെടുന്ന ഒരു നഗരം തിരുവനന്തപുരമാണെന്നാണ് സ്റ്റഡി റിപ്പോർട്ടിൽ വന്നിട്ടുള്ളത്. ഇന്ത്യയിൽ പ്രായവ്യത്യാസമില്ലാതെ സ്ത്രീകളും പുരുഷന്മാരും ഒരുപോലെ ജോലി ചെയ്യാൻ ഇഷ്ടപ്പെടുന്ന നഗരങ്ങളിൽ കൊച്ചിയും തിരുവനന്തപുരവും മുൻനിരയിലാണെന്നാണ് സ്കിൽസ് ഇന്ത്യ

റിപ്പോർട്ട് പറയുന്നത്. ഇന്ത്യയിൽ വനിതകൾ ജോലി ചെയ്യാൻ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന ഒരു നഗരം കൊച്ചിയാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ഇന്ന് രാവിലെ കേരളം കേട്ടത് വളരെ ഞെട്ടിക്കുന്ന ഒരു വാർത്തയാണ്. അതിനെക്കുറിച്ച് പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ചു.

മി. സ്പീക്കർ: അതുപറയാനാണോ, അത് രജിസ്റ്റർ ചെയ്തല്ലോ, ..... യെസ് ... ബഹുമാനപ്പെട്ട മിനിസ്റ്റർ ..... പ്ലീസ് ..... പ്ലീസ് ..... മിനിസ്റ്റർ സംസാരിച്ചോളൂ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അത് വേറൊരു വിഷയമാണ്. ചെയർ അനുവദിക്കുകയാണെങ്കിൽ അതിനെക്കുറിച്ച് പറയാം. എന്റെ പ്രസംഗം തുടർന്നോട്ടെ (.... ബഹളം .....)

മി. സ്പീക്കർ: ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി സീറ്റിലിരിക്കു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കമ്പ്യൂട്ടർ സ്കില്ലിന്റെ കാര്യത്തിൽ ഇന്ത്യയിലെ ഒന്നാമത്തെ നഗരം ...... (.... ബഹളം .....) കേരളത്തിന്റെ നേട്ടങ്ങൾ പറയാൻ സമ്മതിക്കാതിരുന്നിട്ട് കാര്യമില്ല. ബാക്കി കാര്യം പിന്നെ

പറയാം. കേരളത്തിന്റെ നേട്ടങ്ങൾ പറയട്ടെ. കമ്പ്യൂട്ടർ സ്കില്ലിന്റെ കാര്യത്തിൽ ഇന്ത്യയിലെ ഒന്നാമത്തെ നഗരം തിരുവനന്തപുരമാണ്. കമ്പ്യൂട്ടർ സ്കില്ലിന്റെ കാര്യത്തിൽ മൂന്നാം സ്ഥാനത്തുള്ള സംസ്ഥാനമായി കേരളം വന്നുകഴിഞ്ഞു. കേരളത്തിൽ ഈ പറയുന്ന സ്കില്ലുകൾ ........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ .....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളം ..... (.... ബഹളം .....)

മി. സ്പീക്കർ: യെസ് .... യെസ് ...... ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി സീറ്റിലിരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, കേരളം വലിയ ഷോക്കിലാണ്. കേരളത്തിലെ ജനങ്ങളും മാധ്യമങ്ങളും ഗൗരവമായി ചർച്ച ചെയ്യുന്ന ഒരു വിഷയത്തെക്കുറിച്ച് എന്റെ പ്രസംഗത്തിൽ പരാമർശിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായമെന്താണെന്ന് ചോദിക്കുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒഴിഞ്ഞുമാറുകയാണ്. അതിന് മറുപടി പറഞ്ഞേപറ്റുകയുള്ളൂ. വളരെ ഗൗരവമുള്ള വിഷയമാണ്.

മി. സ്പീക്കർ: അങ്ങ് അക്കാര്യം ആൾറെഡി പറഞ്ഞല്ലോ, അങ്ങ് രജിസ്റ്റർ ചെയ്തല്ലോ. No .... No... അദ്ദേഹം അതിന് മറുപടി പറയുമോയെന്ന് നോക്കാം. യെസ് ... യെസ്...... മിനിസ്റ്റർ ....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യം ഞാൻ നോട്ട് ചെയ്തിട്ടുണ്ട്. ഞാൻ സംസാരിക്കുമ്പോൾ അതിനെക്കുറിച്ച് പറയും. (.... ബഹളം .....)

മി. സ്പീക്കർ: അങ്ങ് സംസാരിച്ചോളൂ.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രതിപക്ഷം കൊണ്ടുവന്ന 'നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപ'ത്തിന്മേലാണ് ചർച്ച നടക്കുന്നത്. അതിൽ ഉന്നയിച്ച വിഷയത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചു. ഈ പറയുന്ന പ്രശ്നങ്ങളെല്ലാം നിലനിൽക്കുമ്പോൾ പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും സംസാരിച്ചിട്ടുണ്ട്. അതിനുശേഷമാണ് മറ്റ് സംഭവങ്ങളെല്ലാം. അവർ ഉന്നയിച്ച കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പരാമർശിക്കുകയും ചെയ്യും. പ്രതിപക്ഷത്തിന്റെ നടപടികൾ

നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് മന്ത്രി മറുപടി പറയുമ്പോൾ, അതിന്റെ പൊള്ളത്തരം തുറന്നുകാണിക്കുന്ന സാഹചര്യത്തിൽ പ്രതിപക്ഷം സ്വീകരിക്കുന്ന ഇത്തരം രീതി അങ്ങേയറ്റം തെറ്റാണ്. (.... ബഹളം .....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങ് പ്രസംഗം തുടർന്നോളൂ. യഥാർത്ഥത്തിൽ രണ്ട് പേർ സംസാരിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിഷയം പരാമർശിച്ചു.

(പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുന്നിൽ വന്നുനിന്ന് ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തുകൊണ്ടിരുന്നു.)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയം രേഖയിലുണ്ടല്ലോ? ഞാൻ ഇവിടെ treasury bench-നുവേണ്ടി സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയത്തിനുള്ള മറുപടി പറയും. അടിയന്തരപ്രമേയത്തെക്കുറിച്ച് സംസാരിച്ചശേഷം.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, അങ്ങ് പ്രതിപക്ഷാംഗങ്ങളെ തിരിച്ചുവിളിക്കൂ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

സർക്കാരിനുവേണ്ടി ഈ വിഷയത്തിന് മറുപടി പറയുമോയെന്ന് നോക്കാം. (.... ബഹളം .....) പ്രതിപക്ഷനേതാവ് പ്ലീസ് ... പ്ലീസ് ...... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഫ്ലോർ ഓർഡറാക്കിയാൽ മൈക്ക് തരാം. പ്രതിപക്ഷനേതാവ് പറഞ്ഞ എല്ലാകാര്യത്തിനും മറുപടി പറയാമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. പിന്നെയെന്തിനാണ് സഭയിൽ ബഹളം. (.... ബഹളം .....)

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങൾ സഭാ നടപടികൾ ബഹിഷ്കരിക്കുന്നു. (മൈക്ക് ഓഫ്) (.... ബഹളം .....)

(കണ്ണൂർ എ.ഡി.എം.-ന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട വിഷയത്തിൽ മറുപടി പറയാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുന്നിൽ വന്നുനിന്ന് ബഹളം വയ്ക്കുകയും തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ച് ഒന്നടങ്കം പുറത്തുപോകുകയും ചെയ്തു. )

മി. സ്പീക്കർ: പ്ലീസ് ... പ്ലീസ് ...... മിനിസ്റ്റർ പ്ലീസ് ...

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേരളത്തിൽ ഒരിക്കലും പ്രതിപക്ഷം പറയുന്നതിനെയൊന്നും ഞങ്ങൾ ആക്രമിക്കാറില്ല. അവർ

ഉന്നയിച്ച കാര്യത്തിൽ ഉൾക്കാമ്പില്ലാത്തതുകൊണ്ടാണ് അവർ സഭാ നടപടികൾ ബഹിഷ്കരിച്ചത്. ധന പ്രതിസന്ധിയില്ല. ധനകാര്യ വിഷയത്തിൽ പുറകോട്ട് പോകുന്നില്ലെന്ന് മാത്രമല്ല ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞതാണ് കാര്യം. പ്രതിപക്ഷം ഭരണപക്ഷത്തെ പിന്തുണച്ചിട്ട് കാര്യമില്ല. കേന്ദ്ര സർക്കാർ, വയനാട് ദുരന്തത്തിന്റെ കാര്യത്തിൽ സ്വീകരിച്ച നടപടി ശരിയാണെന്ന് പറയുന്ന സമീപനമാണ് അവർക്കുള്ളത്. അദ്ദേഹം ഇവിടെ ഉന്നയിച്ച കാര്യങ്ങൾക്ക് ഞാൻ മറുപടി പറയാമെന്ന് പറഞ്ഞതാണ്. അത് കേൾക്കാൻ തയ്യാറല്ല. പ്രതിപക്ഷനേതാവ് ഇക്കാര്യം പറഞ്ഞപ്പോൾ ഞാൻ അത് സൂചിപ്പിച്ചതാണ്. ഇതൊരു ദൗർഭാഗ്യകരമായ സംഭവമാണെന്ന കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു തർക്കവുമില്ല. അതുസംബന്ധിച്ച് അന്വേഷിക്കാൻ ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ച് അതുസംബന്ധിച്ച കാര്യങ്ങൾ അന്വേഷിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. അത്തരം കാര്യങ്ങൾ ശക്തമായി അന്വേഷിക്കുകയും അതിന്മേലുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്നത് തന്നെയാണ് സർക്കാരിന്റെ നിലപാട്. അത്

പറയുന്നത് കേൾക്കാൻ താൽപര്യമില്ലാത്തതുകൊണ്ടാണ് സഭ ബഹിഷ്കരിച്ചത്. ഇന്ന് സഭ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേൽ ചർച്ച നടത്തുമെന്ന് അവർ പ്രതീക്ഷിച്ചില്ല. പ്രതിപക്ഷം ഇങ്ങനെ ഇറങ്ങിപോകാൻ പാടില്ലാത്തതാണ്.

നൂറ്റിമുപ്പതോ അതിൽ കൂടുതലോ രാജ്യങ്ങളിൽ കേരളീയർ ജോലി ചെയ്യുന്നുണ്ട്. പ്രവാസി ചിട്ടിയിൽ ചേർന്ന ആളുകളുടെ കണക്ക് പരിശോധിച്ചതനുസരിച്ച് 121 രാജ്യങ്ങളിൽനിന്ന് കേരളത്തിലെ ....

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, നമ്മുടെ പാർലമെന്ററി സംവിധാനം വളരെ തെറ്റായ ഒരു കീഴ്വഴക്കം സൃഷ്ടിക്കുകയാണ്. ജനാധിപത്യ സംവിധാനത്തിൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നത് പ്രതിപക്ഷത്തിനുള്ള അവകാശമായി പരിഗണിക്കുന്നതാണ്. നമ്മുടെ സഭയുടെ ചരിത്രം പരിശോധിച്ചാൽ, ഉപക്ഷേപം സംബന്ധിച്ച നോട്ടീസ് അവതരണത്തോടുകൂടി ടി നടപടിക്രമം അവസാനിക്കുന്നതാണ്. എന്നാൽ പ്രതിപക്ഷത്തിന്റെ ഈ ഉപക്ഷേപങ്ങളിൽ പകുതിയിൽ അധികവും കഴിഞ്ഞ

സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ ചർച്ച ചെയ്തിട്ടുണ്ട്. ഇതിലൂടെ നമ്മുടെ സഭ ഒരു പുതിയ ചരിത്രം സൃഷ്ടിച്ചെന്ന കാര്യവും അങ്ങേക്കറിയാം. ഈ സെഷനിൽ അവർ കൊണ്ടുവന്ന ഉപക്ഷേപങ്ങളിൽ ഒരു വിഷയമൊഴികെ ബാക്കിയെല്ലാം ചർച്ചചെയ്യാൻ സർക്കാർ തയ്യാറായി. അതിലൂടെ നിയമസഭ ഒരു പുതിയ ചരിത്രം സൃഷ്ടിച്ചു. നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് രേഖപ്പെടുത്തി അവതരിപ്പിക്കുന്ന വിഷയങ്ങൾ എന്തിനാണ് ചർച്ച ചെയ്യുന്നത്? ഒരു പ്രശ്നം നിയമസഭയിലൂടെ സമൂഹത്തിന്റെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാനും പരിഹാരം കാണാനുമാണ്. ആ സമയത്ത് ഭരണപക്ഷമെന്ന നിലയിൽ ഞങ്ങളും നിലപാടുകൾ വ്യക്തമാക്കും. 'കേരളമാകെ തകരുന്നു' എന്ന വാചകത്തോടെയാണ് ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചത്. ഗൗരവത്തോടെ പ്രസംഗം അവസാനിപ്പിച്ച അദ്ദേഹം, വളരെ അടിയന്തര പ്രാധാന്യമുണ്ടെന്ന് സൂചിപ്പിച്ച് അവർ അവതരിപ്പിച്ച ഉപക്ഷേപത്തിന്മേലുള്ള ചർച്ച പൂർത്തീകരിക്കാൻ കൂട്ടാക്കിയില്ല. അതുസംബന്ധിച്ച വോട്ടെടുപ്പുപോലും ആവശ്യപ്പെടാതെ

ഇറങ്ങിപ്പോയത് അങ്ങേയറ്റം തെറ്റായ ഒരു ചരിത്രവും കീഴ്‌വഴക്കവുമാണ് സൃഷ്ടിച്ചത്. സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചതിനുശേഷം പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും ഭരണകക്ഷി അംഗങ്ങളും സംസാരിച്ചു. ഇപ്പോൾ അവർ ഇവിടെ പ്രതിപാദിച്ച വിഷയം അതിനുമുമ്പ് നടന്നതാണ്. ചർച്ച ചെയ്യുന്ന അവസരത്തിൽ അത്രയും ഗൗരവമാണെന്ന് കണ്ടാൽ അപ്പോൾ പ്രതിഷേധിക്കാം. പക്ഷെ അത് ചെയ്തില്ല. അവർ കുറെ കാര്യങ്ങൾ പരാമർശിച്ചു. പരാമർശിച്ച കാര്യങ്ങൾക്കെല്ലാം കൃത്യമായ മറുപടി നൽകാമെന്ന് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ ഉറപ്പുനൽകി. എന്നിട്ടുപോലും അവർ ഇറങ്ങിപ്പോകുകയാണുണ്ടായത്. അവതരിപ്പിച്ച ഉപക്ഷേപത്തിൽനിന്ന് ഒളിച്ചോടിയ രണ്ടാമത്തെ ചരിത്രത്തിനാണ് ഇപ്പോൾ പ്രതിപക്ഷം ഇവിടെ നേതൃത്വം നൽകിയത്. ഇത് തെറ്റായ ഒരു കീഴ്‌വഴക്കമാണ്. സഭാനാഥനെന്ന നിലയിൽ ഇക്കാര്യം പ്രത്യേകം അങ്ങയുടെ ശ്രദ്ധയിലുണ്ടാകണം. സഭയിലെ ഒരു നടപടിക്രമം ദുരുപയോഗപ്പെടുത്തുന്ന പുതിയ കീഴ്‌വഴക്കം ഒരു കാരണവശാലും അംഗീകരിക്കാൻ പാടില്ല.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. രാജീവ് സൂചിപ്പിച്ച കാര്യങ്ങളിൽ ചിലതുകൂടി കൂട്ടിച്ചേർക്കാനുണ്ട്. വളരെ പ്രാധാന്യം അർഹിക്കുന്ന പ്രശ്നമെന്ന നിലയിലാണ് സാധാരണ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം സഭയിൽ ഉന്നയിക്കുന്നത്. വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്താണ് സർക്കാർ അത് ചർച്ചചെയ്യാമെന്ന് അംഗീകരിക്കുന്നതും. വിഷയം ചർച്ച ചെയ്തുകൊണ്ടിരിക്കെ, ട്രെയിനിന്റെ സമയം കണക്കാക്കി സഭാ ബഹിഷ്കരണം നടത്തുന്നത് തെറ്റായ രീതിയാണ്. ആർക്കാണിത്ര തിടുക്കമെന്ന് ചോദിച്ചവരാണ് വേഗത്തിൽ ഓടുന്ന തീവണ്ടി പിടിക്കാൻ തിടുക്കത്തിൽ ഇപ്പോൾ പോകുന്നത്. ഇതെല്ലാം സഭയെ ദുരുപയോഗപ്പെടുത്തലാണ്. സഭാനടപടികളിൽ പ്രതിപക്ഷത്തിന്റെ റൂൾ 50 എന്ന അവകാശത്തെ ദുരുപയോഗപ്പെടുത്തുകയാണുണ്ടായത്. മാത്രമല്ല, അവരുടെ സ്വാർഥലക്ഷ്യത്തിനും സ്വാർഥതാൽപര്യത്തിനും വേണ്ടി പ്രതിപക്ഷത്തിന്റെ പ്രതിഷേധിക്കാനുള്ള അവകാശത്തെയും

ദുരുപയോഗിക്കുകയാണ്. ഇതുതടയാൻ ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇവിടെ പ്രതിപക്ഷം ചെയ്തത് അങ്ങേയറ്റം ദൗർഭാഗ്യകരമായ പ്രവൃത്തിയാണ്. ഇത്തരത്തിലൊരു സമീപനം അവരുടെ ഭാഗത്തുനിന്നുണ്ടാകാൻ പാടില്ലായിരുന്നു. വളരെ ഗൗരവത്തോടെ ചർച്ച ചെയ്യേണ്ട വിഷയമെന്ന നിലയിൽ ഇവിടെ അവരും ഉണ്ടാകേണ്ടതായിരുന്നു. പറഞ്ഞുവന്ന കാര്യങ്ങൾ കേൾക്കാനുള്ള ബുദ്ധിമുട്ട് കൊണ്ടായിരിക്കും ഇങ്ങനെ ചെയ്തത്. സാധാരണ ഗതിയിൽ സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിൽ ചെലവാക്കാൻ കഴിയാത്ത ഒരു അവസ്ഥയുണ്ടാകും. എന്നാൽ ഇപ്പോൾ കേരളത്തിന്റെ അവസ്ഥ അങ്ങനെയല്ല. കൂടുതൽ ചെലവാക്കുന്നുണ്ട്. എല്ലാ മേഖലകളിലും ചെലവ് വർധിച്ചിട്ടുണ്ട്. ഒന്നാം പിണറായി സർക്കാരിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് ഏപ്രിൽ ഒന്നിനാണ് ശമ്പള പരിഷ്കരണം പ്രഖ്യാപിച്ചത്. അത് കൊടുത്തുതുടങ്ങിയത് നിലവിലെ സർക്കാരാണ്. സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും സാമൂഹ്യക്ഷേമ പെൻഷൻ ഉൾപ്പെടെ മറ്റുപല മേഖലകളിലെയും പെൻഷൻ തുകയിൽ വർധന നടപ്പാക്കിത്തുടങ്ങിയ

സർക്കാരാണിത്. കിഫ്ബിയുടെ പേരിലും പെൻഷൻ കമ്പനിയുടെ പേരിലും കേന്ദ്രം വലിയതരത്തിലുള്ള വെട്ടിക്കുറവ് വരുത്തുകയുണ്ടായി. ഒരു വർഷം സാധാരണ ഗതിയിൽ കിഫ്ബിയുടെയും പെൻഷൻ കമ്പനിയുടെയും ഇനങ്ങളിൽ ഏകദേശം പന്ത്രണ്ടായിരം കോടി രൂപ ചെലവാകുന്നുണ്ടായിരുന്നു. ടി വിഹിതവും വെട്ടിക്കുറയ്ക്കുന്ന സാഹചര്യമാണ്. മുൻവർഷങ്ങളിൽ എടുത്ത കിഫ്ബിയുടെ കടത്തിന്റെ പേരിൽ സംസ്ഥാനത്തിന് ലഭ്യമാകേണ്ട വിഹിതത്തിൽനിന്ന് വെട്ടിക്കുറയ്ക്കുന്നു. കേന്ദ്രത്തിന്റെ ഭാഗത്തുനിന്നും ഇത്തരത്തിലുള്ള നടപടികളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതൊക്കെയാണെങ്കിലും യു.ഡി.എഫ്.-ന്റെ ഭരണകാലം പോലെയല്ല ഇപ്പോഴുള്ള കാര്യം. അതുകൊണ്ടാണ് അവർക്ക് വിഷമം വരുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 600 രൂപയായിരുന്നു ക്ഷേമപെൻഷൻ. 18 മാസത്തെ തുക കുടിശ്ശികയാക്കിയിട്ടാണ് അവർ ഭരണത്തിൽനിന്നും പോയത്. ശമ്പളത്തിന്റെ വിഷയവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. ജീവനക്കാർ സമരം ചെയ്തു, പെൻഷൻകാർ ആത്മഹത്യ ചെയ്തു. ഇക്കാര്യങ്ങളിന്മേൽ അവരുടെ ഭാഗത്തുനിന്ന് എന്തെങ്കിലും നടപടിയുണ്ടായോ? നിലവിൽ

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും പെൻഷനും സർക്കാർ കൃത്യമായി നൽകുന്നുണ്ട്. ഇതിനായി പ്രതിമാസം 50 കോടിയോളം രൂപ നൽകുന്നുണ്ടെന്ന വ്യക്തമായ കണക്കുമുണ്ട്. കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി ഏറ്റവും കൂടുതൽ തുക അനുവദിച്ചത് ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ്. ഏകദേശം 4918 കോടി രൂപയാണ് നൽകിയത്. രണ്ടാം പിണറായി സർക്കാരിന്റെ മൂന്നര വർഷത്തെ കണക്ക് പരിശോധിക്കുമ്പോൾ നാളിതുവരെ 6200 കോടി രൂപ അനുവദിച്ചതായി മനസ്സിലാക്കാൻ കഴിയും. ഇക്കാര്യങ്ങളെല്ലാം കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും നാട്ടിലെ തൊഴിലാളി സംഘടനകൾക്കും അറിവുള്ളതാണ്. രാജ്യമാകെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കുന്ന സാഹചര്യത്തിലാണ് കേരളത്തിൽ ഇക്കാര്യങ്ങളെല്ലാം നടപ്പാക്കുന്നതെന്ന് മനസ്സിലാക്കണം.

ഇടതുപക്ഷം അധികാരത്തിലില്ലെങ്കിൽ പബ്ലിക് സർവീസ് കമ്മീഷൻ വഴിയുള്ള നിയമനത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് കേരളത്തിലെ യു.ഡി.എഫ്. പ്രവർത്തകരും യൂണിയൻകാരുമായ ജീവനക്കാർ ഉൾപ്പെടെയുള്ളവർ ചിന്തിക്കുന്നത് നന്നായിരിക്കും. ഇന്ത്യയിലാകെ

പി.എസ്.സി. വഴിയുള്ള നിയമനത്തിന്റെ 65 ശതമാനവും കേരളത്തിലാണ് നടക്കുന്നത്. ഇന്ത്യൻ ജനസംഖ്യയുടെ മൂന്ന് ശതമാനം ജനങ്ങളുള്ള കേരളത്തിൽ ഇത്രയും നിയമനം നടക്കുന്നുവെങ്കിൽ മറ്റു സംസ്ഥാനങ്ങളിൽ കാര്യമായ നിയമനം നടക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം. നിയമനം നടത്തുന്നില്ലെന്ന് മാത്രമല്ല, ജനങ്ങൾക്ക് ആനുകൂല്യങ്ങൾപോലും നൽകാത്ത സാഹചര്യമാണ്. പി.എസ്.സി. വഴി റിക്രൂട്ട്മെന്റ് നടത്തുന്നില്ലെന്ന് ചില സംസ്ഥാനങ്ങളും വ്യക്തമാക്കിക്കഴിഞ്ഞു. നമ്മുടെ നാട്ടിലെ യു.ഡി.എഫ്. അനുഭാവികളായ സർവീസ് സംഘടനകൾ ഉൾപ്പെടെയുള്ളവർ ഇത് മനസ്സിലാക്കണം. കേരളത്തിലെ സർക്കാർ ജീവനക്കാർക്ക് ഡി.എ. കുടിശ്ശികയുണ്ട്. അത് നൽകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം വ്യക്തമാക്കിയിട്ടുമുണ്ട്. മതിയായ വരുമാനമില്ലാത്തതുകൊണ്ട് കേരളത്തിലെ സർക്കാർ ജീവനക്കാർ കൂലിപ്പണിക്ക് പോകുകയാണെന്നാണ് കഴിഞ്ഞ ദിവസം ബി.ജെ.പി.-യുടെ ഒരു സംഘടനാ നേതാവ് പറഞ്ഞത്. ഇന്ത്യയിൽ ആകെയുള്ള അവസ്ഥ എന്താണ്? കേന്ദ്ര സർക്കാരിൽ മാത്രം പത്ത് ലക്ഷം ഒഴിവുകളുണ്ടായിട്ടും അത് നികത്തുകയോ, എത്രയോ കാലമായി ശമ്പളപരിഷ്കരണം ഉൾപ്പെടെ

ചെയ്യാതിരിക്കുകയും ഇതിന്റെയെല്ലാം ഉത്തരവാദിത്വവുമുള്ള ഒരു സർക്കാരിന്റെ പ്രതിനിധി പറഞ്ഞ കാര്യമാണ് ഞാനിവിടെ സൂചിപ്പിച്ചത്. നമ്മുടെ സംസ്ഥാനത്ത് ഇടതുപക്ഷം സ്വീകരിക്കുന്ന നിലപാടുകളുടെ ഭാഗമായി ഓരോ മേഖലയിലും പ്രകടമായ വ്യത്യാസങ്ങളുണ്ട്. അടച്ചുപൂട്ടാൻ തീരുമാനിച്ച പല സ്കൂളുകളും അത്യാധുനിക സംവിധാനങ്ങളോടെ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യരംഗത്ത് വലിയ തോതിലാണ് പണം ചെലവാക്കുന്നത്.

വികസിത-മധ്യ-യൂറോപ്യൻ രാജ്യങ്ങളുടെ നിലവാരത്തിലേക്ക് നമ്മുടെ നാട് എത്തിയിരിക്കുന്നു. കേരളത്തിലെ റോഡുകളാകെ പൊളിഞ്ഞ് മോശമായി കിടക്കുന്നെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എല്ലാ അംഗങ്ങളും അവരുടെ നാട്ടിലെ വികസനത്തെക്കുറിച്ച് പറഞ്ഞിട്ടില്ല. ഇക്കഴിഞ്ഞ മൂന്നുവർഷംകൊണ്ട്, പാലങ്ങളുടെയും റോഡുകളുടെയും ഉൾപ്പെടെയുള്ള മറ്റ് വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ബജറ്റ് വിഹിതം ചെലവാക്കുന്നതുകൂടാതെ 19,000 കോടി രൂപയുടെ കിഫ്ബി പ്രോജക്ടുകളും നമ്മൾ ഏറ്റെടുത്തിട്ടുണ്ട്. നിലവിലും ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ ഓരോ മേഖലകളിലും വികസന പ്രവർത്തനങ്ങൾക്കാവശ്യമായ പണം

ചെലവാക്കിക്കൊണ്ടിരിക്കുകയാണ്. കേരളം ദാരിദ്ര്യത്തിലാണെന്ന് പറഞ്ഞവരാണ് വിഴിഞ്ഞം തുറമുഖത്തിന്റെ ഉദ്ഘാടനവേളയിൽ അഭിമാനത്തോടെ അവിടെ കൂടെ നിന്നത്. വിഴിഞ്ഞം തുറമുഖത്തെക്കുറിച്ച് ഇന്ന് രാവിലെ ഇവിടെ ചോദ്യം ഉന്നയിക്കുകയുണ്ടായി. ചുരുങ്ങിയ സമയത്തിനകം അവിടെ വന്ന കണ്ടെയ്നറുകളുടെ എണ്ണം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുമുണ്ടായി. സംസ്ഥാന സർക്കാർ അയ്യായിരത്തിലധികം കോടി രൂപ നിക്ഷേപിക്കുന്ന ഒരു വലിയ വികസന പദ്ധതിയാണ് വിഴിഞ്ഞം. നിലവിൽ 4000 കോടി രൂപയുടെ പ്രോജക്ട് എഗ്രിമെന്റ് നൽകികഴിഞ്ഞു. പോർട്ടിന് അനുവദിച്ച തുകകൂടാതെ റെയിൽവെ ലൈനുമായി ബന്ധപ്പെട്ട് 1500 കോടി രൂപയുടെ അനുമതിയും നൽകിട്ടുണ്ട്. റോഡ്, നാഷണൽ ഹൈവെ, റെയിൽവെ തുടങ്ങി എല്ലാ മേഖലയിലും ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. 13000 കോടിയിലധികം രൂപ വ്യവസായ മേഖലയ്ക്കുവേണ്ടി ചെലവഴിച്ചു. പ്രതിപക്ഷത്തോട് രാഷ്ട്രീയ വിവേചനം കാണിക്കരുതെന്ന് നേരത്തെ ഒരംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. യു.ഡി.എഫ്. എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിലും റോഡുകൾ അനുവദിക്കണമെന്നാണ് അവരുടെ

ആവശ്യം. റോഡിന്റെ കാര്യത്തിൽ എൽ.ഡി.എഫ്., യു.ഡി.എഫ്. എന്ന വ്യത്യാസമുണ്ടോ? കണക്കുകൾ പരിശോധിച്ചാൽ ചിലപ്പോൾ പ്രതിപക്ഷ എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിലായിരിക്കും കൂടുതൽ തുക അനുവദിച്ചിരിക്കുന്നതെന്ന് മനസ്സിലാകും. പാലക്കാട് മുതൽ എറണാകുളം വരെയും കണ്ണൂരിലേക്കുമുള്ള വ്യവസായ ഇടനാഴികൾക്കുവേണ്ടി 13000 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇത്തരത്തിൽ ഓരോ മേഖലയിലും ആവശ്യമായ തുക അനുവദിക്കുകയും അത് വേണ്ട വിധത്തിൽ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. വ്യത്യസ്ത പദ്ധതികളുടെ ഭാഗമായി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിലേയ്ക്കും കാര്യങ്ങൾ എത്തിയിട്ടുണ്ട്.

ക്ഷേമപെൻഷനും മറ്റാനുകൂല്യങ്ങളും ഉൾപ്പെടെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ അനുവദിക്കുന്നതിൽ നടപടികൾ സ്വീകരിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ഇക്കഴിഞ്ഞ ഓണം ഇത്രയും സന്തോഷകരമാകുമെന്ന് യു.ഡി.എഫ്.-കാർ പ്രതീക്ഷിച്ചില്ല. അതാണ് അവരുടെ വിഷമം. ക്ഷേമപെൻഷനും മറ്റാനുകൂല്യങ്ങളും ഓണത്തിനുമുമ്പ് കൊടുത്തുതീർക്കുകയുണ്ടായി. കേന്ദ്രസർക്കാർ നമ്മുടെ സംസ്ഥാനത്തോട്

സ്വീകരിക്കുന്ന സമീപനം വളരെ വിഷമിപ്പിക്കുന്നതാണ്. തമിഴ്നാട് ഉൾപ്പെടെയുള്ള മറ്റുപല സംസ്ഥാനങ്ങളിലും സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നിയമനം നടത്തുന്നതുകൊണ്ടാണ് പി.എസ്.സി. വഴി നിയമനം നടത്താത്തതെന്നാണ് കുണ്ടറ നിയോജകമണ്ഡലം എം.എൽ.എ. കഴിഞ്ഞ ദിവസം സഭയിൽ അഭിപ്രായപ്പെട്ടത്. യഥാർഥത്തിൽ കണക്കുകൾ പരിശോധിച്ചാൽ ഇവിടെ സൂചിപ്പിച്ച രീതിയിൽ അത്രയൊന്നും നിയമനങ്ങൾ നടന്നിട്ടില്ലെന്ന് വ്യക്തമാണ്. മറ്റുസംസ്ഥാനങ്ങളിൽ മുഴുവൻ നിയമനങ്ങളും പ്രത്യേക രീതിയിലല്ലെന്ന കാര്യവും ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.

കേന്ദ്രസർക്കാർ ചെയ്യുന്ന കാര്യങ്ങൾക്കെതിരെ ഒരക്ഷരംപോലും പ്രതികരിക്കാതെ പ്രതിപക്ഷം മുന്നോട്ടുപോകുകയാണ്. ടാക്സ് അഡ്മിനിസ്ട്രേഷനിലെ പ്രശ്നം നികുതി പിരിവിലെ കെടുകാര്യസ്ഥതയെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആരോപിച്ചത്. ടാക്സുമായി ബന്ധപ്പെട്ട വിഷയത്തിൽ അനുദിനം ഇംപ്രൂവ് ചെയ്യാനാവശ്യമായ കാര്യങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ചെയ്യുന്നുണ്ട്. അക്കാര്യങ്ങളൊന്നും പ്രത്യേകം പരാമർശിക്കുന്നില്ല. 2011-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ

നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിഞ്ഞ സമയത്ത് നികുതിയുടെ വളർച്ചാ നിരക്ക് 23.24 ശതമാനമായിരുന്നു. 2011-ൽ യു.ഡി.എഫ്. അധികാരത്തിലെത്തുന്നു. എന്നാൽ യു.ഡി.എഫ്. സർക്കാരിന്റെ കെടുകാര്യസ്ഥത കാരണം 2015-16 കാലഘട്ടത്തിൽ നികുതി വരുമാന വളർച്ചാ നിരക്ക് 10.8 ശതമാനമായി കുറഞ്ഞു. അവരുടെ ഭരണം അവസാനിക്കുമ്പോൾ 5.6 ശതമാനമായി വീണ്ടും കുറയുകയാണുണ്ടായത്. ഇക്കാരണത്താൽ അന്ന് സാമ്പത്തികമായി ഏറെ ബുദ്ധിമുട്ടുകയുണ്ടായി. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രളയവും കോവിഡും വന്ന ദുരിതകാലമായിരുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ആദ്യ വർഷങ്ങളിൽ സംസ്ഥാനത്തെ നികുതി വരുമാനത്തിൽ വർധനവുണ്ടാകുകയും അവസാന വർഷങ്ങളിൽ കോവിഡും പ്രളയവും വന്നതുകൊണ്ട് കുറച്ച് നിശ്ചലാവസ്ഥയുണ്ടാകുകയും ചെയ്തു. 2021-ൽ എൽ.ഡി.എഫ്. സർക്കാർ വീണ്ടും അധികാരത്തിൽ വന്നു. 2021-22-ൽ നികുതി വരുമാനം 22.41 ശതമാനമായിരുന്നത് 2022-23-ൽ 23.36 ശതമാനമായി വർധിച്ചു. ഇങ്ങനെ വർധിച്ചതുകൊണ്ടാണ്, ഞാൻ നേരത്തെ സൂചിപ്പിച്ച, 47,000 കോടി

രൂപയിൽനിന്നും 74,000 കോടി രൂപയിലേക്കെത്താൻ സാധിച്ചത്. പക്ഷേ, കേരളത്തിന് ഇനിയും നികുതി വരുമാനം വർധിക്കാനുണ്ടെന്നുള്ളതിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. ഐ.ജി.എസ്.ടി. സമ്പ്രദായം കൃത്യമായി നടപ്പിലാക്കുന്നില്ലെന്നുള്ളത് ജി.എസ്.ടി. കൗൺസിലിൽ ഞങ്ങൾ നിരന്തരം ഉന്നയിക്കുന്നതാണ്. ഐ.ജി.എസ്.ടി. സമ്പ്രദായത്തിൽ കേന്ദ്ര ഗവൺമെന്റ് നിലപാടെടുക്കണമെന്ന് ഞങ്ങൾ സൂചിപ്പിച്ചതാണ്. വീണ്ടും ഞങ്ങൾ ഇക്കാര്യം ആവർത്തിച്ച് പറയുകയാണ്. അതിനകത്ത് ഇവിടെ പറഞ്ഞ കണക്കും നഷ്ടവുമൊന്നും വന്നിട്ടില്ല. ഇവിടെ ജി.എസ്.ടി. കോമ്പൻസേഷൻ ഉണ്ടായിരുന്ന സമയമായിരുന്നതുകൊണ്ട് ആ സമയത്ത് നഷ്ടം വരില്ല. ആദ്യത്തെ അഞ്ച് വർഷക്കാലം ജി.എസ്.ടി. കോമ്പൻസേഷൻ ഉണ്ടായിരുന്നു. ജി.എസ്.ടി. കോമ്പൻസേഷൻ പീരിയഡ് കഴിഞ്ഞതിനുശേഷമുള്ള കാര്യങ്ങളിൽ ഇനിയും വർധനവ് വരാനുണ്ടെന്നാണ് ഞങ്ങൾ പറയുന്നത്.

ജി.എസ്.ടി. കോമ്പൻസേഷൻ ഏറ്റവും കൂടുതൽ (26501 കോടി രൂപ) ലഭിച്ചത് കേരളത്തിനാണെന്നും മറ്റ് സംസ്ഥാനങ്ങൾക്കെല്ലാം കുറവാണെന്നും അവതാരകൻ ഇവിടെ സൂചിപ്പിച്ചു. അത് രേഖയിൽ വന്നിട്ടുള്ള

കാര്യമായതുകൊണ്ട് അതുസംബന്ധിച്ച മറുപടിയും രേഖയിൽ വരണമല്ലോ; ഇന്ത്യയിൽ ജി.എസ്.ടി. കോമ്പൻസേഷൻ ഏറ്റവും കൂടുതൽ ലഭിച്ച സംസ്ഥാനം ഏതാണ്? തെറ്റായ ഒരു വാദഗതി നിയമസഭ പോലുള്ള വേദിയിൽ, കേസ് വാദിക്കുമ്പോഴായാലും, ഇങ്ങനെയുള്ള തെറ്റായ കാര്യങ്ങൾ പറയാമോ? ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജി.എസ്.ടി. കോമ്പൻസേഷൻ വാങ്ങിയത് കേരളമാണെന്ന് ഇവിടെ സൂചിപ്പിച്ചു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജി.എസ്.ടി. കോമ്പൻസേഷൻ വാങ്ങിയത് ആരാണ്; മഹാരാഷ്ട്ര ആണ്. കോമ്പൻസേഷൻ നിയമം അനുസരിച്ച് അവർക്കത് കിട്ടേണ്ടതാണ്. 74,239 കോടി രൂപയാണ് മഹാരാഷ്ട്രക്ക് ലഭിച്ചത്. രണ്ടാം സ്ഥാനം (62,896 കോടി രൂപ) കർണ്ണാടകത്തിനാണ് ലഭിച്ചത്. അങ്ങനെ കണക്കെടുക്കുമ്പോൾ കേരളം എട്ടാം സ്ഥാനത്താണ്. ജി.എസ്.ടി. കോമ്പൻസേഷൻ നിയമമനുസരിച്ച് അത് കേരളത്തിന് കിട്ടേണ്ടതാണ്. ജി.എസ്.ടി. കോമ്പൻസേഷനായി നൽകിയ തുക പ്രതിവർഷം 14 ശതമാനം വീതം വർധനവുണ്ടാകുകയെന്നുള്ള കണ്ടീഷൻ ജി.എസ്.ടി. വന്നതിനുശേഷം പോയെന്നുമാത്രമല്ല, ജി.എസ്.ടി.-യുടെ നികുതി നിരക്കിൽ വൻകിട ലക്ഷ്വറി ഐറ്റങ്ങൾക്ക് ഇളവ് കൊടുത്തിന്റെ ഭാഗമായി

ജി.എസ്.ടി. പൊതുവിൽ ഇന്ത്യയെ ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി.-യുടെ Group of Ministers-ന്റെ യോഗം ഇതുസംബന്ധിച്ച് റിവ്യൂ നടത്തുമ്പോഴും കാണുന്നത് അതാണ്. ജി.എസ്.ടി.-യുടെ കാര്യത്തിൽ ഇവിടെ സൂചിപ്പിച്ചത് ശരിയല്ല. പ്രതിപക്ഷനേതാവ് സുപ്രീംകോടതി കേസിനെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ നിയമ വകുപ്പുമന്ത്രി അടക്കം ഇടപെട്ടുകൊണ്ട് ചില കാര്യങ്ങൾ പറയുകയുണ്ടായി. സുപ്രീംകോടതി കേസിൽ വടി കൊടുത്ത് അടി വാങ്ങിയെന്ന തരത്തിലാണ് അദ്ദേഹം പ്രസംഗിച്ചത്. സുപ്രീംകോടതി കേസ് ജി.എസ്.ടി. കോമ്പൻസേഷന്റെ വിഷയമല്ല. അവിടത്തെ വിഷയം, സംസ്ഥാനത്തിന്റെ ധനകാര്യ അവകാശം സംസ്ഥാന ഗവൺമെന്റ് നേരിട്ടെടുക്കാത്ത പണം ഏതെങ്കിലും സ്വതന്ത്രമായ കമ്പനിയോ കോർപ്പറേഷനോ എടുക്കുന്ന പണത്തിന് ഗവൺമെന്റ് ഗ്യാരണ്ടി കൊടുത്താൽ whether the guarantee given by the government to a particular public sector undertaking or an entity whether that will come under the purview of Government, whether it will come under the three percent norm, Whether it will come under the OMB എന്നുള്ളതാണ്. ഇങ്ങനെയൊരു സമീപനം അവർ

എടുത്തതുകാരണം ഒരു ലക്ഷത്തിലധികം കോടി രൂപയാണ് കഴിഞ്ഞ ഏഴ് വർഷമായി സംസ്ഥാന ഗവൺമെന്റിന് borrowing-ൽ എടുക്കാനുള്ളത് ലഭിക്കാതിരുന്നത്. അങ്ങനെയൊരു പ്രശ്നമാണ് അവിടെ ഉന്നയിച്ചത്. ഇത് വളരെ പ്രധാനപ്പെട്ട ഭരണഘടന പ്രശ്നമാണെന്ന് സുപ്രീംകോടതി പറഞ്ഞതുകൊണ്ട് ആ കേസ് ഭരണഘടനാ ബഞ്ചിന് വിട്ടിരിക്കുകയാണ്. പ്രതിപക്ഷനേതാവിനും പ്രതിപക്ഷത്തിനും ഭരണപക്ഷത്തോട് എതിർപ്പും ദേഷ്യവുമുണ്ടാകാം. പക്ഷേ കേരളത്തിനോട് ദേഷ്യമുണ്ടാകാൻ പാടില്ല. കേരളത്തെ വെള്ളത്തിൽ മുക്കരുത്, കേരളത്തെ ഇല്ലാതാക്കരുത്. ഭരണപക്ഷത്തിന് പ്രതിപക്ഷം പിന്തുണ നൽകിയിട്ട് യാതൊരു കാര്യവുമില്ലെന്നാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും പറഞ്ഞത്. വയനാടിനുവേണ്ടി കേന്ദ്രത്തിൽനിന്നും പണം വാങ്ങിയെടുക്കാൻ സാധിച്ചോ എന്ന് ചോദിക്കുകയുണ്ടായി. കഴിഞ്ഞ ദിവസം ഇവിടെ അടിയന്തരപ്രമേയം ചർച്ച ചെയ്തതാണ്. വയനാടിന് പണം ലഭിക്കണ്ടെന്നാണോ പ്രതിപക്ഷം ഉദ്ദേശിക്കുന്നത്? വയനാട് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് പണം ലഭിക്കാൻവേണ്ടി ഡൽഹിയിൽ പോകാൻ പ്രതിപക്ഷം തയ്യാറാണെങ്കിൽ

നമുക്ക് പോകാം. വയനാട്ടിലെ ബാക്കികാര്യങ്ങൾ എങ്ങനെയാണെന്നുള്ളത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ഉച്ചയ്ക്കും കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്തുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെ പ്രതിപക്ഷം ഭരണപക്ഷത്തെ പിന്തുണച്ചാലും കാര്യമില്ലെന്ന സമീപനമാണ് കണ്ടത്. അതുകൊണ്ടാണ് കേരളത്തിനോട് ദേഷ്യമുണ്ടാകാൻ പാടില്ലെന്ന് ഞാൻ പറഞ്ഞത്. യു.ഡി.എഫ്. കേരളത്തെ പരാജയപ്പെടുത്താൻ നിൽക്കരുത്. നിങ്ങൾ ഭരണകക്ഷിയെ പരാജയപ്പെടുത്താൻ നിന്നോളൂ, അത് നിങ്ങളുടെ രാഷ്ട്രീയമാണ്. ഈ സഭയിൽ പറയുന്ന കാര്യങ്ങൾ കേൾക്കാൻ തയ്യാറാകാത്തതുകൊണ്ടാണ് പ്രതിപക്ഷം ഇറങ്ങിപ്പോയത്. ഇവിടെ പറയുന്നത് കേൾക്കാൻ അവർക്ക് ബുദ്ധിമുട്ടാണ്. അവർക്ക് തിരിച്ച് പറയാനൊന്നുമില്ല. കേരളത്തിന്റെ Off-budget borrowing സംബന്ധിച്ച കേസ് കേരളത്തിന്റെ പൊതുതാൽപര്യമാണ്. എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും ഫിസ്കൽ ഫെഡറലിസത്തെ ബാധിക്കുന്ന കാര്യമാണ്. ടാക്സിന്റെ വർധന മാത്രമല്ല, ധാരാളം കാര്യങ്ങൾ പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിനൊക്കെ മറുപടി പറയാൻ ഞാൻ

സമയമെടുക്കുന്നില്ല. ഓഡിറ്റിന്റെ കാര്യത്തിൽ, മറ്റ് സംസ്ഥാനങ്ങളിലും ഓഡിറ്റ് നടക്കുന്നുണ്ട്. പക്ഷേ കേരളത്തിലേതാണ് ഏറ്റവും എഫക്ടീവായ ഓഡിറ്റിംഗ് എന്നുള്ളത് കൗൺസിലിന്റെ അഭിപ്രായമാണ്. മറ്റ് സംസ്ഥാനങ്ങളിൽ മെച്ചപ്പെട്ട കാര്യങ്ങൾ നടക്കുന്നുണ്ടെങ്കിൽ കേരളം അതുകണ്ട് പഠിക്കും. അല്ലാതെ കേരളമാണ് ഏറ്റവും നല്ലതെന്നുപറഞ്ഞ് ഇരിക്കണോ? ഇന്ത്യയിലാദ്യമായി കേരളം വളരെ നന്നായി ഓഡിറ്റ് സമ്പ്രദായം ആരംഭിച്ചു. കേരളം ഇനിയും പല കാര്യങ്ങളും ഉന്നയിക്കുന്നുണ്ട്. ഉദാഹരണത്തിന്, ആമസോൺ, ഫ്ലിപ്കാർട്ട് പോലുള്ള കമ്പനികളുടെ ഇ-വേ ബിൽ കൃത്യമായി കിട്ടുന്നില്ല. ഏറ്റവും കൂടുതൽ കച്ചവടം നടത്തുന്ന സ്ഥാപനങ്ങളാണിവ. ഓൺലൈൻ ട്രേഡിംഗ് ആണ്. സർക്കാരിന് ബിൽ കിട്ടുന്നില്ല. സർക്കാരിന് ഇ-വേ ബിൽ കിട്ടാനുണ്ടെന്നുപറഞ്ഞ് ആമസോൺ പോലുള്ള കമ്പനികളെ വിളിച്ചു. ഇതൊക്കെ ഇന്ത്യാ ഗവൺമെന്റിന്റെ ബഡ്ജറ്റിന്റെ സൈസുള്ള കമ്പനിയാണ്. കേരളത്തിൽ അവരെ വിളിച്ചുകഴിഞ്ഞാൽ ആദ്യമൊക്കെ അവർക്ക് കേൾക്കുന്നതിന് ബുദ്ധിമുട്ടായിരുന്നു. ഇ-വേ ബില്ലിന്റെ കാര്യം ജി.എസ്.ടി. കൗൺസിലിലും ഉന്നയിച്ചു. ഞങ്ങൾ ചില ബില്ലുകൾ

പരിശോധിച്ചു. ഞാൻ തന്നെ വാങ്ങിയ സാധനങ്ങളുടെ ബിൽ കൊടുത്തിട്ട് ജി.എസ്.ടി.-യിൽ വന്നിട്ടുണ്ടോയെന്ന് പരിശോധിക്കാൻ പറഞ്ഞു. അപ്പോൾ ജി.എസ്.ടി.-യിൽ അടയ്ക്കേണ്ട പണം പലതും ലഭിക്കുന്നില്ല. ഈ വിഷയത്തിൽ അഞ്ഞൂറോളം ബില്ലുകളെടുത്ത് അവർ റിസർച്ച് നടത്തുകയും അതിന്റെയടിസ്ഥാനത്തിൽ കേന്ദ്രത്തിൽ ചർച്ച നടത്തുകയും ചെയ്തു. ഇപ്പോൾ ഓൺലൈൻ ട്രേഡിംഗിന് ഇ-വേ ബിൽ വേണമെന്ന നിലയിലേക്ക് കാര്യങ്ങൾ വന്നിരിക്കുകയാണ്. ഇതൊരു സിസ്റ്റമെന്ന നിലയിൽ ജി.എസ്.ടി. സമ്പ്രദായം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. സ്വർണ്ണത്തിന്റെയും മറ്റ് കാര്യങ്ങളിലുമൊക്കെ എന്തൊക്കെയോ രഹസ്യങ്ങൾ പ്രതിപക്ഷനേതാവിന് അറിയാമെന്ന് പറഞ്ഞു. ആ രഹസ്യം എന്താണെന്നും ഏതോ അഴിമതി നടന്നിട്ടുണ്ടെന്ന് പറഞ്ഞത് എന്താണെന്നും ഉടനടി അറിയിക്കണം. അതിന്റെ പേരിൽ നടപടിയെടുക്കുന്നതിന് യാതൊരു മടിയുമില്ല. പ്രതിപക്ഷനേതാവ് അക്കാര്യം അറിയിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അദ്ദേഹം ഇപ്പോൾ സഭയിൽ ഇല്ലെങ്കിലും ഈ ഡാറ്റാസ് അദ്ദേഹം പരിശോധിക്കും. ഇങ്ങനെ പല മേഖലകളിലും നടത്തുന്ന പ്രവർത്തനങ്ങൾ ഏറ്റവും നന്നായി നടക്കുന്ന, ഏറ്റവും

നന്നായി എന്നുപറഞ്ഞാൽ നൂറ് ശതമാനം മെച്ചപ്പെട്ട എന്നല്ല, കൂടുതൽ മെച്ചപ്പെടാനുള്ളതിന്റെ ഭാഗമായി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ഏറെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. പ്രതിപക്ഷം ഇപ്പോൾ ഇവിടെയില്ലെങ്കിലും അവരോടുൾപ്പെടെ എനിക്ക് അഭ്യർഥിക്കാനുള്ളത്, കേരളം സാധാരണക്കാർക്ക് ജീവിക്കാൻ കഴിയുന്ന ഏറ്റവും നല്ല സ്ഥലമാണെന്ന് ലോകത്താകെയുള്ള ആളുകൾ അംഗീകരിക്കുന്നുണ്ട്. കുട്ടികൾക്ക് പഠിക്കാനും ജോലി ചെയ്യാനും കഴിയുന്ന ഏറ്റവും നല്ല നഗരം, ചികിത്സിക്കാൻ നല്ല ഡോക്ടർമാരും നഴ്സുമാരുമുള്ള, നല്ല ആശുപത്രികളുള്ള, പൊതുജനാരോഗ്യമേഖല ഏറ്റവും മെച്ചപ്പെട്ട ഒരു സ്ഥലം. ഈ ഗവൺമെന്റ് വന്നതിനുശേഷം കാരുണ്യ പദ്ധതിവഴി 5,000 കോടി രൂപയാണ് ഏകദേശം ചെലവാക്കിയിട്ടുള്ളതെന്ന് കഴിഞ്ഞ ദിവസം ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞു. വലിയ ആശുപത്രികളായതുകൊണ്ട് കൂടുതൽ സ്റ്റാഫിനെ വേണമെന്നാണ് പറയുന്നത്. ആശുപത്രികളുടെയും സ്കൂളുകളുടെയും സ്വഭാവം മാറി, പാലങ്ങളും റോഡുകളും മാറി. ഇനിയും ധാരാളം കാര്യങ്ങൾ വരാനുണ്ട്. അത് മാറ്റിയെടുക്കാനുള്ള പ്രവർത്തനമാണ് നടക്കുന്നത്. ലോകത്താകെയുള്ള

മലയാളികളിൽ പലരും തിരിച്ച് കേരളത്തിൽ വന്ന് ജോലി ചെയ്യുന്നുണ്ട്. കഴിഞ്ഞ ദിവസം വ്യവസായവുമായി ബന്ധപ്പെട്ട അവരുടെ അനുഭവം പറയുകയുണ്ടായി. കേരളത്തിനുപുറത്ത് ജോലി ചെയ്യുന്ന പല ആളുകളും തിരിച്ച് നാട്ടിലേയ്ക്ക് വരികയാണ്. വർക്ക് നിയർ ഹോം സംവിധാനത്തിലൂടെ കേരളത്തിന്റെ വിവിധ മേഖലകളിൽ ചെറുപ്പക്കാർ വന്ന് സ്ഥാപനം തുടങ്ങുന്നുണ്ട്. അമേരിക്കയിലും യൂറോപ്പിലും സ്ഥാപനങ്ങൾ നടത്തിയിരുന്നവർ നാട്ടിൽവന്ന് സ്ഥാപനങ്ങൾ തുടങ്ങുകയാണ്. ഇങ്ങനെ വലിയൊരു മാറ്റം കേരളത്തിലെ വികസന രംഗത്തുണ്ടാകുന്നുണ്ട്. കേരളത്തെക്കുറിച്ചുള്ള താൽപര്യം വരുന്നുണ്ട്. അന്തരീക്ഷ മലിനീകരണം ഏറ്റവും കുറവുള്ള നാടാണ് കേരളം. വഴിയിൽനിന്ന് ഏത് ഭക്ഷണവും കഴിച്ച് ഇറങ്ങി നടക്കാൻ കഴിയുന്ന സ്ഥലമാണ് കേരളം. ഈ സമയത്താണ് ഹരിയാനയിൽ ബീഫ് കഴിച്ചുവെന്ന് പറഞ്ഞ് ആളുകളെ കൊല്ലുന്നത്. കേരളത്തിൽ അങ്ങനെ ചിന്തിക്കാൻ കഴിയുമോ? ഇഷ്ടമുള്ള ഏത് ഭക്ഷണവും കഴിക്കാവുന്ന നാടാണ് കേരളം. അങ്ങനെയെല്ലാമുള്ള ഈ നാട്ടിൽ കൂടുതൽ തൊഴിലവസരങ്ങൾ വരാൻവേണ്ടിയുള്ള അവസരമുണ്ടാക്കണം. കേരളം നശിക്കുന്നുവെന്ന നിലയിൽ

നിരന്തരം പറയുന്നത് ശരിയല്ല. ജൽജീവൻ മിഷൻ അടക്കമുള്ള കാര്യങ്ങളാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സൂചിപ്പിച്ചത്. ട്രഷറിയിലൊന്നും വളരെയേറെ ബില്ലുകൾ കുടിശ്ശികയില്ല. ഇടയ്ക്കിടയ്ക്ക് നിയന്ത്രണങ്ങൾ വരാറുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. ഇപ്പോൾ നിയന്ത്രണമുണ്ട്. ഓണം വരെ നിയന്ത്രണമില്ലായിരുന്നു. ഓണം കഴിഞ്ഞപ്പോൾ 20,000 കോടി രൂപയിലധികമാണ് പേമെന്റ് വന്നത്. അഞ്ച് ലക്ഷം രൂപയ്ക്ക് നിയന്ത്രണവുമുണ്ട്. അത് രഹസ്യമായ കാര്യമല്ല. അതുപോലെ കോൺട്രാക്ടർമാർക്ക് ബിൽ ഡിസ്കൗണ്ടിങ് സിസ്റ്റം (BDS) നടപ്പിലാക്കിയ ഗവൺമെന്റാണിത്. ബിൽ ഡിസ്കൗണ്ടിങ് സിസ്റ്റം എന്നുപറഞ്ഞാൽ പകുതി പണം, പകുതി പലിശ എന്നാണ്. ബിൽ ഡിസ്കൗണ്ടിന്റെ തുക ഗവൺമെന്റാണ് കൊടുക്കുന്നത്. ബിൽ ഡിസ്കൗണ്ടിങ് സിസ്റ്റം ഓപ്റ്റ് ചെയ്യാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാന്റ് 4.50 ശതമാനമായിരുന്നത് കേന്ദ്ര ഗവൺമെന്റ് 2.50 ശതമാനമാക്കി. സംസ്ഥാന ഗവൺമെന്റിന് ലഭിച്ചുകൊണ്ടിരുന്ന ഗ്രാന്റ് 3.8 ശതമാനമായിരുന്നത് 1.9 ശതമാനമാക്കി. അതിലൊന്നും വിഷമമില്ല. ആ ശതമാനംകൂടി കിട്ടിയാൽ 24,000 കോടി രൂപ ഈ വർഷം അധികം കിട്ടും. കിഫ്ബിയുടെ പണം

വെട്ടിക്കുറച്ചില്ലെങ്കിൽ നാഷണൽ ഹൈവേയ്ക്ക് അടക്കം കൊടുത്ത പണം കേരളത്തിന്റെ ലോണായി കരുതിയില്ലെങ്കിൽ, കേരളത്തിന് അതെടുക്കാൻപോലും അനുവാദം തന്നില്ല, അതെടുക്കുകയാണെങ്കിൽ കേരളത്തിന് ഈ ബുദ്ധിമുട്ട് വരില്ല. ഇവിടെ ദീർഘകാലമായി എം.എൽ.എ.-മാരായിരിക്കുന്ന ആളുകളാണല്ലോ ഈ സഭയിലുള്ളത്. അവരുടെ ജീവിതാനുഭവത്തിൽ കഴിഞ്ഞ ഏഴെട്ട് കൊല്ലക്കാലം നടന്ന നിർമ്മാണ പ്രവർത്തനങ്ങൾ മുമ്പ് നടന്നിട്ടുണ്ടോ? ഒരു മണ്ഡലത്തിലെ ചെറിയൊരു കനാലിനുകുറുകെ 48 കോടി രൂപയുടെ പാലം നിർമ്മിക്കാൻ കഴിയുമോ? 48 കോടി രൂപയെന്ന് ചങ്ങനാശ്ശേരി എം.എൽ.എ. ഇവിടെ പറഞ്ഞല്ലോ? ഞങ്ങളത് നോക്കിയിട്ട് സി.ടി.ഇ. ഉൾപ്പെടെയുള്ളവരോട് പരിശോധിക്കാൻ പറഞ്ഞു. 48 കോടി രൂപയുടെ ആവശ്യമില്ല. കാരണം, ചെറിയൊരു കനാലാണ്. അതിന് ഇരുപത്തിനാലോ ഇരുപത്തിയഞ്ചോ കോടി രൂപയാക്കി. അദ്ദേഹത്തിന്റെ കുഴപ്പമല്ല. നമ്മുടെ കൺസ്ട്രക്ഷന്റെ മോഡലിൽ അത്രയും വലിയ പാലം വേണ്ട. ഇത്തരത്തിൽ ഓരോ മണ്ഡലത്തിലും ഇതുപോലുള്ള ധാരാളം പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇത്രയും കാര്യങ്ങൾ നടക്കുന്ന

ഒരു സംസ്ഥാനത്തെക്കുറിച്ച് അത് കൊള്ളുകയില്ലെന്ന് പറയുന്നത് കേരളത്തിനോടുള്ള താൽപര്യമല്ല. ഫെഡറലിസത്തെ തകർക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയത്തിനെതിരെ ഒരുമിച്ചുനിന്ന് പ്രവർത്തിക്കേണ്ട ഘട്ടമാണിത്. അതുകൊണ്ടാണ് ഇക്കാര്യങ്ങൾ ചർച്ച ചെയ്യാനായി ഈ വേദി ഉപയോഗിച്ചത്. ഇത്രയും കാര്യങ്ങളാണ് എനിക്ക് പൊതുവിൽ പറയാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇന്ന് വളരെ ദൗർഭാഗ്യകരമായ സംഭവമാണ് കേരളത്തിലുണ്ടായത്. പ്രതിപക്ഷം ആ വിഷയം സഭയിൽ ഉന്നയിച്ചപ്പോൾ കൃത്യമായ ധാരണയോടുകൂടി അക്കാര്യം ഞങ്ങൾ പുറത്ത് പറയുകയും ചെയ്തിട്ടുണ്ട്. വളരെ ദൗർഭാഗ്യകരമാണ്. വളരെ വിശ്വസ്തനായ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥനാണ് നമ്മളിൽനിന്ന് വിട്ടുപിരിഞ്ഞത്. ഇക്കാര്യത്തിൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് കണ്ണൂർ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തരമായി സമഗ്രമായ അന്വേഷണം നടത്തുമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഒരാളെയും ന്യായീകരിക്കാൻ സർക്കാർ ലക്ഷ്യമിടുന്നില്ല. ആ പ്രശ്നത്തെക്കുറിച്ച് വളരെ ഗൗരവമായിട്ടാണ് ഗവൺമെന്റ്

ആലോചിച്ചിട്ടുള്ളത്. ഇക്കാര്യം പറയുന്നത് കേൾക്കാതെയാണ് പ്രതിപക്ഷം സഭ വിട്ടിറങ്ങിയത്. സർക്കാർ കൃത്യതയോടെ അക്കാര്യം അന്വേഷിച്ച് മുന്നോട്ടുപോകും.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ, അങ്ങ് അവതരിപ്പിച്ച ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

ഉപക്ഷേപം സഭ നിരാകരിച്ചിരിക്കുന്നു.